
ഫെബ്രുവരി 2009

# പഞ്ചായത്ത് രാജ്

പുസ്തകം 48 ലക്കം 11



## തൊഴിലുറപ്പ് പദ്ധതി

- കേരള മാതൃകകൾ
- ഇതര സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ

## ഊർജ്ജ സുരക്ഷ ഉറപ്പാക്കാൻ

ഭാവിതലമുറകൾക്കാവശ്യമായ ഊർജ്ജം ഉറപ്പാക്കുന്നതിനും വൈദ്യുത ഉപയോഗം കുറച്ചു കൊണ്ടുവരുന്നതിനും പത്ത് ലക്ഷം ഭവനങ്ങൾക്ക് സൗജന്യമായി സി.എഫ്.ലാമ്പുകൾ

വികസനത്തിന്റെ

# ഊടും പാവും



## ഗ്രാമസഭയിൽ പങ്കെടുക്കുക!
## അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട്
പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ
പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

അധികാരം ജനങ്ങളിലേക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്



**പഞ്ചായത്ത് രാജ്**

വെബ്സൈറ്റ്

**ഫെബ്രുവരി 2009**
**പുസ്തകം 48**
**ലക്കം 11**
**വാർഷിക വരിസംഖ്യ 90 രൂപ**



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
**ഡയറക്ടർ**
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**എം. വി. ഗിരീഷ് കുമാർ**
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
**ഡോ. വി.എം. ഗോപാലമേനോൻ,** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**ഡോ. വി.എം. ഗോപാലമേനോൻ,** IAS
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-m ail:pub.off@ gm ail.com
Ph: 0471-2321054

കവർ ഡിസൈൻ

ലേ ഔട്ട്
**ഐസൻ ജോസ്**



**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**


# പേജുകളിൽ



ഫെബ്രുവരി 19
പഞ്ചായത്ത് ദിനം
(ബൽവന്ത്റായ് മേത്തയുടെ ജന്മദിനം)


**4 എഡിറ്ററുടെ പേജ്**

**5 തദ്ദേശഭരണസ്ഥാപനങ്ങൾ ഒരു അച്ചിൽ തീർത്ത വകുപ്പുതല സ്ഥാപനങ്ങളല്ല**
- പാലോളി മുഹമ്മദ്കുട്ടി

**8 പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഉയർത്താൻ**
- പ്രൊഫ. എൻ. രമാകാന്തൻ

**12 സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷനും വൺ മില്യൻ സി.എഫ്.എൽ ക്യാമ്പയിനും**
- ആർ. അജിത്കുമാർ

**15 ദേശീയ തൊഴിലുറപ്പു പദ്ധതി – ഇതരസംസ്ഥാനങ്ങളിലെ അനുഭവങ്ങൾ**
- ഡോ. പി. പി. ബാലൻ

**18 തൊഴിലുറപ്പു പദ്ധതിയിലെ കേരള മാതൃകകൾ**
- അജിത് വെണ്ണിയൂർ

**22 ഇ.എം.എസ് ഭവന പരിപാടി – തല ചായ്ക്കാൻ ഒരിടം**
- കെ. രാജശേഖരൻ

**25 വിദ്യാർത്ഥികളും പാടത്തേയ്ക്ക്**
- കെ. എം. ശങ്കരൻ

**26 ഇടമലക്കുടി – ഒരു യാത്രാനുഭവം**
- സി. ശശി

**29 ഏഴിമല നാവിക അക്കാദമി – രാമന്തളിയുടെ വികസനപാതയിലെ തിലകക്കുറി**
- കണ്ണൻ രാമന്തളി

**30 പഞ്ചായത്ത് അക്കൗണ്ട് ചോദ്യങ്ങളും ഉത്തരങ്ങളും**
- ഉദയഭാനു കണ്ടേത്ത്

**32 സാംസ്ക്കാരിക സംരംഭങ്ങളിലേയ്ക്ക് കുടുംബശ്രീ ചുവടുവയ്ക്കുമ്പോൾ**
- ജെസി നാരായണൻ

**34 തേഞ്ഞുമാഞ്ഞുപോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ**
- മുരളീധരൻ തഴക്കര

**37 വാർദ്ധക്യകാല അസ്ഥി രോഗങ്ങളും പരിചരണവും**
- ഡോ. തോമസ് വർഗ്ഗീസ്

**39 തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ**
- റോയി ചാക്കോ ഇളമണ്ണൂർ

# പഞ്ചായത്ത് ദിനാഘോഷത്തിന്റെ പ്രസക്തി

ഗ്രാമതലത്തിലെ ഭരണപ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കിയില്ലെങ്കിൽ സാമൂഹ്യവികസന പരിപാടികൾ അപ്പാടെ തകിടം മറിയുമെന്ന് മുന്നറിയിപ്പ് നൽകുകയും അതിന് പരിഹാരമായി ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ അധികാരവികേന്ദ്രീകരണം നടപ്പാക്കണമെന്ന് ആദ്യമായി രാഷ്ട്രത്തിന് ശുപാർശ സമർപ്പിച്ച യശഃശരീരനായ ബൽവന്ത് റായ് മേത്തയുടെ ജന്മദിനം (ഫെബ്രുവരി 19) പഞ്ചായത്ത് ദിനമായി രാജ്യമൊട്ടാകെ ആഘോഷിച്ചു വരികയാണ്.

1952 ൽ കേന്ദ്ര സർക്കാർ ഗ്രാമപ്രദേശങ്ങളിൽ നടപ്പാക്കിയ സാമൂഹ്യവികസന പരിപാടികളൊന്നും ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിരുന്നില്ല. ഇതിനെ തുടർന്ന് സാമൂഹ്യവികസന പദ്ധതികളുടെയും ദേശീയ വ്യാപന സർവ്വീസുകളുടെയും പ്രവർത്തനം സംബന്ധിച്ചും ജില്ലാഭരണത്തിന്റെ പുനഃസംഘടനയെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് നൽകുവാൻ ബൽവന്ത് റായ് മേത്ത അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു. 1958 ഡിസംബറിൽ മേത്ത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ജനപങ്കാളിത്തത്തോടെ ഗ്രാമങ്ങളുടെ പുനരുദ്ധാരണം സാധിതമാക്കുന്നതിന് മികവുറ്റ നിർദ്ദേശങ്ങൾ കമ്മിറ്റി മുന്നോട്ടുവെച്ചു. മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന സങ്കല്പം സാക്ഷാത്കരിക്കുന്നതിന് ത്രിതലപഞ്ചായത്ത് രാജ് സംവിധാനത്തിന് രൂപം നൽകണമെന്നും അതിന് നിയമ പരിരക്ഷ നൽകണമെന്നുള്ള ബൽവന്ത്റായ് മേത്തയുടെ ശുപാർശയാണ് 1993 ൽ 73-ാം ഭരണഘടനാ ഭേദഗതിയെ തുടർന്ന് നടപ്പിലായ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ആധാരശിലയായി മാറിയത്.


എന്നാൽ മേത്ത കമ്മിറ്റി വിഭാവനം ചെയ്ത ജനായത്ത വികേന്ദ്രീകരണമെന്ന ആശയം സാക്ഷാത്ക്കരിച്ചത് കേരളത്തിൽ മാത്രമാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് അധികാരത്തിനൊപ്പം സമ്പത്തും വികേന്ദ്രീകരിച്ചു കൊണ്ട് നാട്ടിലെ ബഹുജനങ്ങളെയാകെ ജാതിമത കക്ഷിഭേദമന്യേ വികസന പ്രക്രിയയിൽ പങ്കാളികളാക്കി, ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനമാണ് ജനാധിപത്യ അധികാര വികേന്ദ്രീകരണ രംഗത്ത് രാജ്യത്ത് നടന്ന പ്രഥമ ചുവടുവെയ്പ്. അതുകൊണ്ടുതന്നെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ പഞ്ചായത്ത്ദിനം അതിന്റെ അർത്ഥവും വ്യാപ്തിയും ഉൾകൊണ്ടുകൊണ്ട് സമുചിതമായാണ് ആഘോഷിച്ചുവരുന്നത്.



ഇക്കൊല്ലത്തെ പഞ്ചായത്ത് ദിനത്തിൽ, സംസ്ഥാനത്തൊട്ടാകെയുള്ള പഞ്ചായത്ത് രാജ് ഭരണസാരഥികളുടെ ഒത്തുചേരലിന്റെയും ആശയവിനിമയത്തിന്റെയും വേദിയൊരുങ്ങുമ്പോൾ രണ്ട് വിഷയങ്ങളാണ് പ്രധാനമായും ചർച്ചചെയ്യപ്പെടുന്നത്. അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തികവർഷം നൂറ് ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പാണ് ഒന്ന്. കേന്ദ്ര സർക്കാർ, പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ സൂക്ഷ്മതല നിർദ്ദേശങ്ങൾ നല്കരുതെന്നും, പൊതുവായ നിർദ്ദേശം നൽകി കഴിഞ്ഞാൽ അതിന്റെ നിർവഹണ വിശദാംശങ്ങൾ പരിശോധിക്കപ്പെടേണ്ട അവസ്ഥ വരാത്ത വിധം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നിർണ്ണായക പരിഗണന നൽകണമെന്നും അരനൂറ്റാണ്ടിന് മുൻപ് മേത്താകമ്മിറ്റി നൽകിയ ശുപാർശ തൊഴിലുറപ്പ് പദ്ധതിയുടെ ചർച്ചയിൽ പ്രസക്തമാവും. മൂന്നുവർഷക്കാലയളവിനുള്ളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കാനുദ്ദേശിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ഇ.എം.എസ് ഭവന പദ്ധതിയുടെ പശ്ചാത്തലത്തിൽ ചർച്ചചെയ്യുന്ന 'എല്ലാവർക്കും പാർപ്പിടം- കേരള പശ്ചാത്തലത്തിൽ' എന്ന വിഷയമാണ് മറ്റൊന്ന്. ഗ്രാമീണ ജനതയെ പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങളെ ഏറെ സ്നേഹിച്ചിരുന്ന അവരുടെ മനസ്സ് തൊട്ടറിഞ്ഞ ആ മഹാത്മാവിന്റെ ജന്മദിനാഘോഷം സമ്പുഷ്ടവും അർത്ഥപൂർണ്ണവുമാകുന്നതിന് ഉതകുന്നവയാണ് ഇവ രണ്ടും. തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ കേരളം മാതൃകാ സംസ്ഥാനമായി മാറേണ്ടതുണ്ട്. മൂന്നുവർഷങ്ങൾക്കകം സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമെന്ന ബഹുമതിയും നമുക്ക് സ്വായത്തമാക്കണം. ഇതിനുവേണ്ടി ആത്മാർത്ഥതയോടും അർപ്പണബോധത്തോടും കൂടി വരും നാളുകളിൽ പ്രവർത്തിക്കാമെന്ന് ഈ പഞ്ചായത്ത് ദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.

**എഡിറ്റർ**





**പാലോളി മുഹമ്മദ്കുട്ടി**

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു അച്ചിൽ തീർത്ത വകുപ്പുതല സ്ഥാപനങ്ങളല്ല

ഓഡിറ്റ് ഒരു തിരുത്തൽ പ്രക്രിയയാകണം. കുറ്റവിചാരം മാത്രമാകരുത്. ജനകീയ സംവിധാനത്തിന്റെയും ഉദ്യോഗസ്ഥരുടെയും ആവേശം കെടുത്താനിടയാകരുത്. ഓഡിറ്ററോട് ചോദിച്ച് അനുവാദം വാങ്ങി മാത്രം തീരുമാനങ്ങളെടുക്കുന്ന സെക്രട്ടറിമാർ ഇന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാപമായിട്ടുണ്ട്.

1997-ലാണ് ജനകീയാസൂത്രണം ആരംഭിച്ചത്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്നതായിരുന്നു മുദ്രാവാക്യം. ലോകമാകെ ശ്രദ്ധയാകർഷിച്ച പ്രവർത്തനങ്ങളാണ് തുടർന്നു നടന്നത്. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കിയ ഏക ഇന്ത്യൻ സംസ്ഥാനം എന്ന ഖ്യാതി കേരളത്തിനു നേടികൊടുക്കാൻ ഇതിനു കഴിഞ്ഞു. 73, 74 ഭരണഘടനാ ഭേദഗതികളെ ആധാരമാക്കി പഞ്ചായത്ത് രാജ് നിയമവും മുനിസിപ്പാലിറ്റീസ് നിയമവും 1994-ൽ നിയമസഭ പാസ്സാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിരവധി ചുമതലകൾ കൈമാറിക്കൊണ്ടുള്ള ഉത്തരവും പുറത്തിറക്കി. അധിക ചുമതലകളോടെയുള്ള ഭരണസമിതികൾ 1995 ഒക്ടോബർ 2ന് അധികാരമേൽക്കുകയും ചെയ്തു. എന്നാൽ ഈ ചുമതല നിറവേറ്റാനാവശ്യമായ ഫണ്ട് ലഭ്യമാക്കിയത് ജനകീയാസൂത്രണ ത്തോടെമാത്രമാണ്. ഒരു പുതിയ തുടക്കമായിരുന്നു അത്. തുടർന്നങ്ങോട്ട് മുൻകാലത്തു നടന്നിട്ടില്ലാത്തതരം വികസന പ്രവർത്തനങ്ങളായിരുന്നു. ദീർഘകാലമായി മനസ്സിൽ കൊണ്ടു നടന്നിരുന്ന വികസന സങ്കൽപ്പങ്ങൾ പ്രാവർത്തികമാക്കാൻ പഞ്ചായത്തു ഭരണസമിതികൾക്കും ജനങ്ങൾക്കും കിട്ടിയ അവസരമായിരുന്നു. ആവേശത്തോടെയാണ് അവർ ഇടപെട്ടത്. ജനങ്ങൾ തന്നെ ഗുണഭോക്തൃ സമിതി രൂപീകരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത നിരവധി അവസരങ്ങളുണ്ടായിരുന്നു.

ഉദ്യോഗസ്ഥരുടെ സഹകരണക്കുറവു മൂലം നിരവധി ഗുണഭോക്തൃ സമിതികൾക്ക് പ്രവൃത്തി തീർക്കാൻ കഴിയാതെ വന്നിരുന്നു. ഇക്കൂട്ടർ എന്തൊക്കെയോ ഗുരുതരമായ തെറ്റു ചെയ്തവരായി ചിത്രീകരിക്കപ്പെട്ടു. പരിചയമില്ലായ്മയും മുന്നനുഭവങ്ങളുടെ കുറവും സമയപരിധിക്കുള്ളിൽ കാര്യങ്ങൾ ചെയ്തു തീർ ക്കാനുള്ള തിടുക്കവും പിൽക്കാലത്ത് ഗുരുതരമായ നടപടിക്രമപാളിച്ചകളായാണ് വിധിയെഴുതപ്പെട്ടത്. ഇതേറ്റുപാടുന്നതിനാണ് മാധ്യമങ്ങൾ തിടുക്കം കാണിച്ചത്. മാതൃകാപരമായി നടന്ന കാര്യങ്ങൾ തമസ്കരിക്കപ്പെട്ടു. പാളിച്ചകൾ കൊട്ടിഘോഷിക്കപ്പെട്ടു. ഈ ഒച്ചപ്പാടുകളിൽ ചെറുതല്ലാത്തൊരു പങ്ക് ഓഡിറ്റ് വിഭാഗത്തിനുമുണ്ടായി. ഓഡിറ്റ് അന്വേഷണ കുറിപ്പുകൾ പത്രവാർത്തകളായി വന്ന അവസരങ്ങൾ നിരവധിയാണ്. ഗുണഭോക്തൃ സമിതി ഭാരവാഹിത്വം തൊട്ടാൽ കൈ പൊള്ളുന്നതാണെന്ന് വരുത്തി തീർക്കാനും ജനകീയ സംവിധാ നങ്ങളെ നിർവീര്യമാക്കാനുമാണ് ഇത് സഹായിച്ചത്.

പൊതുപണം ഒരു പൈസപോലും ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതോടൊപ്പം കാര്യങ്ങൾ നടക്കുന്നു എന്നുറപ്പാക്കുകയും വേണം. പുതിയ രീതികളും സംവിധാനങ്ങളുമുണ്ടാകുമ്പോൾ അവയോട് അനുഭാവപൂർണ്ണമായ നിലപാടാണ് വേണ്ടത്. പഴയ രീതികൾക്കനുസരിച്ച് മാത്രമേ കാര്യങ്ങൾ നടക്കാവൂ എന്നു ശഠിക്കുന്നവർ ഫലത്തിൽ വികസനത്തിന്റെ ശത്രുക്കളാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്നും വികേന്ദ്രീകരണത്തിന്റെ പരീക്ഷണശാലകൾ തന്നെയാണ്. കാലത്തിനും ആവശ്യത്തിനുമനുസരിച്ച് രീതികളിലും ചട്ടങ്ങളിലും മാറ്റം വന്നുകൊണ്ടിരിക്കുന്നു. ഇതിനനുസരിച്ചുള്ള പരിശോധനകളാണ് ഓഡിറ്റ് സംവിധാനത്തിൽ ഉണ്ടാകേണ്ടത്. ഓഡിറ്റ് ഒരു തിരുത്തൽ പ്രക്രിയയാകണം. കുറ്റവിചാരം മാത്രമാകരുത്. ജനകീയ സംവിധാനത്തിന്റെയും ഉദ്യോഗസ്ഥരുടെയും ആവേശം കെടുത്താനിടയാകരുത്. ഓഡിറ്ററോട് ചോദിച്ച് അനുവാദം വാങ്ങി മാത്രം തീരുമാനങ്ങളെടുക്കുന്ന സെക്രട്ടറിമാർ ഇന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാപമായിട്ടുണ്ട്.

എന്നാൽ വികേന്ദ്രീകരണ പരീക്ഷണത്തെ ശക്തമാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനും കഴിയുക ചിട്ടയായ ഓഡിറ്റിങ്ങിനാണ്. ഇന്നത്തെ പ്രവർത്തന രീതിയുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കാനും തിരുത്തലുകൾ നിർദ്ദേശിക്കാനും കഴിയണം. പുതിയ വരുമാന സ്രോതസ്സുകൾ ചൂണ്ടികാണിക്കാനും ചിട്ടയായ പ്രവർത്തന രീതികൾ നിർദ്ദേശിക്കാനും കഴിയണം. പദ്ധതി പ്രവർത്തന വിലയിരുത്തൽ വരവു ചെലവു കണക്കുകളുടെ പരിശോധനയിൽ മാത്രമൊതുങ്ങരുത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ജനങ്ങൾക്കു വേണ്ടി അവരുടെ അടിസ്ഥാനാവശ്യങ്ങളും വികസന പ്രതീക്ഷകളും നടപ്പിലാക്കേണ്ടവയാണ്. ഇവയുടെ പ്രവർത്തനങ്ങൾക്ക് കാലത്തിനനുസരിച്ചും പ്രദേശത്തിനനുസരിച്ചും വ്യത്യാസമുണ്ട്. അതനുസരിച്ച് പ്രവർത്തന സ്വാതന്ത്ര്യവും വേണം. ഒരച്ചിൽ തീർത്ത വകുപ്പുതല മാതൃകകളിൽ നിന്ന് വ്യത്യസ്തമായി വേണം തദ്ദേശഭരണ സ്ഥാപനങ്ങളെ കാണാൻ. അതിന് ആഡിറ്റർമാർക്ക് കഴിഞ്ഞാൽ കേരളത്തിന്റെ വികേന്ദ്രീകരണ പരീക്ഷണങ്ങളിലേയ്ക്കുള്ള വിലപ്പെട്ട സംഭാവനയായിരിക്കും അത്.

*കേരള ലോക്കൽഫണ്ട് ആഡിറ്റേഴ്സ് അസോസിയേഷന്റെ സമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി നടത്തിയ പ്രസംഗത്തിൽ നിന്ന്*

# നിർമ്മൽ ഗ്രാമ പുരസ്ക്കാരം നേടിയ പഞ്ചായത്തുകളെ ആദരിച്ചു

2008 ൽ കേന്ദ്ര സർക്കാരിൽ നിന്ന് നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിച്ച പഞ്ചായത്തുകളെ 2009 ലെ റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ വച്ച് ആദരിച്ചു. തിരുവനന്തപുരം ജില്ല ഒഴികെ മറ്റു ജില്ലാ ആസ്ഥാനങ്ങളിൽ 2009 ജനുവരി 26 രാവിലെ 8.30 ന് നടന്ന റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ വച്ച് ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ സർക്കാരിന്റെ ഉപഹാരം (മെമന്റോ) അവാർഡ് ലഭിച്ച ജില്ലയിലെ ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് നൽകി. അവാർഡ് ജേതാക്കൾക്ക് പ്രത്യേക ഇരിപ്പിടം നൽകുകയും ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ പ്രശംസിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിലെ ആദരിക്കൽ ചടങ്ങ് പ്രത്യേകം നടത്തുന്നതാണ്.



*മലപ്പുറം ജില്ലയിലെ റിപ്പബ്ലിക് ദിന ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർമ്മൽ ഗ്രാമപുസ്ക്കാരം കരസ്ഥമാക്കിയ പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. രാധാകൃഷ്ണന് ഉപഹാരം നൽകുന്നു.*

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് വെബ്സൈറ്റ്



*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ വെബ്സൈറ്റ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്യുന്നു. ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, സെക്രട്ടറി റ്റി.കെ. ജോസ് തുടങ്ങിയവർ സമീപം.*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ വെബ് സൈറ്റ് (

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഓംബുഡ്സ്മാൻ ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ അദ്ധ്യക്ഷനായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് ആശംസകൾ അർപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി റ്റി.കെ. ജോസ് സ്വാഗതവും ഓംബുഡ്സ്മാൻ സെക്രട്ടറി റ്റി.എം. ജവഹർ ചടങ്ങിൽ കൃതജ്ഞയും പറഞ്ഞു.






*പൂനെയിൽ നടന്ന നിർമ്മൽ ഗ്രാമപുരസ്കാര വിതരണ ചടങ്ങിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നളിനി രവീന്ദ്രന് അവാർഡ് സമ്മാനിക്കുന്നു. കേന്ദ്ര ഗ്രാമ വികസന വകുപ്പു മന്ത്രി രഘുവംശ പ്രസാദ് സിംഗ് സമീപം.*

2008 ലെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമ പഞ്ചായത്തുകൾക്കുള്ള നിർമ്മൽ ഗ്രാമപുരസ്കാരം 2008 ഡിസംബർ 8–ാം തീയതി പൂനെയിലുള്ള ബാലവാഡി സ്പോർട്സ് കോംപ്ളക്സിൽ വച്ച് രാഷ്ട്രപതി പ്രതിഭാ പാട്ടീൽ വിതരണം ചെയ്തു. കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ പ്രസിഡന്റുമാരാണ് ചടങ്ങിൽ പങ്കെടുത്തത്. ഓരോ സംസ്ഥാനത്ത് നിന്നും ഒരു പഞ്ചായത്ത് പ്രസിഡന്റിന് രാഷ്ട്രപതി നേരിട്ട് അവാർഡ് നൽകി. കേരളത്തിൽ നിന്ന് ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നളിനി രവീന്ദ്രൻ അവാർഡ് ഏറ്റുവാങ്ങി. കേന്ദ്ര ഗ്രാമ വികസന വകുപ്പു മന്ത്രി രഘുവംശ പ്രസാദ് സിംഗ് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു.

സമ്പൂർണ്ണ ശുചിത്വ യജ്ഞം മത്സരാധിഷ്ഠിതമാക്കുന്നതിനായി 2005 മുതലാണ് പഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാർ നിർമ്മൽ ഗ്രാമ പുരസ്ക്കാരം നൽകിവരുന്നത്. പണവും പ്രശസ്തി പത്രവും പഞ്ചായത്തുകൾക്ക് ഇതിന്റെ ഭാഗമായി നൽകുന്നു. കേരളത്തിലെ പഞ്ചായത്തുകളുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയും ബ്ളോക്ക് പഞ്ചായത്തുകൾക്ക് 20 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 50 ലക്ഷം രൂപയും അവാർഡു തുകയായി നൽകുന്നു. 100% വീടുകളിലും സാനിട്ടറി ടോയ്ലറ്റ് സൗകര്യം, എല്ലാ സ്കൂളുകളിലും അംഗനവാടികളിലും മതിയായ ടോയ്ലറ്റ് സൗകര്യം, തുറസ്സായ സ്ഥലത്ത് മല മൂത്ര വിസർജന വിമുക്തം, ശുചിയായ പരിസ്ഥിതി പരിപാലനം തുടങ്ങിയവയാണ് അവാർഡിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ.

2006 ഒക്ടോബറിൽ ആരംഭിച്ച മാലിന്യ മുക്ത കേരളം പദ്ധതി വലിയ പുരോഗതി നേടിക്കഴിഞ്ഞു. 2005 ൽ കേരളത്തിലെ ഒരു ഗ്രാമ പഞ്ചായത്തിനും 2006 ൽ 6 ഗ്രാമ പഞ്ചായത്തുകൾക്കും 2007 ൽ 219ഗ്രാമ പഞ്ചായത്തുകൾക്കും 6 ബ്ളോക്ക് പഞ്ചായത്തുകൾക്കും 2008 ൽ 600 ഗ്രാമ പഞ്ചായത്തുകൾക്കും 90 ബ്ളോക്കു പഞ്ചായത്തുകൾക്കും തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലാ പഞ്ചായത്തുകൾക്കും അവാർഡു ലഭിച്ചു. ഇതിനകം 826 ഗ്രാമ പഞ്ചായത്തുകൾക്കും 90 ബ്ലോക്ക് പഞ്ചായത്തുകൾക്കും 4 ജില്ലകൾക്കും നിർമ്മൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്നവർക്കു കൂടി പുരസ്കാരം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരികയാണ്. മാലിന്യം എന്ന മഹാവിപത്തിൽ നിന്ന് കേരളത്തെ രക്ഷിക്കുന്നതിനും നിർമ്മൽ സംസ്ഥാന പദവി ലഭിക്കുന്നതിനുമുള്ള തീവ്രശ്രമമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നത്.



# പദ്ധതി നിർവഹണത്തിന്റെ കാര്യക്ഷമത ഉയർത്താൻ



പ്രൊഫ. എൻ. രമാകാന്തൻ

അധികാരവികേന്ദ്രീകരണത്തിലൂടെ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളെ വികസന ഭരണത്തിന്റെ നേതൃത്വത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികളാണ് കേരള ഗവണ്മെന്റ് നടപ്പാക്കി വരുന്നത്. പ്രാദേശികാസൂത്രണം കൂടുതൽ ലക്ഷ്യാധിഷ്ഠിതവും ഫലക്ഷമവുമാക്കുകയാണ് പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം. പ്രാദേശിക വികസനത്തിന്റെ നേട്ടങ്ങൾ പരമാവധി സാധാരണക്കാരായ ജനങ്ങളിലെത്തിക്കുക, പൊതുവിഭവങ്ങൾ പാവപ്പെട്ടവർക്ക് പ്രയോജനകരമായി വിനിയോഗിക്കുക എന്നിവയാണ് പതിനൊന്നാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇത് സാധ്യമാകുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളുടെ ആത്മാർത്ഥമായ പരിശ്രമം ആവശ്യമാണ്. സാധാരണ ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഉൽപാദനപ്രക്രിയയിൽ അവരെ പങ്കാളികളാക്കുന്നതിനും സ്ഥിരവരുമാനമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക പദ്ധതിയിലൂടെ തദ്ദേശഭരണസ്ഥാപനങ്ങൾ ഊർജ്ജിതമായ ശ്രമം നടത്തേണ്ടതുണ്ട്. പദ്ധതികൾ തയ്യാറാക്കിയതുകൊണ്ടുമാത്രം ഇത്തരം നേട്ടങ്ങൾ കൈവരിക്കാനാവില്ല. തയ്യാറാക്കിയ പദ്ധതി നടപ്പാക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് കഴിഞ്ഞാൽ മാത്രമേ പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാനാവൂ.

### പ്രാദേശിക വികസനത്തിന്റെ ആക്കം കൂട്ടാൻ

പ്രാദേശിക വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസന പ്രക്രിയയിൽ ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കുന്നതിനും അധികാരവികേന്ദ്രീകരണം സഹായകമാകുമെന്ന് ആവർത്തിച്ച് തെളിയിക്കുന്നതിനുള്ള അവസരമാണ് പതിനൊന്നാം പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. ഇതിനാവശ്യമായ നേതൃത്വപരമായ പങ്ക് ഭരണസമിതി അദ്ധ്യക്ഷനും സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാരും കൂട്ടായി ഏറ്റെടുക്കുകയും മുഴുവൻ ഉദ്യോഗസ്ഥ സംവിധാനത്തേയും പ്രസ്തുത ലക്ഷ്യത്തോടെ ഊർജ്ജസ്വലമായി സജ്ജമാക്കുകയും വേണം. കാര്യക്ഷമതയോടും ചിട്ടയോടും കൂടിയ പദ്ധതി നിർവ്വഹണത്തിലൂടെ പ്രാദേശികാസൂത്രണത്തിന്റെ ഫലക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ നേതൃത്വം ഭരണസമിതിയും ഉദ്യോഗസ്ഥ സംവിധാനവും തമ്മിൽ വളർത്തിയെടുക്കുകയും വേണം.



### വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുക

പരമ്പരാഗതമായ പദ്ധതി നിർവ്വഹണരീതിസമ്പ്രദായത്തിൽ നിന്നും ശൈലിയിൽ നിന്നും വ്യത്യസ്തമായി, തികച്ചും സുതാര്യവും ജനകീയവുമായ പദ്ധതി നിർവ്വവഹണത്തിനായിരിക്കണം തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനൊന്നാം പദ്ധതിയിൽ മുൻഗണന നൽകേണ്ടത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തവും ഉടമസ്ഥതയും ഉറപ്പാക്കണം. പദ്ധതി ലക്ഷ്യങ്ങൾക്കനുസൃതമായി നിർവ്വഹണം നടക്കുന്നു എന്നും വിഭവ വിനിയോഗത്തിൽ കാര്യക്ഷമത പുലർത്തുന്നുണ്ട് എന്നും സുതാര്യവും നീതിപൂർവ്വവുമായി ഗുണഭോക്താക്കളേയും ഗുണഭോക്തൃ പ്രദേശത്തേയും തെരഞ്ഞെടുക്കുന്നു എന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് കൈവരിക്കേണ്ട നേട്ടങ്ങൾ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുകയും അവ ജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം.

### വേണ്ടത് കൂട്ടായ പരിശ്രമം

പദ്ധതിയുടെ നേട്ടം പരമാവധി വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരണത്തിലെന്നപോലെ നിർവ്വഹണത്തിലും അവലോകനത്തിലും ജനങ്ങളുടെ പങ്കാളിത്തവും ഉടമസ്ഥതയും ഉറപ്പാക്കുക എന്നതാണ് ജനകീയാസൂത്രണം ഉയർത്തിപ്പിടിക്കുന്ന കാഴ്ചപ്പാട്. ഇത് സാധ്യമാകണമെങ്കിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ ജനകീയ സംഘടനാ സംവിധാനങ്ങളെ ചുമതലകൾ ഏല്പിക്കുകയും അവയുടെ സഹകരണത്തോടെ പദ്ധതി നിർവ്വഹണം സാദ്ധ്യമാക്കുകയും വേണം. ജനങ്ങളോടൊപ്പം പ്രവർത്തിക്കുന്ന സംഘടനാ സംവിധാനങ്ങൾക്ക് വികസന പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് സഹായകമായ അന്തരീക്ഷവും സാഹചര്യങ്ങളും ബോധപൂർവ്വം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഭരണനേതൃത്വത്തിൽ നിന്നും ഉണ്ടാകണം. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ജനകീയ സംഘടനാ സംവിധാനവുമായി കൂട്ടിയിണക്കുന്ന ചുമതല ജനപ്രതിനിധികളുടേതാണ്.

### അധികാരവികേന്ദ്രീകരണത്തിന്റെ നേട്ടം അനുഭവവേദ്യമാക്കാൻ

പ്രാദേശിക വികസന പദ്ധതിയുടെ ഗുണഫലങ്ങൾ ജനങ്ങൾക്ക് സ്വന്തം ജീവിതത്തിൽ അനുഭവവേദ്യമാകുമ്പോൾ മാത്രമേ അധികാരവികേന്ദ്രീകരണത്തിന് ജനങ്ങളുടെ സ്വീകാര്യതയും അംഗീകാരവും നേടാൻ കഴിയുകയുള്ളു. പദ്ധതി നിർവ്വഹണത്തിൽ ഈയൊരു കാഴ്ചപ്പാട് തദ്ദേശഭരണസ്ഥാപനങ്ങൾ സ്വീകരിക്കുക എന്നതാണ് അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് ആവശ്യം. ഭൗതിക ജീവിതത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും ആരോഗ്യകരമായ ചുറ്റുപാടുകൾ രൂപപ്പെടുത്തി ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുമായിരിക്കണം ഓരോ പ്രാദേശിക പദ്ധതിയും ആവിഷ്ക്കരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കൈവരിക്കുന്ന വികസന നേട്ടങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി രേഖപ്പെടുത്തുന്നതിനും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും തദ്ദേശ ഭരണസ്ഥാപനങ്ങൾ ശ്രമിക്കേണ്ടതുണ്ട്. വികസന നേട്ടങ്ങൾ കൈവരിക്കുക എന്നതുപോലെ പ്രധാനമാണ് അവ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക എന്നത്.

### സേവനക്ഷമത ഉയർത്താൻ

സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട സേവനപ്രദാന സ്ഥാപനങ്ങൾ ഇന്ന് ഏറെക്കുറെ പൂർണ്ണമായും തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിലും ചുമതലയിലുമാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനക്ഷമത ജനങ്ങൾ വിലയിരുത്തുന്നതും ഈ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളെ അടിസ്ഥാനമാക്കിയാണ്. അതുകൊണ്ടുതന്നെ തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതികളിൽ വിവിധ സേവനപ്രദാന സ്ഥാപനങ്ങളായ ആശുപത്രികൾ, സ്കൂളുകൾ, അംഗനവാടികൾ, കെയർ ഹോമുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവുമായും അനുബന്ധ സൗകര്യ വികസനവുമായും ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തിയാക്കുന്നതിനും അതിലൂടെ സേവന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സഹായത്തോടെയുള്ള നടപടികൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭരണനേതൃത്വം കൈക്കൊള്ളേണ്ടതാണ്.

### ഭക്ഷ്യസുരക്ഷയ്ക്കു വേണ്ടത്

അടിസ്ഥാന സമ്പത്തുൽപാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യകൃഷി, ചെറുകിട-സൂക്ഷ്മവ്യവസായ സംരംഭങ്ങൾ എന്നിവയുടെ വളർച്ചയ്ക്കും വികസനത്തിനും സഹായകമായി പദ്ധതി നിക്ഷേപം ഉറപ്പാക്കുന്നതിനും ഈ മേഖലകളിലെല്ലാം ഉൽപാദന വർദ്ധനവ് കൈവരിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിലൂടെ തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രമിക്കണം. ഭക്ഷ്യ പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രാദേ



*സാങ്കേതിക ഉപദേശക സമിതി പ്രവർത്തനങ്ങളുടെ അവലോകനത്തിനും 2008–09 വാർഷിക പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും വേണ്ടി 'കില' സംഘടിപ്പിച്ച സാങ്കേതിക ഉപദേശക സമിതി ശില്പശാല കേരള നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.*

> പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തവും ഉടമസ്ഥതയും ഉറപ്പാക്കണം. പദ്ധതി ലക്ഷ്യങ്ങൾക്കനുസൃതമായി നിർവ്വഹണം നടക്കുന്നു എന്നും വിഭവ വിനിയോഗത്തിൽ കാര്യക്ഷമത പുലർത്തുന്നുണ്ട് എന്നും സുതാര്യവും നീതിപൂർവ്വവുമായി ഗുണഭോക്താക്കളേയും ഗുണഭോക്തൃ പ്രദേശത്തേയും തെരഞ്ഞെടുക്കുന്നു എന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

ശിക പദ്ധതിയിലൂടെ ശക്തമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത് ഇക്കാര്യത്തിൽ ലക്ഷ്യബോധത്തോടെയുള്ള ചുവടുവയ്പുകൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ തുടക്കം കുറിച്ചുകഴിഞ്ഞു എന്നതാണ്. ബന്ധപ്പെട്ട വികസന വകുപ്പുകളിലെ സാങ്കേതിക വിദഗ്ദ്ധരായ ഉദ്യോഗസ്ഥരുടെ സഹായം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വേണ്ടുംവിധം ലഭിക്കുകയാണെങ്കിൽ ഭക്ഷ്യോൽ പാദനത്തിൽ അനുകരണീയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. അതുവഴി കൂടുതൽ തൊഴിലവസരങ്ങളും വരുമാന വർദ്ധനവും കൈവരിക്കുന്നതിനും സാധിക്കും. കേരളത്തിന്റെ പ്രാദേശിക വികസനത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട വികസന തന്ത്രവും ഇതുതന്നെയാണ്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ അടിസ്ഥാന സമ്പത്തുൽപാദന മേഖലകളുടെ വളർച്ചയ്ക്ക് സമയബന്ധിതമായി പദ്ധതി നിക്ഷേപം ഉറപ്പാക്കുന്നതിനും കാലാവസ്ഥയ്ക്കനുസൃതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും സഹായകമായി വിഭവ വകയിരുത്തൽ നടത്തുന്നതിനും ഭരണസമിതി നേതൃത്വം പ്രത്യേക ശ്രദ്ധ നൽകണം.

### പൊതു വിഭവങ്ങൾ പാവപ്പെട്ടവരിലേയ്ക്ക്

അധികാരവികേന്ദ്രീകരണത്തിന്റെ മുഖ്യ ലക്ഷ്യങ്ങളായ ദാരിദ്ര്യലഘൂകരണത്തിനും പാവപ്പെട്ട ജനങ്ങളുടെ ജീവിതഗുണമേന്മ ഉയർത്തുന്നതിനും പൊതു വിഭവങ്ങൾ വർദ്ധിച്ച തോതിൽ വകയിരുത്തേണ്ടതുണ്ട്. അടിസ്ഥാന ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിജീവന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള പരിശ്രമങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കണം. പതിനൊന്നാം പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ് പാവപ്പെട്ട മുഴുവൻ ജനങ്ങൾക്കും അടിസ്ഥാന ജീവിതസൗകര്യങ്ങൾ ലഭ്യമാക്കുക എന്നത്. ഇ.എം.എസ് പാർപ്പിട പദ്ധതിയുടെ ഭാഗമായി മുഴുവൻ ഭൂരഹിതർക്കും പാർപ്പിടരഹിതർക്കും കിടപ്പാടവും വീടും നൽകുക എന്ന ബൃഹത്തായ ജനകീയ പരിപാടിക്ക് സർക്കാർ ഇതിനകം തുടക്കം കുറിച്ചിട്ടുണ്ട്. അതോടൊപ്പം സാധാരണ ജനങ്ങൾക്ക് ഊർജ്ജലഭ്യത ഉറപ്പാക്കി ഗ്രാമീണ ഊർജ്ജ സുരക്ഷിതത്വത്തിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടുപോകുന്നതിനുള്ള പദ്ധതികൾക്കും ഇതിനകം തുടക്കമിട്ടുകഴിഞ്ഞു.

### വിവിധ തട്ടുകൾ തമ്മിലുള്ള സഹകരണം

പ്രാദേശിക വികസന ലക്ഷ്യം കൈവരിക്കുന്നതിന് പദ്ധതി നിർവ്വഹണത്തിൽ വിവിധ തട്ടുകൾ തമ്മിലുള്ള സഹകരണം ഉറപ്പാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സർവ്വശിക്ഷാ അഭിയാൻ, ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, സംയോജിത ശിശുവികസന പരിപാടി, രാഷ്ട്രീയ കൃഷി വികാസ് യോജന, ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ എന്നിവ നടപ്പാക്കേണ്ടത് വിവിധ തട്ടുകളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ ബന്ധപ്പെട്ട വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ സഹായ-സഹകരണങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അത്യന്താപേക്ഷിതവുമാണ്. ഇത്തരം പദ്ധതികളുടെ നേട്ടം പ്രാദേശിക വികസനത്തിൽ പ്രയോജനപ്പെടുത്തുന്നതിനും വിവിധ വകുപ്പുകളുടെ ഇടപെടലുകൾ ശക്തിപ്പെടുത്തേണ്ടതാണ്. സമയബന്ധിതമായി പദ്ധതി പ്രവർത്തനം പൂർത്തിയാക്കി അധികാരവികേന്ദ്രീകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

### സ്റ്റാൻഡിംഗ് കമ്മിറ്റികൾ ശക്തിപ്പെടുത്തുക

സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ അതത് വിഷയമേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയും നിർവ്വഹണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സഹായം ലഭ്യമാക്കുകയും ചെയ്യണം. സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാരുടെ നിരന്തരമായ മേൽനോട്ടം പദ്ധതി നിർവ്വഹണത്തിലുടനീളം ഉറപ്പാക്കണം. നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ആരായുകയും കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുകയും കൂട്ടായ ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യണം. നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ സൂക്ഷ്മമായി വിലയിരുത്തുന്നതിനുള്ള നേതൃത്വം സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ ഏറ്റെടുക്കണം.

### സ്റ്റിയറിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ നയരൂപീകരണത്തിലേയ്ക്ക് ഉയരുക

സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ഏകോപന ഉത്തരവാദിത്വത്തിലേയ്ക്ക് സ്റ്റിയറിംഗ് കമ്മിറ്റികൾ ഉയരുകയും ഭരണസമിതി അദ്ധ്യക്ഷന്റെ ശ്രദ്ധയിലേയ്ക്ക് പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ധരിപ്പിക്കുകയും പദ്ധതി നിർവ്വഹണം സംബന്ധിച്ച നയരൂപീകരണ വേദിയായി സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ മാറുകയും ചെയ്യേണ്ടതുണ്ട്. ഭരണസമിതി യോഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയിലെത്തിക്കുകയും കൂട്ടായ ചർച്ച നടത്തുകയും വേണം. ഭരണസമിതിയുടെ ക്യാബിനറ്റ്തല ചുമതലയിലേയ്ക്കും പദവിയിലേയ്ക്കും സ്റ്റിയറിംഗ് കമ്മിറ്റികൾ ഉയരുകയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട നയരൂപീകരണ വേദിയായി മാറുകയും ചെയ്യണം

### ആശയവിനിമയവും കൂടിയാലോചനയും

സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ നിർവ്വഹണോദ്യോഗസ്ഥരു



മായി പദ്ധതി നിർവ്വഹണം സംബന്ധിച്ച നിരന്തരമായ ആശയവിനിമയവും കൂടിയാലോചനയും നടത്തുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഉദ്യോഗസ്ഥർ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാര നടപടികൾ കൂട്ടായി ആരായുന്നതിനും ഇതുവഴി കഴിയും. പദ്ധതി നിർവ്വഹണ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ഇതു സഹായിക്കും. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള പരസ്പരബന്ധവും സഹകരണവും ശക്തിപ്പെടുത്തുകയാണ് വികസന നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണസ്ഥാപനതലത്തിൽ ഏറ്റെടുക്കേണ്ട സുപ്രധാന നടപടികളിലൊന്ന്.

### സുതാര്യവും നീതിപൂർവ്വവുമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെയും അംഗീകാരത്തോടെയും നടത്തുന്ന ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് അനിവാര്യമാണ്. അർഹതാ മാനദണ്ഡങ്ങളുടേയും മുൻഗണനാ മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പരസ്യപ്പെടുത്തുകയും അച്ചടിച്ച് സൂക്ഷിക്കുകയും വേണം. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരുടെ പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കുകയും ലിസ്റ്റ് യഥാസമയം അംഗീകരിച്ച് ലഭ്യമാക്കുകയും വേണം. സുതാര്യമായി തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് തദ്ദേശഭരണസ്ഥാപനങ്ങളുടെ ജനകീയാടിത്തറയും വിശ്വാസ്യതയും ശക്തിപ്പെടുത്തുന്നതിന് സഹായകമാവും. മുകൾത്തട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഇത്തരത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് അത്യന്താപേക്ഷിതമാണ്.

### പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയും ഗുണമേന്മയും ഉയർത്തുക

പ്രാദേശിക വികസന പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തുന്ന വിഭവ വിനിയോഗത്തിന്റെ 40–50 ശതമാനവും പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടുതന്നെ പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമത പദ്ധതിയുടെയാകെ കാര്യക്ഷമത നിർണ്ണയിക്കുന്ന മുഖ്യ ഘടകമാണ്. ഈ രംഗത്ത് നിലനിൽക്കുന്ന ദുർവ്യയവും അഴിമതിയും, ഗുണമേന്മയില്ലായ്മയും ഒഴിവാക്കുന്നതിനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം ജനപ്രതിനിധികൾ ആർജ്ജിക്കുന്നതിന് പ്രത്യേക പരിശ്രമം ആവശ്യമാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അവലോകന പ്രവർത്തനങ്ങളിൽ മുഖ്യമായൊരു സ്ഥാനം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് നൽകേണ്ടതുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുന്നതിന് മുന്നോട്ടുവന്നിട്ടുള്ള ഗുണഭോക്തൃ സമിതികളെ യഥാസമയം സഹായിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ഭരണസമിതിയുടേയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭാഗത്തുനിന്നും ഉണ്ടാകണം.

### വിഭവവിനിയോഗം കാര്യക്ഷമമാക്കുക

പ്രാദേശിക വികസനത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിൽ നിയമാനുസൃതമായും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും ധനവിനിയോഗം നടത്തുന്നു എന്നുറപ്പുവരുത്തുന്നതിൽ ഭരണസമിതി അദ്ധ്യക്ഷനും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരും പ്രത്യേകം ശ്രദ്ധിക്കണം. വിഭവ വിനിയോഗത്തിന്റെ കാര്യക്ഷമത വികസനത്തിന്റെ ഫലക്ഷമത വർദ്ധിപ്പിക്കും എന്ന അടിസ്ഥാന തത്വം പാലിച്ചുകൊണ്ടായിരിക്കണം ധനവിനിയോഗം നടത്തേണ്ടത്. ചെലവഴിക്കുന്ന പണം പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ജനങ്ങൾക്ക് പ്രയോജനകരമായി മാറുന്നതിനും സഹായകമാണ് എന്നുറപ്പാക്കണം. ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കേണ്ടതും നീതീകരിക്കേണ്ടതുമാണ് എന്ന ബോധ്യത്തോടെയായിരിക്കണം വികസന പദ്ധതികൾക്ക് പണം ചെലവഴിക്കേണ്ടത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കണക്കുകൾ കൃത്യമായി തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥർ യഥാസമയം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകി അംഗീകാരം വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ധനവിനിയോഗത്തിൽ ഉത്തരവാദിത്വം ഭരണസമിതിക്കും ഉദ്യോഗസ്ഥർക്കും ഒരുപോലെയായതിനാൽ ഫണ്ട് അനുവദിക്കുന്നവരും സ്വീകരിക്കുന്നവരും കാര്യക്ഷമതയോടെ പ്രവർത്തിക്കേണ്ടത് പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

അധികാരവികേന്ദ്രീകരണത്തിന് മാതൃകയായി മാറിയിട്ടുള്ള കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടിക്രമങ്ങളും രീതിസമ്പ്രദായവും പ്രാദേശിക വികസനത്തിൽ രാജ്യത്തിനാകെ പ്രയോജനകരമായ പുതിയ പാഠങ്ങൾ സംഭാവന ചെയ്യാൻ സഹായിക്കും. ജനകീയമായും സുതാര്യമായും കാര്യക്ഷമമായും ഉയർന്ന ഉത്തരവാദിത്വത്തോടെയും തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തുന്ന പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിലും തദ്ദേശഭരണസ്ഥാപനങ്ങളെ പ്രാദേശിക വികസനത്തിന്റെ പ്രഭവകേന്ദ്രങ്ങളാക്കി മാറ്റുന്നതിലും സുപ്രധാന പങ്ക് വഹിക്കാൻ സഹായിക്കും എന്നുറപ്പാണ്. ഇത് തിരിച്ചറിഞ്ഞ് ഉയർന്ന ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ തദ്ദേശഭരണസ്ഥാപന ഭരണ നേതൃത്വവും ഉദ്യോഗസ്ഥരും തയ്യാറാകേണ്ടതുണ്ട്.


> ബന്ധപ്പെട്ട വികസന വകുപ്പുകളിലെ സാങ്കേതിക വിദഗ്ദ്ധരായ ഉദ്യോഗസ്ഥരുടെ സഹായം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടുംവിധം ലഭിക്കുകയാണെങ്കിൽ ഭക്ഷ്യോൽപാദനത്തിൽ അനുകരണീയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. അതുവഴി കൂടുതൽ തൊഴിലവസരങ്ങളും വരുമാന വർദ്ധനവും കൈവരിക്കുന്നതിനും സാധിക്കും. കേരളത്തിന്റെ പ്രാദേശിക വികസനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട വികസന തന്ത്രവും ഇതുതന്നെയാണ്.

*ലേഖകൻ 'കില' ഡയറക്ടറാണ്*



# സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷനും വൺ മില്ല്യൻ സി.എഫ്.എൽ ക്യാമ്പയിനും

ഇന്ത്യയിലേയും കേരളത്തിലേയും നിലവിലുള്ള വൈദ്യുതിനില, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വിപുലമായി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെല്ലാം തന്നെ കടുത്ത വൈദ്യുതിക്ഷാമം അനുഭവിക്കുകയാണ്.



**ആർ. അജിത്കുമാർ**

പതിനൊന്നാം പഞ്ചവത്സരപദ്ധതിയിൽ കേരള സർക്കാർ ഏറ്റെടുത്ത് നടത്തുന്ന മുൻനിര പ്രോജക്ടുകളിലൊന്നാണ് സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷൻ

ദളിത്, ആദിവാസി, പിന്നോക്ക വിഭാഗങ്ങളുടേതുൾപ്പെടെ കേരളത്തിലെ എല്ലാ ഭവനങ്ങളിലും ഗുണമേന്മയുള്ള വൈദ്യുതി എത്തിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഇതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ പ്രത്യേകിച്ച് ചെറുകിട പദ്ധതികൾ, മാലിന്യസംസ്ക്കരണത്തിലൂടെ ലഭ്യമാകുന്ന വൈദ്യുതി എന്നിവയുടെ ഉൽപ്പാദനത്തിലൂടെ ഊർജ്ജലഭ്യത സാദ്ധ്യമാക്കേണ്ടതുണ്ട്. ഇതുപോലെ വിനിയോഗതല മാനേജ്മെന്റും കാര്യക്ഷമമാക്കി ഊർജ്ജസംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

'എല്ലാവർക്കും ഊർജ്ജസേവനങ്ങൾ ന്യായമായവിലയിലും മേന്മയിലും സുസ്ഥിരമായി ലഭ്യമാക്കുകവഴി ഊർജ്ജസുരക്ഷ ഉറപ്പാക്കലാണ്' മിഷന്റെ അന്തിമലക്ഷ്യം. ഇത്തരത്തിൽ ഊർജ്ജസുരക്ഷ കൈവരിക്കുന്നതിന് ഹ്രസ്വകാല-ദീർഘകാല പ്രവർത്തന പരിപാടികൾ ആവശ്യമാണ്.

കേരളത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ഏതാണ്ട് 2300-2500 കോടി രൂപ വേണ്ടിവരുമെന്ന് ഗ്രാമവൈദ്യുതി കോർപ്പറേഷൻ, വൈദ്യുതിബോർഡ് എന്നിവയുടെ പഠനത്തിൽ കണക്കാക്കിയിട്ടുണ്ട്. ഈ തുക പ്രാദേശിക, സംസ്ഥാന സർക്കാരുകൾക്ക് സ്വയം കണ്ടെത്താൻ കഴിയുന്നതല്ല. കേന്ദ്രസർക്കാർവഴിയും പ്രൈവറ്റ്-പബ്ലിക് സംയുക്ത സംരംഭങ്ങൾ വഴിയും ഇതിനായുള്ള വിഭവം കണ്ടെത്തേണ്ടതുണ്ട്. ഇതിന് സഹായകരമായ പരിപാടികളാണ് പ്രാദേശിക ഗവൺമെന്റുകളുടെ സഹകരണത്തോടെ ഊർജ്ജമിഷൻ തയ്യാറാക്കിയിട്ടുള്ളത്.

ഊർജ്ജസേവനങ്ങൾ നൽകുന്നതിലെ അന്തരം വികസ്വര-വികസിത രാജ്യങ്ങൾ തമ്മിലും വികസ്വര രാജ്യങ്ങളിലെ ദരിദ്രനും-ധനികനും തമ്മിലും ഏറെ പ്രകടമാണ്. കേരളത്തിലെ പ്രതിശീർഷ ഊർജ്ജ ഉപയോഗം 266 കിലോഗ്രാം 'എണ്ണസമാന'മാകുമ്പോൾ, ഇന്ത്യയിലിത് 325 ഉം ചൈനയിൽ 915 ഉം ആഗോളതലത്തിൽ 1553 കിലോഗ്രാം എണ്ണസമാനവുമാണ്. (ഒരു കിലോഗ്രാം എണ്ണസമാനം എന്നത് ഒരു കിലോഗ്രാം എണ്ണ കത്തിത്തീരുമ്പോൾ ലഭ്യമാവുന്ന പരമാവധി ഊർജ്ജത്തിന്റെ അളവാണ്). അന്തിമ ഊർജ്ജ ഉപയോഗത്തിന്റെ ദക്ഷതകൂടി പരിഗണിച്ച് യഥാർത്ഥത്തിൽ ലഭ്യമായ ഊർജ്ജത്തെക്കുറിച്ചുള്ള കണക്കുകൾ പരിശോധിച്ചാൽ ഊർജ്ജ ഉപഭോഗത്തിന്റെ അളവ് എന്ന സൂചകത്തിനപ്പുറമുള്ള ഒരു അന്തിമ ഊർജലഭ്യതയുടെ ഫലപ്രാപ്തിയിലാവും നാം ഊന്നേണ്ടിവരിക.

ഊർജ്ജസുരക്ഷ ഉറപ്പാക്കുന്നതിന്റെ ആദ്യപടിയാണ് ഊർജ്ജദുർവിനിയോഗം ഒഴിവാക്കുക, ഊർജ്ജനഷ്ടം കുറയ്ക്കുക, ഊർജ്ജ ഉപയോഗത്തിലെ കാര്യക്ഷമതയും ദക്ഷതയും വർദ്ധിപ്പിക്കുക തുടങ്ങിയവ ഉൾപ്പെടുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ. ഉപഭോക്താവിന്റെ പക്കൽ ഒരു യൂണിറ്റ് വൈദ്യുതി എത്തിക്കാൻ കുറഞ്ഞത് രണ്ടു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കേണ്ടതായി വരുന്നു. ഇങ്ങനെ ചെലവ് വച്ച് നോക്കിയാൽ 1 (മെഗാവാട്ട്) വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ 5 കോടിയോളം രൂപ വേണ്ടിവരും. പദ്ധതി പൂർത്തീകരണത്തിനുവേണ്ടിവരുന്ന കാത്തിരുപ്പ് വേറെയും. അതിനാൽ ലഭ്യമായ വൈദ്യുതി പരമാവധി കാര്യക്ഷമതയോടെ ഉപയോഗിക്കുകയാണ് ഏറെ ലാഭകരം. ഇപ്രകാരം വിതരണശൃംഖലയിൽ 400 വൈദ്യുതി ലാഭിച്ചാൽ 800 ഉൽപ്പാദനശേഷി കൈവരിക്കുന്നതിന് തുല്യമാണ്. ഇവിടെയാണ് വൈദ്യുതിയുടെ വിനിയോഗതല മാനേജ്മെന്റ്

പ്രസക്തമാകുന്നത്. ആവശ്യമായ ഊർജ്ജ സേവനം ഉയർന്ന ദക്ഷതയുള്ള ഉപകരണങ്ങൾ വഴി ലഭ്യമാക്കുന്നതിലൂടെ ഊർജ്ജം ലാഭിക്കുകയാണ് രീതി.

ഉദാ: 100 സാധാരണ ബൾബിന് പകരം 15 സി.എഫ്.എൽ. ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന പ്രകാശത്തിന്റെ അളവിൽ കുറവുണ്ടാകാതെ 85 വൈദ്യുതി ലാഭിക്കുന്നു. ഊർജ്ജക്ഷമതയേറിയ ഉപകരണ സംവിധാനങ്ങളുടെ ഉപയോഗത്തോടൊപ്പം ആവശ്യമില്ലാത്തപ്പോൾ ഉപകരണങ്ങൾ ഓഫ് ചെയ്യുക, ആഡംബരങ്ങൾക്കും അലങ്കാരങ്ങൾക്കും വൈദ്യുതി ഉപയോഗിക്കാതിരിക്കുക തുടങ്ങിയ നല്ല ശീലങ്ങളും സ്വായത്തമാക്കണം. പാചക ഇന്ധന സംരക്ഷണത്തിനുള്ള ഏറ്റവും പ്രധാന നടപടിയെന്നനിലയിൽ മെച്ചപ്പെട്ട അടുപ്പുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പരമ്പരാഗത അടുപ്പിൽ ശരിയായ വായുസഞ്ചാരമില്ലാത്തതിനാൽ വിറകിന്റെ നല്ലൊരുപങ്ക് പാഴാകുന്നു. അടുപ്പിന്റെ ചുറ്റും ജ്വാലയും പുകയും പരക്കുന്നതിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന താപത്തിൽ ഏറെഭാഗം പാചകപാത്രത്തിനു കിട്ടാതെ പരിസരത്തിലേക്ക് നഷ്ടപ്പെടുന്നു. പൂർണ്ണമായ ദഹനം നടക്കാത്തതിനാൽ ധാരാളമായി പുകയുണ്ടാവുകയും അതുവഴി ചൂട് പാഴാകുകയും ചെയ്യുന്നു. ഇങ്ങനെ ഊർജ്ജ നഷ്ടത്തിനു പുറമേ അടുക്കളയുടെ അന്തരീക്ഷത്തിൽ പരക്കുന്ന ചൂടും വിഷമയമായ പുകയും പാചകം ചെയ്യുന്നവരുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. ഇവ പരിഹരിച്ച് വിറക് ലാഭിക്കുകയും പുകയും ചൂടും അന്തരീക്ഷത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്നവയാണ് മെച്ചപ്പെട്ട വിറകടുപ്പുകൾ. പരമ്പരാഗത അടുപ്പുകൾ 5-8% വരെ ഊർജ്ജക്ഷമത തരുമ്പോൾ മെച്ചപ്പെട്ട അടുപ്പുകൾ 20-50% വരെ ഊർജ്ജക്ഷമത ഉറപ്പാക്കാൻ കഴിയുന്നവയാണ്. സാധാരണ അടുപ്പുകൾക്കാവശ്യമായതിന്റെ പകുതിയിൽ താഴെ വിറക് മതിയാകുമെന്നതോടൊപ്പം ആരോഗ്യകരവും സ്വസ്ഥവുമായ അന്തരീക്ഷം അടുക്കളയിലുണ്ടാക്കുകയും ചെയ്യുന്ന ഇത്തരം അടുപ്പുകൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. പരമ്പരാഗത പാചക ഇന്ധനങ്ങൾക്ക് (വിറക്/മണ്ണെണ്ണ/ /വൈദ്യുതി) പകരം ഊർജ്ജത്തിന്റെ അക്ഷയ സ്രോതസായ സൂര്യതാപം ഉപയോഗപ്പെടുത്തുന്ന സോളാർ കുക്കറുകൾ, ഊർജ്ജചെലവ് കുറക്കുന്ന പ്രഷർകുക്കറുകൾ, ചൂടാറാപെട്ടി ഇവയുടെ ഉപയോഗവും പ്രധാനമാണ്. പാചകത്തിന് ആവശ്യത്തിന് മാത്രം വെള്ളമെടുക്കുക, ഉണക്കിയ പയറും മറ്റും നേരത്തെ കുതിർത്ത് വച്ചുപയോഗിക്കുക, ആവശ്യം കഴിഞ്ഞാലുടൻ അടുപ്പണയ്ക്കുക തുടങ്ങിയ പാചകശീലങ്ങളും ഇന്ധന സംരക്ഷണത്തിനാവശ്യമാണ്. ഇത്തരം ഡിമാന്റ് സൈഡ് മാനേജ്മെന്റ് സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷന്റെ പ്രധാന ലക്ഷ്യമാണ്.

വൈദ്യുത ഉപയോഗം കാര്യക്ഷമമാക്കുന്നതിനും കുറച്ചുകൊണ്ടുവരുന്നതിനുമുള്ള ക്യാമ്പയിനുകളുടെ ഭാഗമായി 10 ലക്ഷം ഭവനങ്ങളിൽ സൗജന്യമായി ഓരോ സി.എഫ്. ലാമ്പുകൾ വിതരണം ചെയ്യാനുള്ള പദ്ധതി സംസ്ഥാന വൈദ്യുതിബോർഡും സമ്പൂർണ്ണ ഊർജ്ജസുരക്ഷാ മിഷനും സംയുക്തമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിലൂടെ വൈകുന്നേരത്തെ വൈദ്യുതി ആവശ്യകതയിൽ 60 ന്റെ കുറവാണ് പ്രതീക്ഷിക്കുന്നത്.

ഇന്ത്യയിലേയും കേരളത്തിലേയും നിലവിലുള്ള വൈദ്യുതിനില, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ വിപുലമായി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെല്ലാം തന്നെ കടുത്ത വൈദ്യുതിക്ഷാമം അനുഭവിക്കുകയാണ്. കർണാടകം, ആന്ധ്രപ്രദേശ്, തുടങ്ങിയ സംസ്ഥാനങ്ങളിൽ ഗ്രാമീണമേഖലയിൽ ഏതാനും മണിക്കൂറുകൾ മാത്രമാണ് വൈദ്യുതി ലഭിക്കുന്നത്. പട്ടണപ്രദേശങ്ങളിലാകട്ടെ കടുത്ത ലോഡ്ഷെഡിംഗും. തമിഴ്നാട്ടിൽ രാവും പകലും മണിക്കൂറുകൾ നീളുന്ന ലോഡ്ഷെഡിംഗും വ്യവസായങ്ങൾക്ക് പവ്വർ ഹോളിഡേയോടൊപ്പം 25% പവ്വർകട്ടും ഏർപ്പെടുത്തിയിരിക്കുന്നു. മഹാരാഷ്ട്ര, പഞ്ചാബ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ജമ്മുകാശ്മീർ, മദ്ധ്യപ്രദേശ്, ഹരിയാന, ഗുജറാത്ത്, ബീഹാർ തുടങ്ങിയ പ്രമുഖ സംസ്ഥാനങ്ങളിലെല്ലാം തന്നെ സമാനമായ സ്ഥിതിയാണുള്ളത്. ഈ വേനൽക്കാലത്ത് കേരളത്തിൽ വൈകുന്നേരങ്ങളിൽ 3100 ആവശ്യമായി വരുമ്പോൾ പകൽസമയത്ത് 1700 ആണ് ഉപയോഗം. വൈകുന്നേരങ്ങളിൽ ഇത്രയധികം വൈദ്യുതി ആവശ്യമായി വരുന്നതിനു മുഖ്യകാരണം വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വെളിച്ചത്തിന്റെ ഉപയോഗമാണ്.

ജലവൈദ്യുതോൽപ്പാദനംവഴി 15 ദശലക്ഷം, കേന്ദ്രനിലയങ്ങളിൽ നിന്നും ലഭിക്കാവുന്ന 19 ദശലക്ഷം, കേരളത്തിലെ വില

കവർ സ്റ്റോറി






കൂടിയ താപവൈദ്യുതി ഉൽപ്പാദനം വഴി പരമാവധി 10 ദശലക്ഷം ഉൾപ്പെടെ 44 ദശലക്ഷം യൂണിറ്റാണ്. ഇങ്ങനെ 3100
വൈദ്യുതി ആവശ്യമുള്ളിടത്ത് 2850
മാത്രമാണ് ലഭിക്കുക. പദ്ധതി പ്രദേശങ്ങളിൽ കാലവർഷ-തുലാവർഷങ്ങൾ ശക്തമാകാത്തത്, കേന്ദ്ര വൈദ്യുത പദ്ധതികളിലെ ഇന്ധനക്ഷാമം, മൂഴിയാർ, പന്നിയാർ എന്നീ പദ്ധതികളിലെ ദാരുണമായ അപകടങ്ങൾ, കൂടംകുളം ആണവനിലയത്തിന്റെയും അനുബന്ധ പ്രസരണലൈനിന്റെയും നിർമ്മാണത്തിലുണ്ടായ കാലതാമസം തുടങ്ങിയവയെല്ലാം ഇതിന്റെ കാരണങ്ങളാണ്. സാധാരണയായി ജൂൺ മുതൽ ഡിസംബർവരെ യുള്ള കാലയളവിൽ ശരാശരി 6298 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദനത്തിനുള്ള നീരൊഴുക്കാണ് ലഭ്യമാകുന്നത്. ഈവർഷം ഇതുവരെ 4995 ദശലക്ഷം യൂണിറ്റിനുള്ള നീരൊഴുക്ക് മാത്രമെ ലഭിച്ചിട്ടുള്ളു.
യുടെ ഒറീസയിലെ താച്ചർനിലയം, ആന്ധ്രപ്രദേശിലെ രാമഗുണ്ടം എന്നിവിടങ്ങളിലെ കൽക്കരിക്ഷാമവും തമിഴ്നാട്ടിലെ നെയ്‌വേലിയിലെ ലിഗ്നൈറ്റ് ക്ഷാമവുമാണ് കേന്ദ്രത്തിൽ നിന്ന് വിഹിതമായി ലഭിക്കേണ്ട 1037 വൈദ്യുതി 500–600
ആയി കുറഞ്ഞതിന്റെ കാരണം. അതോടൊപ്പം മൂഴിയാറിലുണ്ടായ അപകടം 300
വൈദ്യുതിയുടെ കുറവുമുണ്ടാക്കി. ഇന്നത്തെ വൈദ്യുതിക്ഷാമത്തിന്റെ മുഖ്യ കാരണം ഇവയാണ്.

ഈ സാഹചര്യത്തിൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ വൈദ്യുതി ബോർഡ് തയ്യാറാകേണ്ടിവരും. ഒപ്പം വൈകുന്നേരങ്ങളിലെ വൈദ്യുതി ഉപയോഗം കുറയ്ക്കാൻ വ്യാവസായിക ഉപഭോക്താക്കളോട് ആവശ്യപ്പെടുക, സ്വന്തമായി ചെറുകിട വൈദ്യുത ഉൽപ്പാദന നിലയങ്ങളുള്ള വ്യവസായങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക, ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുത ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിനുള്ള വിവിധ ക്യാമ്പയിനുകൾ നടത്തുക എന്നിവ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

വൈദ്യുത ഉപയോഗം കാര്യക്ഷമമാക്കുന്നതിനും കുറച്ചുകൊണ്ടുവരുന്നതിനുമുള്ള ക്യാമ്പയിനുകളുടെ ഭാഗമായി 10 ലക്ഷം ഭവനങ്ങളിൽ സൗജന്യമായി ഓരോ സി.എഫ്.ലാമ്പുകൾ വിതരണം ചെയ്യാനുള്ള പദ്ധതി സംസ്ഥാന വൈദ്യുതിബോർഡും സമ്പൂർണ്ണ ഊർജ്ജസുരക്ഷാ മിഷനും സംയുക്തമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിലൂടെ വൈകുന്നേരത്തെ വൈദ്യുതി ആവശ്യകതയിൽ 60 ന്റെ കുറവാണ് പ്രതീക്ഷിക്കുന്നത്. പ്രതിമാസ വൈദ്യുതി ഉപഭോഗത്തിൽ 7.5 ദശലക്ഷം യൂണിറ്റിന്റെ കുറവും ഇതുവഴി പ്രതീക്ഷിക്കുന്നു.
എന്ന് ആലേഖനം ചെയ്ത ബൾബുകൾക്ക് ഒരുവർഷ ഗ്യാരന്റിയുണ്ടാകും.
ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ഗ്യാരണ്ടി കാലയളവിനുള്ളിൽ ലാമ്പുകൾ തകരാറിലായാൽ നിശ്ചിത റീട്ടെയിൽ കടകൾവഴി അവ മാറ്റിലഭിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

മൂന്ന് തരത്തിലാണ് ഈ പദ്ധതിക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

1. സംസ്ഥാനത്തെ വൈദ്യുതീകരിച്ച മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ ഭവനങ്ങളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.
2. സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷൻ പോജക്ടുകൾ ഏറ്റെടുത്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ വൈദ്യുതീകരിച്ച മുഴുവൻ ഭവനങ്ങളും ഗുണഭോക്താക്കളായിരിക്കും.
3. മേൽപ്പറഞ്ഞ വിഭാഗത്തിൽപെടാത്ത വൈദ്യുതീകരിച്ച മറ്റ് ഭവനങ്ങൾക്കും ലാമ്പുകൾ ലഭ്യമാകുന്നതാണ്. അതിനായി അവർ 2008 ഡിസംബർ 1 നും 2009 ജനുവരി 31 നും ഇടയിൽ ലഭിക്കുന്ന ദ്വൈമാസബില്ലിനേക്കാൾ തൊട്ടടുത്ത രണ്ടു തവണയുള്ള ദ്വൈമാസബില്ലുകളിൽ (അതായത് 2009 ഫെബ്രുവരി-മാർച്ച്/ഏപ്രിൽ-മെയ് മാസങ്ങളിൽ) ഏതെങ്കിലുമൊന്നിൽ 10 ശതമാനം കുറവുവരുത്തേണ്ടതാണ്. അങ്ങനെയുള്ള ഉപഭോക്താക്കൾക്ക് ഒരു സി.എഫ്.എൽ. സൗജന്യമായി ലഭിക്കും. ഇവിടെ ശ്രദ്ധിക്കേണ്ട വസ്തുത ഉപഭോക്താക്കൾ വൈദ്യുതി കുടിശിഖ വരുത്തിയിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതുണ്ട്. കുട്ടികളുടെ പരീക്ഷാകാലമായ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഈ സംരക്ഷണ പ്രവർത്തനം പ്രായോഗികമാക്കുവാനുള്ള അവസരം ഉപഭോക്താക്കൾക്കുണ്ട്. ഭാവിയിൽ ഇതിലൂടെ പരീക്ഷാകാലങ്ങളിലെ പവ്വർകട്ട് ഒഴിവാക്കാനും കഴിയും.

ഇത് പ്രായോഗികമാക്കുവാൻ സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷൻ വോളണ്ടിയർമാർ ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് കൂടുതൽ ഉപയോഗമുള്ളതും ഉയർന്ന ഉപഭോഗമുള്ളതുമായ ബൾബുകൾ മാറ്റി (100 60 ) പകരം ലാമ്പുകൾ സ്ഥാപിച്ച് നൽകും. ലാമ്പുകൾക്കൊപ്പം അവയുടെ ഗ്യാരന്റി കാർഡും ഗുണഭോക്താക്കൾക്ക് കൈമാറുന്നു.
ലാമ്പുകൾ ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും നിശ്ചിത ഫോറത്തിൽ കൺസ്യൂമർ നമ്പരും ബന്ധപ്പെട്ട കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പേരും രേഖപ്പെടുത്തി രസീതായി വാങ്ങുന്നു. കെ.എസ്.ഇ.ബി. സ്പോട്ട്ബില്ലർമാർ ഈ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ന്റെ ഉപയോഗം തുടർന്ന് പരിശോധിച്ച് രേഖപ്പെടുത്തും.

ഇതു വെറും വിതരണമോ താൽക്കാലിക പരിഹാരമാർഗ്ഗമോ അല്ല. സുസ്ഥിരമായ വികസനവും പരിസ്ഥിതി സംരക്ഷണവും യോജിപ്പിച്ച് ഭാവി തലമുറകൾക്കാവശ്യമായ ഊർജ്ജം ഉറപ്പാക്കുന്നതിനും ഊർജ്ജ സുരക്ഷ എന്ന അന്തിമ ലക്ഷ്യത്തിലെത്തുന്നതിനുമുള്ള സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ ലക്ഷ്യമിട്ടിരിക്കുന്ന ഒരു ബഹുജനവിദ്യാഭ്യാസ പരിപാടിയുടെ ആരംഭം കുറിക്കലാണ്.

*ലേഖകൻ*
*സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മെമ്പറും ടി.ഇ.എസ്. എമ്മിന്റെ സംസ്ഥാന കോർഡിനേറ്ററുമാണ്*



# ദേശീയ തൊഴിലുറപ്പു പദ്ധതി

# ഇതര സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ

**അധികാര വികേന്ദ്രീകരണത്തിൽ മാതൃകകാട്ടിയ കേരളം തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിലും മുൻനിരയിലാണ്. സംസ്ഥാനങ്ങളിൽ ചിലത് ഒറ്റപ്പെട്ട നല്ല മാതൃകകൾ സൃഷ്ടിക്കുമ്പോൾ മറ്റു ചിലവ ധൂർത്തിന്റെയും അഴിമതിയുടേയും പര്യായമായി മാറുന്നു.**



**ഡോ. പി.പി. ബാലൻ**

ഇന്ന് ഇന്ത്യയിൽ ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് ദേശീയ തൊഴിലുറപ്പുപദ്ധതി. ജയാപചയങ്ങൾ ഏറെയും വിലയിരുത്തപ്പെട്ടിട്ടുള്ളതും ഈ പദ്ധതിയെ കുറിച്ചുതന്നെ. പദ്ധതിയുടെ മുഖ്യഘടകങ്ങളായ പദ്ധതി രൂപീകരണം തുടങ്ങി ആസ്തി നിർമ്മാണവും സോഷ്യൽ ഓഡിറ്റിംഗും ഇന്ത്യയിലെ ഗ്രാമഗ്രാമാന്തരങ്ങളിൽ ഇന്ന് ചർച്ചാവിഷയമാണ്. ഉദ്യോഗസ്ഥ മേധാവിത്തവും, അഴിമതിയും, ദുർവ്യയവും കൂട്ടത്തിൽ പരാമർശിക്കപ്പെടുന്നു. രാജ്യത്തെ എല്ലാ ജില്ലകളിലും വ്യാപിച്ചതോടെ പദ്ധതിക്ക് രാജ്യാന്തര ശ്രദ്ധപിടിച്ചുപറ്റാനായി. രാജ്യത്തിനകത്തും പുറത്തും നടക്കുന്ന വികസന സെമിനാറുകളിൽ തൊഴിലുറപ്പുപദ്ധതിക്ക് പ്രമുഖ സ്ഥാനം കൈവന്നു. അധികാര വികേന്ദ്രീകരണത്തിൽ മാതൃകകാട്ടിയ കേരളം തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിലും മുൻനിരയിലാണ്. സംസ്ഥാനങ്ങളിൽ ചിലത് ഒറ്റപ്പെട്ട നല്ല മാതൃകകൾ സൃഷ്ടിക്കുമ്പോൾ മറ്റു ചിലവ ധൂർത്തിന്റെയും അഴിമതിയുടേയും പര്യായമായി മാറുന്നു.

## പഞ്ചായത്തിന്റെ സ്ഥാനം

പദ്ധതിയുടെ നടത്തിപ്പിൽ പഞ്ചായത്തുകളാണ് മുഖ്യ കാർമ്മികത്വം വഹിക്കേണ്ടത്. എന്നാൽ യു.പി, ബീഹാർ പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പഞ്ചായത്തുകളെ വിശ്വാസത്തിൽ എടുത്തിട്ടില്ല. ഉദ്യോഗസ്ഥ മേധാവിത്വത്തിനെതിരെ ശബ്ദിക്കുവാൻ ജനപ്രതിനിധികൾക്കു കഴിയുന്നുമില്ല. ജില്ലാ പ്രോഗ്രാം ഓഫീസർ, ബി.ഡി.ഒ, ഗ്രാമസേവക് എന്നിങ്ങനെ ആ പട്ടിക നീളുന്നു. ജില്ലാ തലത്തിൽ ഉദ്യോഗസ്ഥരാണ് പദ്ധതി തയ്യാറാക്കുന്നത്. തുടർന്ന് താഴെതട്ടിൽ പാർശ്വവർത്തികളെക്കൊണ്ട് അംഗീകരിക്കപ്പെടുന്നു. ഇവിടെ പഞ്ചായത്തുകൾ നോക്കുകുത്തികളാണെന്ന് ജനപ്രതിനിധികൾ വിലപിക്കുന്നതിൽ അത്ഭുതമില്ല. അഴിമതി തൊഴിൽ കാർഡുവിതരണത്തിൽ തുടങ്ങുന്നു. മഹാരാഷ്ട്രയിലെ ചന്ദ്രാർപൂർ ജില്ലയിലെ ഒരു പഞ്ചായത്തിൽ തൊഴിൽ കാർഡ് നല്കുന്നതിൽ വ്യാപകമായ വിവേചനം കാട്ടിയിരിക്കുന്നതായി കാണാം. 331 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ കേവലം 67 കുടുംബങ്ങൾക്ക് മാത്രമാണ് കാർഡ് നല്കിയിരിക്കുന്നത്. ഇതു ചെറിയ ഒരു ഉദാഹരണം മാത്രം.

## സോഷ്യൽ ഓഡിറ്റിംഗിന്റെ നല്ല മാതൃകകൾ

രാജസ്ഥാൻ, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് സോഷ്യൽ ഓഡിറ്റിംഗ് കാര്യമായി നടക്കുന്നത്. ഗവൺമെന്റിന്റേയും സന്നദ്ധസംഘടനകളുടെയും സജീവമായ ഇടപെടലുകളാണ് ഇതു സാധ്യമാക്കുന്നത്. രണ്ടു സംസ്ഥാനങ്ങളും അവലംബിച്ചിരിക്കുന്നത് വ്യത്യസ്ത മാതൃകകളാണ്. രാജസ്ഥാനിൽ സോഷ്യൽ ഓഡിറ്റിംഗിന് നേതൃത്വം കൊടുക്കുന്നത് പ്രാദേശികമായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളാണെങ്കിൽ ആന്ധ്രാപ്രദേശിൽ അതു ഗവണ്മെന്റു തന്നെ പരിശീലിപ്പിച്ചെടുത്ത സന്നദ്ധ പ്രവർത്തകരാണ് (
രാജസ്ഥാനിലെ “മസ്ദൂർ കിസാൻ ശക്തി സംഘടന്റെ'' (
) പ്രവർത്തനം ശ്രദ്ധേയമാണ്. വിവരാവകാശനിയമപ്രകാരം പഞ്ചായത്തുകളിൽ നിന്ന് തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ പ്രവൃത്തികളുടേയും വിശദാംശങ്ങൾ ശേഖരിക്കുന്നു. തുടർന്ന് പഞ്ചായത്തിൽ പ്രവൃത്തി നടന്ന സ്ഥലം നേരിൽ പരിശോധിക്കുന്നു. പഞ്ചായത്തിൽ നിന്നും ലഭിച്ച രേഖയുടെ അടിസ്ഥാനത്തിൽ തൊഴിൽ, നല്കിയ കൂലി എന്നിവയുടെ നിജസ്ഥിതി മനസ്സിലാക്കി മസ്റ്റർ റോളുമായി താരതമ്യം ചെയ്യുന്നു. ഓഡിറ്റിംഗ് പൂർത്തിയാക്കിയ ശേഷം പഞ്ചായത്തിലെ എല്ലാവരേയും അറിയിച്ചുകൊണ്ട് പൊതുയോഗം ചേരുന്നു. ഈ യോഗത്തെ “ജൻസുൻവായ്” എന്നാണ് പറയുന്നത്. യോഗത്തിലേക്ക് ജില്ലാതല ഉദ്യോഗസ്ഥരേയും സന്നദ്ധ സാമൂഹ്യപ്രവർത്തകരേയും ക്ഷണിക്കുന്നു. തുടർന്നാണ് ഓഡിറ്റിംഗിന്റെ വിശദാംശങ്ങൾ വിശദമായി വായിച്ചറിയിക്കുന്നത്. എതിർപ്പോ പരാതിയോ ഉണ്ടെങ്കിൽ അതു രേഖപ്പെടുത്തിയ ശേഷമാണ് യോഗം പിരിയുന്നത്. അടുത്ത ദിവസം തന്നെ വാർത്താമാദ്ധ്യമങ്ങളിലൂടെയും നോട്ടീസ് വഴിയും പരസ്യമാക്കുന്നു. ഇതിൽ നടന്ന അഴിമതിയുടെയും ഒപ്പം നല്ല പ്രവർത്തനങ്ങളുടെയും റിപ്പോർട്ടുകളുണ്ടാകും. ഇങ്ങനെ “യെണ്ട ബെറ്റല” ( ) ഗ്രാമപഞ്ചായത്തിൽ നടന്ന 10 ലക്ഷം രൂപയുടെ അഴിമതി സോഷ്യൽ ഓഡിറ്റ് സംഘം പുറത്തുകൊണ്ടുവരികയുണ്ടായി.

ആന്ധ്രാപ്രദേശിലെ ഓഡിറ്റിംഗ് ഗവൺമെന്റ് നേരിട്ടാണ് നടത്തുന്നത്. ഇതിനുവേണ്ടി സംസ്ഥാനതലത്തിൽ





കെ.ആർ.പി (       ) ജില്ലാതലത്തിൽ ഡി.ആർ.പി. (       പഞ്ചായത്തുകളിൽ വില്ലേജ് സോഷ്യൽ ഓഡിറ്റേഴ്സ് (       ) എന്നിങ്ങനെ പരിശീലിപ്പിക്കുന്നു. തുടർന്ന് ഈ സംഘത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തുകളിലെ കണക്ക് പരിശോധിച്ച് പൊതുജനസമക്ഷം അവതരിപ്പിക്കുന്നു. ക്രമക്കേടുകൾ കണ്ടെത്തി റിപ്പോർട്ട് നല്കിയാൽ നടപടി ഉണ്ടാകും. ഗവൺമെന്റ് ഇവർക്ക് ഓണറേറിയം നല്കി വരുന്നുണ്ട്. എന്നാൽ ഇതൊരു സർക്കാർ പരിപാടിയായിട്ടാണ് വ്യാഖ്യാനിക്കപ്പെടുന്നത്. സർക്കാരിൽ നിന്നും ഓണറേറിയം പറ്റി ഓഡിറ്റ് നടത്തുമ്പോൾ ഉദ്യോഗസ്ഥനോട് വിധേയത്വമുണ്ടാകുമെന്നാണ് പരാതി. ഇവർ വിളിച്ചു ചേർക്കുന്ന പൊതുയോഗത്തിൽ ജില്ലാതല ഉദ്യോഗസ്ഥരാണ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഇതു ആക്ഷേപത്തിന് ഇടനൽകിയിട്ടുണ്ട്.

രാജസ്ഥാനിലും സോഷ്യൽ ഓഡിറ്റിംഗ് സുഗമമാണ് എന്നവകാശപ്പെടാൻ പറ്റില്ല. കാരണം ഉദ്യോഗസ്ഥരുടെ നിസ്സഹകരണമാണ്. "സൻസാരി" ജില്ലയിലെ അനുഭവം അതാണ് തെളിയിക്കുന്നത്. വിവരാവകാശ നിയപ്രകാരവും അവശ്യം വേണ്ടുന്ന രേഖകൾ പഞ്ചായത്തുകൾ കൈമാറാൻ കൂട്ടാക്കുന്നില്ല. സന്നദ്ധ സംഘടന പ്രവർത്തകർ പുറത്തുനിന്നുള്ളവരായതു കൊണ്ട് രേഖകൾ കൊടുക്കില്ലെന്ന പിടിവാശിയിലുമാണ് അധികൃതർ. ഗ്രാമസഭകളെ സോഷ്യൽ ഓഡിറ്റിംഗ് നടത്താൻ ശേഷിയുള്ളവയാക്കുക എന്നതാണിതിന് പോംവഴി.

പോരായ്മകളുണ്ടെങ്കിലും രണ്ട് ഓഡിറ്റിംഗ് രീതികളും ഈ രണ്ടു സംസ്ഥാനങ്ങളിലും പ്രചുരപ്രചാരം നേടിയിട്ടുള്ളതിനാൽ ജനങ്ങൾക്ക് പദ്ധതിയെക്കുറിച്ചും

### പഞ്ചാബ്

**പഞ്ചാബ് സംസ്ഥാനം തികച്ചും വിഭിന്നമായ ചിത്രമാണ് നൽകുന്നത്. തൊഴിലുറപ്പുപദ്ധതി ഈ പ്രദേശത്ത് തീർത്തും പരാജയമാണെന്ന് മുഖ്യമന്ത്രി തന്നെ സൂചിപ്പിച്ചിട്ടുണ്ട്.**

### ഹരിയാന

**ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതിന്റെ സൂചനകളാണ് ഹരിയാന സംസ്ഥാനത്തെ പല പഞ്ചായത്തുകളിലേയും പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നത്.**

അതിന്റെ നടത്തിപ്പിനെക്കുറിച്ചും മനസ്സിലാക്കാൻ കഴിയുന്നുണ്ടെന്നതാണ് പ്രധാന വസ്തുത. നിരക്ഷര സമൂഹത്തിലെ ഇത്തരത്തിലുള്ള ബോധവൽക്കരണം ശക്തമായ ജനകീയ ഇടപെടലിന് വഴിയൊരുക്കുന്നുണ്ട്. ഈ സംസ്ഥാനങ്ങളിൽ തൊഴിലുറപ്പുപദ്ധതി വിജയമാകുന്നതിന്റെ പ്രധാനകാരണവും സോഷ്യൽ ഓഡിറ്റിംഗ് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ്.

### കോൺട്രാക്ട് രാജ്

ജാർഖണ്ഡ് (       ) സംസ്ഥാനത്ത് കോൺട്രാക്ടർമാരുടെ കൈയ്യിലാണ് നിർമ്മാണപ്രവർത്തനങ്ങളേറെയും. ഇവർ ഇടനിലക്കാരായി ജനങ്ങളെ ചൂഷണം ചെയ്യുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സോഷ്യൽ ഓഡിറ്റ് സംഘങ്ങളായ ലളിത് മേത്ത, കമലേശ്വർ റാവു എന്നിവർ ക്രൂരമായി കൊല ചെയ്യപ്പെട്ടതും ഇവിടെ തന്നെ. സോഷ്യൽ ഓഡിറ്റ് സംഘം പ്രാണനും കൊണ്ട് ഓടിയ സംഭവമുണ്ട്. ഉദ്യോഗസ്ഥപീഢനത്തിനിരയായ തോമസ് സോറൻ ആത്മാഹൂതി നടത്തിയ പ്രദേശവും ഇതാണ്. ഈ സംസ്ഥാനത്ത് പഞ്ചായത്തുകൾ നിലവില്ലാത്തതാണ് ഇത്തരം പ്രവൃത്തികൾ നടക്കുന്നതിന്റെ കാരണം. നിരക്ഷരതയും മറ്റൊരു കാരണമായി ചൂണ്ടിക്കാട്ടാം. തൊഴിൽ കാർഡ് കിട്ടിയവർക്ക് നൂറുദിവസം ജോലി ചെയ്യാനുള്ള അവകാശമുണ്ടെന്ന് ആരും ഇവരെ പഠിപ്പിച്ചിട്ടില്ല. ഈ നിരക്ഷരതയാണ് കോൺട്രാക്ടറും ഉദ്യോഗസ്ഥരും മുതലെടുക്കുന്നത്. എന്നാൽ പട്ടിണി മാറ്റാൻ ഒരു പദ്ധതി എന്ന നിലയിൽ ജനങ്ങൾ തൊഴിലുറപ്പു പദ്ധതിയെ സ്വാഗതം ചെയ്യുന്നു. തൊഴിൽ പ്രദേശത്ത് അപൂർവ്വമായി ലഭിക്കുന്ന സംരക്ഷണം ഇവരുടെ ആദ്യഅനുഭവമാണ്. നിലവിലുള്ള കൂലിയെക്കാൾ മെച്ചപ്പെട്ട കൂലികൂടി ലഭിക്കുമ്പോൾ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു തന്നെ പദ്ധതിയെ ജാർഖണ്ഡുകാർ വരവേൽക്കുന്നു.

### വിഭാഗീയതയിൽ അയവ്

തൊഴിലുറപ്പുപദ്ധതി വർഗ്ഗീയതയും വിഭാഗീയതയും കുറയ്ക്കുന്നതിന് കാരണമാകുമെന്ന് ജമ്മുകാശ്മീരിലെ പൂഞ്ച് ജില്ലയിലെ പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നു. ജോലി സ്ഥലത്ത് വ്യത്യസ്ത ജനവിഭാഗങ്ങളിൽ നിലനിൽക്കുന്ന കൂട്ടായ്മയാണ് ഇതിനുകാരണം. കുറഞ്ഞ കൂലിയായ 73 രൂപയ്ക്കും ജോലി ചെയ്യാൻ തയ്യാറായി



നിൽക്കുന്ന ചെറുപ്പക്കാരുടെ നേതൃത്വത്തിൽ നിരവധി ആസ്തികൾ ഇതിനകം സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞു. കൂപ്പ്വാര ജില്ലയിലെ റജ്വാർബ്ലോക്കിൽ നിരവധി നീർതടങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വനിതകൾ കായികാദ്ധ്വാനപ്രവൃത്തികൾക്ക് നേതൃത്വം നൽകുന്നതും ഇവർക്ക് ആദ്യ അനുഭവമാണ്. ആപ്പിൾ സീസണിൽ പണി നടക്കാത്ത അവസ്ഥയുണ്ട്. കാരണം അവിടെ 200 രൂപയാണ് കൂലികിട്ടുന്നത്. കുറഞ്ഞകൂലി ഉയർത്തണമെന്ന ആവശ്യം ശക്തമായി നിലനിൽക്കുന്നു.

### ജീവിതനിലവാരം മെച്ചപ്പെടുന്നു

ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതിന്റെ സൂചനകളാണ് ഹരിയാന സംസ്ഥാനത്തെ പല പഞ്ചായത്തുകളിലേയും പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നത്. ഇവിടെ 'സുർത്ത് വാല' ഗ്രാമപഞ്ചായത്തിൽ മണ്ണ് ജല സംരക്ഷണത്തിൽ മാതൃകാപരമായ പ്രവർത്തനം നടന്നിട്ടുണ്ട്. പഞ്ചായത്തധീനതയിലുള്ള ഭൂമി കൃഷിക്കുപയുക്തമാക്കിയതാണ് ഒരു പ്രധാന ഇനം. നൂറുമീറ്റർ വീതിയിലും നീളത്തിലും 4 മീറ്റർ ആഴത്തിലും കുഴിച്ച കുളം ജനകീയ കൂട്ടായ്മയുടെ ഉദാഹരണമാണ്. രജിസ്റ്റർ ചെയ്ത 576 കുടുംബങ്ങളിൽ 98% പേർക്ക് തൊഴിൽ കാർഡ് നല്കിയതും കഴിഞ്ഞവർഷം 100 ദിവസം ജോലി കൃത്യമായി നല്കിയതും ശ്രദ്ധേയമാണ്. വീട്ടുപടിക്കൽ ഒരു ജോലി എന്ന മുദ്രാവാക്യവുമായിയെത്തുന്ന ഉദ്യോഗസ്ഥസമീപനമാണ് ഇവിടെ പദ്ധതിയുടെ വിജയത്തിനാധാരം. സ്ത്രീകളാണ് ഗുണഭോക്താക്കളിലധികവും. അവരുടെ ജീവിതനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായാണ് കൂടുതൽ പേർ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നത്.

### ജാർഖണ്ഡ്

**സംസ്ഥാനത്ത് കോൺട്രാക്ടർമാരുടെ കൈയ്യിലാണ് നിർമ്മാണപ്രവർത്തനങ്ങളേറെയും. ഇവർ ഇടനിലക്കാരായി ജനങ്ങളെ ചൂഷണം ചെയ്യുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.**

### ജമ്മു കാശ്മീർ

**വനിതകൾ കായികാദ്ധ്വാനപ്രവൃത്തികൾക്ക് നേതൃത്വം നൽകുന്നതും ഇവർക്ക് ആദ്യ അനുഭവമാണ്. ആപ്പിൾ സീസണിൽ പണി നടക്കാത്ത അവസ്ഥയുണ്ട്. കാരണം അവിടെ 200 രൂപയാണ് കൂലികിട്ടുന്നത്.**

### പരാജയത്തിന്റെ ആവർത്തനം

പഞ്ചാബ് സംസ്ഥാനം തികച്ചും വിഭിന്നമായ ചിത്രമാണ് നൽകുന്നത്. തൊഴിലുറപ്പുപദ്ധതി ഈ പ്രദേശത്ത് തീർത്തും പരാജയമാണെന്ന് മുഖ്യമന്ത്രി തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഹരിതവിപ്ലവകാലത്തു തന്നെ കാർഷികരംഗത്ത് ഏറെ മുന്നേറിയ സംസ്ഥാനത്ത് കാർഷിക മേഖലയിൽ കൂടുതൽ ഒന്നും ചെയ്യാനില്ലാത്ത അവസ്ഥ ഉണ്ട്. പ്രവൃത്തി കണ്ടെത്താനുള്ള വിഷമവും കൂലിപ്പണിക്ക് ആളെ ലഭിക്കാത്ത പ്രശ്നവും വ്യാപകമാണ്. തൊഴിൽ നൽകാൻ എന്തെങ്കിലും പ്രവൃത്തി, പ്രദേശം കണ്ടെത്താനുള്ള ശ്രമകരമായ പ്രവർത്തനത്തിലാണ് അധികാരികൾ. അതുകൊണ്ടു തന്നെ കുളം കുഴിച്ചും നികത്തിയും വീണ്ടും കുഴിച്ചും പണം ദുർവ്യയം ചെയ്യുന്ന ഉദാഹരണങ്ങൾ കാണാം. ഫത്തേപൂർ ഘട്ട് സാഹിബ് ജില്ലയിലെ "ബിർഹളിഖുർദ്' പഞ്ചായത്തിലെ ഏകപ്രവർത്തനം കുളം കുഴിപ്പിക്കലാണ്. ഈ പ്രവൃത്തി കഴിഞ്ഞാൽ ഇനി എന്ത് എന്ന ചോദ്യം അവശേഷിക്കുന്നു. ജീവിതനിലവാരത്തിൽ ദേശീയശരാശരിയെക്കാൾ ഏറെ മുന്നിലുള്ള സംസ്ഥാനത്ത് ജോലി ചെയ്യാൻ ആളുകൾ മുന്നോട്ടുവരുന്നില്ല. യന്ത്രവൽക്കരണം വ്യാപകമായതും മറ്റൊരു പ്രശ്നമാണ്. അതതു സംസ്ഥാനങ്ങളിലെ തൊഴിലുറപ്പുപദ്ധതി അവിടുത്തെ തൊഴിലാളികൾക്ക് ജോലി പ്രദാനം ചെയ്യുമ്പോൾ ബീഹാർ, യു.പി. തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് പഞ്ചാബിലേക്കുള്ള കുടിയേറ്റം നിലച്ചമട്ടാണ്. ഇതു നിലവിലുള്ള കാർഷിക പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ വ്യത്യസ്തമായ ചിത്രമാണ് നൽകുന്നത്. ഇതിൽ അനുകരണീയ മാതൃകകളുണ്ട് സ്ഥായിയായ ആസ്തികൾ ഉണ്ടാക്കുന്നതിനും വികസനസംസ്കാരം രൂപപ്പെടുത്തുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അവ വഴിയൊരുക്കിയിട്ടുണ്ട്. അഴിമതിയും ദുർവ്യയവും അവസാനിപ്പിക്കേണ്ടത് പദ്ധതിയുടെ വിജയത്തിനാവശ്യമാണ്. ഇതിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകമാണ്.

*ലേഖകൻ*
*ചണ്ഡിഗഡിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ & ഇൻഡസ്ട്രിയൽ ഡെവലപ്മെന്റിന്റെ ഡയറക്ടറാണ്*




# തൊഴിലുറപ്പ് പദ്ധതിയിലെ കേരള മാതൃകകൾ

ഗ്രാമങ്ങളിലെ ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ഇതുവരെ രൂപം നല്കിയ തൊഴിൽദാന പരിപാടികളിൽ ഏറ്റവും ശ്രദ്ധേയമായ പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

സമാനമായ മുൻപദ്ധതികളിൽ നിന്ന് ഇതിനെ വേർതിരിച്ചു നിർത്തുന്നത് മുഖ്യമായും താഴെപ്പറയുന്ന ഘടകങ്ങളാണ്.

- തൊഴിൽ മൗലികാവകാശമായും മനുഷ്യാവകാശമായും അംഗീകരിക്കുന്നു.
- എല്ലാ പൗരന്മാർക്കും തൊഴിൽ നല്കുകയെന്നത് സർക്കാരിന്റെ കർത്തവ്യമായി സ്വീകരിക്കുന്നു.
- സ്ത്രീക്കും പുരുഷനും തുല്യവേതനം എന്ന സാമൂഹികനീതി ഉറപ്പുവരുത്തുന്നു.
- എല്ലാ കുടുംബത്തിനും പ്രതിവർഷം 100 തൊഴിൽ ദിനങ്ങൾ, അല്ലെങ്കിൽ പകരം നഷ്ടപരിഹാരം നൽകുന്നു.
- പരിസ്ഥിതി സംരക്ഷിക്കുന്നതിനും വിഭവ പരിരക്ഷയ്ക്കും സഹായകമായ വികസനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു.
- പ്രാദേശിക വികസനത്തിൽ വർദ്ധിച്ച ജനപങ്കാളിത്തവും ജനകീയ മുന്നേറ്റവും സാധ്യമാക്കുന്നു.
- ഇടത്തട്ടുകാരുടെയും കരാറുകാരുടേയും ചൂഷണത്തിൽ നിന്ന് തൊഴിലാളികളേയും പ്രാദേശിക വികസനത്തേയും മോചിപ്പിക്കാൻ ഇടയാക്കുന്നു.



അജിത് വെണ്ണിയൂർ

- തൊഴിലാളികളുടെ സാമൂഹിക അന്തസ്സ് ഉയർത്താൻ സഹായിക്കുന്നു.
- പ്രാദേശിക ജനാധിപത്യ ഭരണ സംവിധാനത്തെ കാര്യക്ഷമമാക്കാനും ശക്തിപ്പെടുത്താനും അവസരമൊരുക്കുന്നു.
- പ്രാദേശികാവശ്യങ്ങൾ കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കുന്നു.
- മൊത്തം തൊഴിൽ ദിനങ്ങളിൽ മൂന്നിലൊന്ന് സ്ത്രീകൾക്കായി സംവരണം ചെയ്യുന്നു.
- പദ്ധതി നിർവഹണത്തിൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഉൾക്കൊള്ളിച്ചിരിക്കുന്നു.

പാർലമെന്റിൽ പാസ്സാക്കിയ നിയമം എന്ന നിലയിൽ ഭരണഘടനയുടെ പിൻബലത്തോടെ നടപ്പാക്കുന്ന ആദ്യത്തെ തൊഴിൽദാന പദ്ധതികൂടിയാണിത്.

2006 ഫെബ്രുവരി 2 ന് രാജ്യത്തെ തെരഞ്ഞെടുത്ത ഇരുന്നൂറു ജില്ലകളിൽ പ്രാവർത്തികമാക്കിക്കൊണ്ട് ഈ പദ്ധതി പരീക്ഷണാർത്ഥം അവതരിപ്പിച്ചപ്പോൾ കേരളത്തിൽ രണ്ടു ജില്ലകളെയാണ് അതിന് തെരഞ്ഞെടുത്തത്. പാലക്കാടും വയനാടും. തുടർന്ന് രണ്ടാംഘട്ടമായി ഇടുക്കി, കാസർഗോഡ് ജില്ലകളിലും പദ്ധതി നടപ്പാക്കി. ഇപ്പോൾ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചതോടെ തൊഴിലുറപ്പു പദ്ധതി നമ്മുടെ വികസന പ്രക്രിയയുടെ ജീവനാഡിയായി മാറിയിരിക്കുകയാണ്.

### അനുകരണീയ മാതൃകകൾ

അധികാര വികേന്ദ്രീകരണത്തിൽ കേരളം കാട്ടിയ ആവേശവും സ്വീകരിച്ച സമീപനവും തൊഴിലുറപ്പു പദ്ധതിയിൽ പ്രതിഫലിച്ചു തുടങ്ങിയിരിക്കുന്നു. അവസരവും സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഒട്ടേറെ പ്രാദേശിക സർക്കാരുകൾ ഈ പദ്ധതിയെ ജനകീയാസൂത്രണ പരിപാടിയുമായി കൂട്ടിയിണക്കി. പദ്ധതിയുടെ പ്രക്രിയയിലും പ്രവൃത്തിയിലും അനുകരണീയ മാതൃകകൾ അതുവഴി രൂപപ്പെട്ടു.

പതിനൊന്നാം പദ്ധതിയിൽ സംസ്ഥാനം ഊന്നൽ നൽകിയിരിക്കുന്ന ഭക്ഷ്യോല്പാദന വർധനവ്, പ്രകൃതി വിഭവ സംരക്ഷണത്തിലൂന്നിയ വികസനം എന്നിവ കൈവരിക്കാൻ അനുയോജ്യമായ കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയിൽ ഇതിനെ പരമാവധി പ്രയോജനപ്പെടുത്താനുള്ള പരിശ്രമങ്ങൾ മത്സരബുദ്ധിയോടെ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു എന്നാണ് ഇതുവരെ നടത്തിയ പഠനങ്ങളും വിശകലനങ്ങളും തെളിയിക്കുന്നത്.

### പങ്കാളിത്ത പഠനപരമ്പര

ഇതര വികസന പദ്ധതികളുമായി സംയോജിപ്പിച്ച് സുസ്ഥിര വികസനത്തിന് സഹായകമായ പ്രവൃത്തികൾ ആവിഷ്ക്കരിച്ച് തൊഴിലുറപ്പു പദ്ധതിയിൽ മാതൃക സൃഷ്ടിച്ച ഗ്രാമപഞ്ചായത്തുകളുടെ അനുഭവങ്ങൾ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി പങ്കുവയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ 'കില' ഒരു പങ്കാളിത്ത പഠന പരമ്പരയ്ക്ക് രൂപം നൽകിയിരിക്കുകയാണ് ഇപ്പോൾ.

ശില്പശാലകൾ, പഠന സന്ദർശനങ്ങൾ, വിലയിരുത്തലുകൾ, കൂടിയാലോചനകൾ എന്നിവയിലൂടെ അറിവും അനുഭവങ്ങളും പങ്കിടുന്നതിന് വേദിയൊരുക്കുക എന്നതാണ് 'കില' നടപ്പാക്കുന്ന പങ്കാളിത്ത പഠന പരമ്പരയുടെ ലക്ഷ്യം. ആവേശകരമായ പ്രതികരണമാണ് ഇതിന് ലഭിച്ചിരിക്കുന്നത്.



### പ്രതീക്ഷയുണർത്തുന്ന കണ്ടെത്തലുകൾ

പ്രാദേശിക പ്രശ്നങ്ങൾക്കും സാഹചര്യങ്ങൾക്കും സാദ്ധ്യതകൾക്കും അനുസൃതമായി വ്യത്യസ്ത രീതിയിലാണ് ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പു പദ്ധതിയെ സമീപിച്ചതും യാഥാർത്ഥ്യമാക്കിയതുമെന്ന് 'കില' നടത്തിയ പ്രാഥമിക സർവ്വേയിൽ കണ്ടെത്തുകയുണ്ടായി. അതാണ് അതിന്റെ ശക്തിയും സൗന്ദര്യവും. ഫലത്തോടൊപ്പം പ്രക്രിയയ്ക്കും പ്രസക്തിയുണ്ട്. ഒരു പദ്ധതിയും അതേപടി മറ്റൊരു പ്രദേശത്തേയ്ക്ക് പകർത്താനാവില്ല. എന്നാൽ പ്രക്രിയ പ്രയോജനപ്പെടുത്താനാവും; സമീപനം ഉൾക്കൊള്ളാനാവും.

പദ്ധതി നടത്തിപ്പിലുണ്ടായ പ്രശ്നങ്ങളെ പഞ്ചായത്തും ജനകീയ സംഘടനാ സംവിധാനങ്ങളും എങ്ങനെ സമീപിച്ചു, എപ്രകാരം തരണം ചെയ്തു, അതിന്റെ നേട്ടകോട്ടങ്ങൾ എന്തൊക്കെ എന്ന് വിലയിരുത്തുകയാണ് പങ്കാളിത്ത പഠനപരമ്പരയുടെ കാതൽ. അങ്ങനെ പരിശോധിക്കുമ്പോൾ ഒരു പക്ഷേ രാജ്യത്തിനാകെ തന്നെ പ്രയോജനപ്പെടുത്താവുന്ന മാതൃകകൾ നമ്മുടെ ഗ്രാമങ്ങളിൽ രൂപപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്താനാവും.

### സോഷ്യൽ ഓഡിറ്റിംഗിൽ ദേശീയ മാതൃക

തൊഴിലുറപ്പു പദ്ധതിയിലെ പ്രവൃത്തികൾ ലക്ഷ്യങ്ങൾക്കനുരൂപമായി കാര്യക്ഷമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് രൂപകല്പന ചെയ്തിട്ടുള്ള സംവിധാനമാണ് സോഷ്യൽ ഓഡിറ്റിംഗ്.

ഇന്ത്യയിലാദ്യമായി സോഷ്യൽ ഓഡിറ്റിംഗ് വിജയകരമായി പൂർത്തീകരിച്ച ഗ്രാമപഞ്ചായത്ത് വയനാട് ജില്ലയിലെ വെള്ളമുണ്ടയാണ്.

വ്യാപകമായ പ്രചരണം, ജനങ്ങളുടെ പങ്കാളിത്തം, സന്നദ്ധസേവകരുടെ സഹകരണം, ഉദ്യോഗസ്ഥരുടെ കാര്യക്ഷമത, സർക്കാരിന്റെ പ്രതിബദ്ധത എന്നിവ ഒത്തുചേർന്നപ്പോൾ വെള്ളമുണ്ട അക്ഷരാർത്ഥത്തിൽ സോഷ്യൽ ഓഡിറ്റിംഗ് പ്രക്രിയയുടെ മാതൃകാരൂപമായി മാറി. സോഷ്യൽ ഓഡിറ്റിലൂടെ തെളിഞ്ഞുവന്ന യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാനും തിരുത്തൽ നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറായതോടെ അതിന് സംസ്ഥാനത്തിൽ അംഗീകാരവും ദേശീയ തലത്തിൽ ശ്രദ്ധയും ലഭിച്ചു.

പദ്ധതിയുടെ ആസൂത്രണം, നിർവഹണം, മേൽനോട്ടം, മൂല്യനിർണയം എന്നിങ്ങനെ ഓരോ ഘട്ടത്തിലും പദ്ധതി പങ്കാളികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും വിലയിരുത്തുകയും ചെയ്യുന്ന പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റിംഗ്. തൊഴിലുറപ്പു പദ്ധതിയിലെ 17-ാം വകുപ്പു പ്രകാരം ഗ്രാമസഭകൾക്കാണ് സോഷ്യൽ ഓഡിറ്റിനുള്ള ചുമതലയും അധികാരവും.

പഞ്ചായത്തിലെ ഇരുപതു വാർഡുകളിലും വ്യവസ്ഥാപിതമായ രീതിയിൽ നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയാണ് വെള്ളമുണ്ട ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയത്.

### പട്ടികവർഗ്ഗ മുന്നേറ്റം

പഞ്ചായത്തിലെ പട്ടികവർഗ വിഭാഗക്കാരും സാമ്പത്തികമായി ഏറ്റവും പിന്നോക്കം നില്ക്കുന്നവരും ഭൂരിപക്ഷമുള്ള നരോക്കടവ് വാർഡിലാണ് സോഷ്യൽ ഓഡിറ്റ് ആദ്യമായി പൂർത്തിയാക്കിയത്. മലഞ്ചരിവും കുന്നിൻപ്രദേശങ്ങളുമുൾപ്പെട്ട ഈ വാർഡിലെ പൂർത്തിയായ 36 പ്രവൃത്തികളും നടന്നുവന്ന മൂന്നു പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കി. ഇവയിൽ ഏഴു പ്രവൃത്തികൾക്ക് നേതൃത്വം നൽകിയത് ആദിവാസി വിഭാഗത്തിൽപ്പെട്ട കുടുംബശ്രീ പ്രവർത്തകരായിരുന്നു. ആദിവാസി തൊഴിലാളികൾ മാത്രമായി ഏറ്റെടുത്തു നടത്തിയത് ഏഴു പ്രവൃത്തികൾ. സാധനസാമഗ്രികൾക്കായി ഒരു രൂപ പോലും ചെലവഴിക്കാതെ ചെയ്തുതീർത്ത പണികൾ എന്ന നിലയിലും ഇവ സവിശേഷ ശ്രദ്ധയ്ക്കു വിധേയമായി. ഇവിടെ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 282 പേരിൽ 109 പേർ പട്ടികവർഗക്കാരാണ്. 23 പേർ പട്ടികജാതിയിൽപ്പെട്ടവരും.



### പങ്കാളിത്ത സമീപനം

സോഷ്യൽ ഓഡിറ്റിനുള്ള സംഘം, പ്രവർത്തന തന്ത്രങ്ങൾ, പരിശോധനാഘട്ടങ്ങൾ, സമയക്രമം എന്നിവയെല്ലാം തികച്ചും ജനാധാരിതമായി നിശ്ചയിച്ചു എന്നതാണ് ഈ പ്രക്രിയയിലെ മറ്റൊരു സവിശേഷത.

നിരന്തരമായ കൂടിച്ചേരലുകൾ വഴി ഓരോ പരിശോധനാഘട്ടവും നിർണയിച്ചാണ് സംഘം മുന്നോട്ടു നീങ്ങിയത്. ഓഡിറ്റ് ടീം അംഗങ്ങൾ എല്ലാ പണിസ്ഥലങ്ങളും നേരിട്ടു സന്ദർശിച്ചു. എസ്റ്റിമേറ്റുപ്രകാരം പണി നടന്നിട്ടുണ്ടോ എന്ന് സാങ്കേതിക പരിശോധന നടത്തി. സമീപവാസികളുമായി പദ്ധതിയുടെ നിർവഹണത്തെയും അതുമൂലമുള്ള പ്രയോജനത്തെയും കുറിച്ച് ചർച്ചചെയ്ത് കാര്യങ്ങൾ വിലയിരുത്തി. മോണിറ്ററിംഗ് കമ്മിറ്റിയംഗങ്ങളുടെ അഭിപ്രായങ്ങൾ ആരാഞ്ഞു.

പതിനേഴു പരിശോധനാ ഘട്ടങ്ങളാണ് കമ്മിറ്റി തീരുമാനിച്ചത്. തൊഴിലാളികളുടെ രജിസ്ട്രേഷൻ, തൊഴിൽ കാർഡു നൽകൽ, പദ്ധതിയെയും സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും നല്കിയ പ്രചാരണം, പരിശീലനം, തൊഴിലിനുവേണ്ടി അപേക്ഷിച്ചവരുടെ എണ്ണം, തൊഴിൽ ലഭിച്ചവരുടെ എണ്ണം, പ്രവൃത്തികളുടെ തെരഞ്ഞെടുപ്പ്, തൊഴിലുപകരണങ്ങളുടെ ലഭ്യത, കുടുംബശ്രീ-എ.ഡി.എസ് സഹകരണം, ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം, ഉപദേശക സമിതിയുടെ നിലപാടുകൾ, ജാഗ്രതാസമിതിയുടെ പ്രവർത്തനം, ബാങ്കുകളുടെ സേവനം, സാങ്കേതികാനുമതി, തൊഴിലിടങ്ങളിലെ സൗകര്യങ്ങൾ, ആശുപത്രി ചെലവുകൾ, എക്സ്ഗ്രേഷ്യ എന്നിങ്ങനെ ഓരോഘട്ടവും അതിസൂക്ഷ്മമായി പരിശോധിച്ചു.

### പ്രത്യേക ഗ്രാമസഭകൾ

സോഷ്യൽ ഓഡിറ്റിംഗിൽ ഗ്രാമസഭയുടെ പങ്കും സംഭാവനയും ശ്രദ്ധേയമായിരുന്നു. വ്യാപകമായ പ്രചാരം നൽകി വിളിച്ചു ചേർത്ത പ്രത്യേക ഗ്രാമസഭയും ചരിത്രസംഭവമായി. 462 സമ്മതിദായകർ

> ഇന്ത്യയിലാദ്യമായി സോഷ്യൽ ഓഡിറ്റിംഗ് വിജയകരമായി പൂർത്തീകരിച്ച ഗ്രാമപഞ്ചായത്ത് വയനാട് ജില്ലയിലെ വെള്ളമുണ്ടയാണ്. വ്യാപകമായ പ്രചരണം, ജനങ്ങളുടെ പങ്കാളിത്തം, സന്നദ്ധസേവകരുടെ സഹകരണം, ഉദ്യോഗസ്ഥരുടെ കാര്യക്ഷമത, സർക്കാരിന്റെ പ്രതിബദ്ധത എന്നിവ ഒത്തുചേർന്നപ്പോൾ വെള്ളമുണ്ട അക്ഷരാർത്ഥത്തിൽ സോഷ്യൽ ഓഡിറ്റിംഗ് പ്രക്രിയയുടെ മാതൃകാരൂപമായി മാറി.

പങ്കെടുത്തു. 233 സ്ത്രീകളും 230 പുരുഷന്മാരും. ഇതിനുപുറമെ ക്ഷണിക്കപ്പെട്ട അതിഥികളായി സംസ്ഥാനത്തെ വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റു ജനപ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ 175 പേരും എത്തിച്ചേർന്നു.

ഗ്രാമസഭ തെരഞ്ഞെടുത്ത മൂന്നംഗ പ്രസീഡിയമായിരുന്നു നടപടിക്രമങ്ങൾ നിയന്ത്രിച്ചത്. സമീപവാർഡിലെ ഒരു പ്രമുഖ സാമൂഹിക പ്രവർത്തകൻ, ഒരു പട്ടികവർഗ പ്രതിനിധി, ഒരു വനിതാ പ്രതിനിധി എന്നിവരുൾപ്പെട്ടതായിരുന്നു പ്രസീഡിയം.

സോഷ്യൽ ഓഡിറ്റ് ടീം തയ്യാറാക്കിയ റിപ്പോർട്ടിനു പുറമെ വ്യക്തികളും സംഘടനകളും നടത്തിയ പഠനങ്ങളുടെ റിപ്പോർട്ടുകളും വിലയിരുത്തലുകളും ഗ്രാമസഭയിൽ അവതരിപ്പിച്ചു. ഓഡിറ്റ് ടീം കണ്ടെത്തിയ പോരായ്മകളെക്കുറിച്ചും അവയ്ക്കുള്ള പരിഹാരങ്ങളെക്കുറിച്ചും ഭരണസമിതി വിശദീകരിച്ചു. തുടർന്ന് ഗ്രാമസഭാംഗങ്ങൾ നാലു പ്രദേശങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പുകളായി തിരിഞ്ഞ് ഓഡിറ്റ് റിപ്പോർട്ടിന്മേൽ ചർച്ചനടത്തി. ചർച്ചയിൽ ഉയർന്നുവന്ന വിമർശനങ്ങളും നിർദ്ദേശങ്ങളും ഗ്രൂപ്പ് ലീഡർമാർ പ്ലീനറി സെഷനിൽ അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾക്കുള്ള ഗ്രാമസഭാ ശുപാർശകൾ ക്രോഡീകരിച്ചു.

സ്ഥലം എം.എൽ.എ, സംസ്ഥാന ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ പ്രസിഡന്റ്, കുടുംബശ്രീ ഡയറക്ടർ എന്നിവരുടെ സാന്നിദ്ധ്യം ഗ്രാമസഭയുടെ പ്രാധാന്യം ഒന്നുകൂടി വർദ്ധിപ്പിച്ചു.

### അംഗീകരിക്കപ്പെട്ട ശുപാർശകൾ

ഗ്രാമസഭായോഗത്തിന്റെ ശുപാർശകൾ സംസ്ഥാന സർക്കാരിനും സമർപ്പിച്ചു. അവയിൽ രണ്ടെണ്ണം ഉടൻ അംഗീകരിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. ഒരു പ്രവൃത്തിക്ക് വേതന/സാധന അനുപാതം 60:40 എന്നത് മാറ്റി വാർഡുതലത്തിൽ 60:40 എന്നാക്കണമെന്നതായിരുന്നു പ്രധാന ശുപാർശ.

തൊഴിലുറപ്പു പദ്ധതിയിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്കും സ്കാനിംഗിനും ശസ്ത്രക്രിയയ്ക്കും ചെലവാകുന്ന തുക അനുവദിക്കണമെന്ന മറ്റൊരു ശുപാർശയും അനുവദിച്ച് സർക്കാർ ഉത്തരവിറക്കി.


### ഇച്ഛാശക്തിയുടെ വിജയം

പരിമിതികൾ പലതുണ്ടായിരുന്നുവെങ്കിലും ജനപങ്കാളിത്തത്തോടെയുള്ള സോഷ്യൽ ഓഡിറ്റ് പ്രായോഗികവും ഫലപ്രദവുമാണെന്ന് തെളിയിക്കാൻ ഈ പരിശ്രമം ഇടയാക്കി. ഇച്ഛാശക്തിയും പ്രതിബദ്ധതയുമുണ്ടെങ്കിൽ ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർധിപ്പിക്കാൻ സാധിക്കുമെന്ന് വെള്ളമുണ്ട അനുഭവം ചൂണ്ടിക്കാട്ടുന്നു.

വികസന, ക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ പ്രതീക്ഷയും മതിപ്പും ഉടമസ്ഥതാബോധവുമുളവാക്കാൻ കഴിഞ്ഞു എന്നതാണ് സോഷ്യൽ ഓഡിറ്റിംഗിൽ രാജ്യത്താദ്യമായി നടന്ന ഈ പരീക്ഷണത്തിന്റെ പ്രധാന നേട്ടം. ഫലത്തെക്കാളേറെ സോഷ്യൽ ഓഡിറ്റിംഗ് പ്രക്രിയയ്ക്കാണ് ഈ പരീക്ഷണത്തിൽ പ്രാധാന്യം നല്കിയത്. മറ്റു വാർഡുകൾക്കും പഞ്ചായത്തുകൾക്കും ഇത് പ്രചോദനമായി.


തൊഴിലുറപ്പു പദ്ധതിയിൽ മാത്രമല്ല, പഞ്ചായത്തീ രാജ് സംവിധാനത്തിൽ തന്നെ സുതാര്യതയും ജനപങ്കാളിത്തവും വർധിപ്പിക്കാൻ സോഷ്യൽ ഓഡിറ്റ് എത്രത്തോളം സഹായകമാകുന്നുവെന്ന് വെള്ളമുണ്ട മാതൃക വ്യക്തമാക്കുന്നു. ഒന്നും അസാധ്യമല്ലെന്ന് ഈ അനുഭവം വിളിച്ചു പറയുന്നു. ഇനി വേണ്ടത് ഇച്ഛാശക്തിയാണ്; പ്രതിബദ്ധതയും.

*ലേഖകൻ*
*കേരള സംസ്ഥാന സുസ്ഥിര നഗരവികസന പദ്ധതിയുടെ ഐ.ഇ.സി. എക്സ്പർട്ടാണ്*



# ഇ.എം.എസ് ഭവന പരിപാടി

# തല ചായ്ക്കാൻ ഒരിടം



**എല്ലാവർക്കും വീട് ലഭ്യമാക്കുന്ന ആദ്യ സംസ്ഥാനമെന്ന ഖ്യാതിയും ഈ പാർപ്പിട പരിപാടിയോടെ നമ്മുടെ സംസ്ഥാനത്തിനു സ്വന്തമാകും. സാമ്പത്തിക വികസനത്തിലേയ്ക്കുള്ള ഒരു കുതിച്ചു ചാട്ടം കൂടിയായിരിക്കും അത്. സാമ്പത്തിക മാന്ദ്യം പ്രതീക്ഷിക്കുന്ന ഈ കാലയളവിൽ ഈ പാർപ്പിട പരിപാടിക്കു വേണ്ടി വിനിയോഗിക്കപ്പെടുന്ന പണം കേരളത്തിന്റെ സാമ്പത്തിക മേഖലകൾ ഉണർവ്വുള്ളതാക്കി നിലനിർത്താനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കാനും സഹായിക്കും.**



കെ. രാജശേഖരൻ

ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവയുടെ ഇല്ലായ്മയാണ് ദാരിദ്ര്യം. ദരിദ്രർ ഉണ്ടാകുന്നത് അതിൽ ഉൾപ്പെട്ടുപോകുന്നവരുടെ സ്വയം കൃതാർത്ഥങ്ങളോ വിധിയോ കൊണ്ടുമാത്രമല്ല, മറിച്ച് സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ നാം സ്വീകരിക്കുന്ന നയങ്ങളുടെ പാളിച്ചകൊണ്ടാണ്.

സമൂഹത്തിൽ വീടില്ലാത്തവർ നിലനിൽക്കുന്നത് അവരുടെ ദരിദ്ര അവസ്ഥയിൽ നിന്നും ഒരു കൈത്താങ്ങില്ലാതെ സ്വയം കരകയറാനുള്ള അവരുടെ കഴിവില്ലായ്മകൊണ്ടാണ്. വീടില്ലാത്തവർക്കു വീട് ലഭ്യമാക്കാൻ സമൂഹത്തിന് കടമയുണ്ടെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

പാർപ്പിടം ഏതു കുടുംബത്തിന്റെയും അടിസ്ഥാന ആവശ്യമാണ്. അതു മററു ദരിദ്രാവസ്ഥകൾ തരണം ചെയ്യാൻ സഹായിക്കും. കുടുംബാംഗങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നമനത്തിന് അടിത്തറയാകേണ്ട നിർണ്ണായകഘടകം തന്നെയാണ് പാർപ്പിടം. പാർപ്പിടം സ്വന്തമായില്ലെങ്കിൽ മറ്റു ജീവിതപ്രശ്നങ്ങളോടു മല്ലടിക്കാനുള്ള കുടുംബത്തിന്റെ കരുത്തിൽ സ്ഥായിയായ ദൗർബല്യം ഉണ്ടാകും. ഇതിനൊക്കെ പരിഹാരം കാണുന്നതിനാണ് 2008-09 മുതൽ 2010-11 വരെയുള്ള മൂന്നുവർഷക്കാലയളവിനുള്ളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ പാർപ്പിടപ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാനുദ്ദേശിച്ചുകൊണ്ട് സർക്കാർ ഇ.എം.എസ്. ഭവന പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്.

എല്ലാവർക്കും വീട് ലഭ്യമാക്കുന്ന ആദ്യ സംസ്ഥാനമെന്ന ഖ്യാതിയും ഈ പാർപ്പിട പരിപാടിയോടെ നമ്മുടെ സംസ്ഥാനത്തിനു സ്വന്തമാകും. സാമ്പത്തിക വികസനത്തിലേയ്ക്കുള്ള ഒരു കുതിച്ചു ചാട്ടം കൂടിയായിരിക്കും അത്. സാമ്പത്തിക മാന്ദ്യം പ്രതീക്ഷിക്കുന്ന ഈ കാലയളവിൽ ഈ പാർപ്പിട പരിപാടിക്കു വേണ്ടി വിനിയോഗിക്കപ്പെടുന്ന പണം കേരളത്തിന്റെ സാമ്പത്തിക മേഖലകൾ ഉണർവ്വുള്ളതാക്കി നിലനിർത്താനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കാനും സഹായിക്കും. ഈ പരിപാടിക്കു വേണ്ടി വിനിയോഗിക്കപ്പെടുന്ന പണത്തിന്റെ അറുപതുശതമാനവും തൊഴിലാളികൾക്കുള്ള കൂലിയായിട്ടാണ് വിനിയോഗിക്കപ്പെടുന്നത്. അതിനാൽ കേരളത്തിലെ തൊഴിൽ ലഭ്യത ഊർജ്ജസ്വലമാക്കി നിലനിർത്താനും ഈ പരിപാടിയിലൂടെ കഴിയും.

### ലക്ഷ്യങ്ങൾ

ദരിദ്രർ (ബിപിഎൽ കുടുംബങ്ങൾ)ക്ക് വീട് ലഭ്യമാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ദരിദ്ര കുടുംബങ്ങൾക്ക്

**ദരിദ്രർക്ക്
വീട്
ലഭ്യമാക്കുകയാണ്
ഈ
പരിപാടിയുടെ ലക്ഷ്യം.
ദരിദ്ര കുടുംബങ്ങൾക്ക്
വീട് വയ്ക്കാൻ
ഭൂമിയില്ലെങ്കിൽ
ഭൂമി നൽകും.
വീട് ഇല്ലെങ്കിൽ
വീട് നൽകും.**

വീട് വയ്ക്കാൻ ഭൂമിയില്ലെങ്കിൽ ഭൂമി നൽകും. വീട് ഇല്ലെങ്കിൽ വീട് നൽകും. ഈ രണ്ടു കാര്യങ്ങൾ മാത്രമേ ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നുള്ളു.

### ആർക്കൊക്കെ നൽകും?

ദാരിദ്ര്യരേഖയിൽ ഉൾപ്പെട്ടവർക്കുമാത്രമേ ഈ പരിപാടിയിൽ വീടോ സ്ഥലമോ ലഭിക്കൂ. കുടുംബത്തിൽ ആരുടെ പേരിലും സ്ഥലം ഇല്ലാത്തവരും കുടുംബത്തിൽ ആർക്കും ഭൂമി അനന്തരാവകാശമായി ലഭിക്കാൻ അർഹതയില്ലാത്തവരും ആയിരിക്കണം.

ദാരിദ്ര്യരേഖയിൽ ഉൾപ്പെട്ടവരെ കൃത്യമായി നിജപ്പെടുത്താൻ രണ്ടുമാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്. ഒന്നാമതായി, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി കുടുംബശ്രീ തയ്യാറാക്കി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിന്നും അർഹതപ്പെട്ടവരെ വേർതിരിച്ച് ഉൾപ്പെടുത്തും. ഇതിന് അപേക്ഷപോലും സമർപ്പിക്കേണ്ടതില്ല. രണ്ടാമതായി ആ ലിസ്റ്റിൽപ്പെടാത്ത പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, ആശ്രയ ഗുണഭോക്താക്കൾ, പരമ്പരാഗത മത്സ്യതൊഴിലാളികൾ എന്നിവരിൽ നിന്നും ഈ പരിപാടിയിൽ വീടോ സ്ഥലമോ ലഭിക്കാൻ അപേക്ഷകർ ഉണ്ടാകുന്നുവെങ്കിൽ അവരിൽനിന്നും അർഹരെ വേർതിരിച്ച് ഉൾപ്പെടുത്തും.

അതിനുശേഷം, ബി.പി.എൽ കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷകൾക്ക് മാർക്കിട്ട് അവയുടെ മുൻഗണന നിശ്ചയിച്ച് പട്ടിക അന്തിമമാക്കണം.

അന്തിമ പട്ടിക ഗ്രാമ/വാർഡ് സഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടണം. ഗ്രാമസഭാ യോഗത്തിൽ വച്ച് അനർഹരെ കണ്ടെത്തി ഒഴിവാക്കാം. ഗ്രാമ/വാർഡ് സഭകളുടെ തീർപ്പ് അന്തിമമായിരിക്കും.

### എങ്ങനെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാം?

കുടുംബശ്രീ മിഷൻ തയ്യാറാക്കിയ ദാരിദ്ര്യരേഖാ പട്ടികയിൽപ്പെട്ടവർ അപേക്ഷപോലും തയ്യാറാക്കി നല്കേണ്ടതില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന രണ്ടംഗ ഉദ്യോഗസ്ഥ പരിശോധനാ സംഘങ്ങൾ അപേക്ഷാ ഫാറം തയ്യാറാക്കി, ഗൃഹനാഥന്റെ ഒപ്പുവാങ്ങി, വീടോ സ്ഥലമോ നൽകുന്നതിനു പരിഗണിച്ചുകൊള്ളും.

പക്ഷേ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, ആശ്രയ ഗുണഭോക്താക്കൾ, പരമ്പരാഗത മത്സ്യതൊഴിലാളികൾ എന്നിവർ ദരിദ്രരാണെങ്കിൽ സ്ഥലമോ വീടോ ലഭിക്കാൻ പ്രത്യേക ഫോറത്തിൽ അപേക്ഷിക്കണം. പരിശോധനാ സംഘങ്ങൾ, അവരുടെ അർഹത പരിശോധിച്ച്, മാർക്കിട്ട് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടുത്തും.

ക്രമക്കേടുകൾ നടക്കാതിരിക്കാനും ഉണ്ടെങ്കിൽ കണ്ടെത്താനുമായി, ഓരോ കുടുംബവും നിലവിൽ താമസിക്കുന്ന വീടിനു മുമ്പിൽ നില്ക്കുന്ന ഫോട്ടോ എടുത്ത് റിക്കോർഡുകളോടൊപ്പം സൂക്ഷിക്കണം എന്നു നിഷ്കർഷിച്ചിട്ടുണ്ട്.

പരിശോധനാ സംഘങ്ങൾ ക്രമക്കേടുകാട്ടുന്നുവെങ്കിൽ, പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്കും നഗരസഭയുടെ കാര്യത്തിൽ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർക്കും പരാതി നൽകാം. അവർ നടപടി സ്വീകരിക്കും.

### വീട് നിർമ്മിക്കാൻ സ്ഥലം കണ്ടെത്തൽ

അഞ്ചു മതൽ പത്തുവരെ കുടുംബങ്ങൾക്ക് ഒരു സ്ഥലത്ത് വീട് ലഭ്യമാകും വിധം സ്ഥലം കണ്ടെത്തണം. ഒരാൾക്ക് മൂന്നുനാലു സെന്റുകളാണ് നല്ലത്. മൂന്നു നിലയുള്ള ഫ്ളാറ്റു രൂപത്തിലായാലും മതി. നഗരപ്രദേശത്ത് കുറഞ്ഞത് $1\frac{1}{2}$ സെന്റും ഗ്രാമപ്രദേശത്ത് കുറഞ്ഞത് 2 സെന്റും ഉണ്ടാകണം.

### സർക്കാർ ഭൂമി ഉണ്ടെങ്കിൽ ലഭ്യമാക്കൽ

ഈ പരിപാടിക്ക് ഉപയോഗരഹിതമായി കിടക്കുന്ന സർക്കാർ ഭൂമി ലഭ്യമാണെങ്കിൽ ആദ്യം അതു കണ്ടെത്തണം. തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറി കൺവീനർ ആയ തെരച്ചിൽ സമിതിയും ജില്ലാ കളക്ടറും ചേർന്നാണ് ഭൂമി കണ്ടെത്തേണ്ടത്. ഭൂമി കണ്ടെത്തിയാൽ കളക്ടറെ അറിയിച്ച് അർഹരായ ഗുണഭോ

ക്താക്കൾക്ക് അതു ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

### കൂടിയാലോചനയിലൂടെ ഭൂമി വാങ്ങൽ

സർക്കാർ ഭൂമി ലഭ്യമല്ലെങ്കിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടിയാലോചനയിലൂടെ ഭൂമി കണ്ടെത്തുകയും കളക്ടർ വില നിശ്ചയിച്ച് ഭൂമി വാങ്ങുകയും ചെയ്യണം.

### ഫാസ്റ്റ് ട്രാക്ക് രീതിയിലും ഭൂമി അക്വയർ ചെയ്യാം

ഈ രീതികൾ പരാജയപ്പെട്ടാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അപേക്ഷ പ്രകാരം ഫാസ്റ്റ് ട്രാക്ക് രീതിയിൽ ഭൂമി കളക്ടർ അക്വയർ ചെയ്തു നല്കണം.

### ഗുണഭോക്താവ് നേരിട്ടും വാങ്ങാം

ഭൂമി നേരിട്ടു കണ്ടെത്തി, ഗുണഭോക്താവു വിലയ്ക്കു വാങ്ങുന്ന രീതിയും സ്വീകരിക്കാം. ഗുണഭോക്താവ് നേരിട്ടാണ് ഭൂമി കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത സ്ഥലം ഭവനനിർമ്മാണത്തിന് യോജിച്ചതാണെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്. അങ്ങനെ നേരിട്ടു വാങ്ങുമ്പോൾ ഗുണഭോക്താവിന് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും സബ്സിഡിയാണ് ലഭിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാർ, ആശ്രയ ഗുണഭോക്താക്കൾ റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന പൊതു വിഭാഗം ഗുണഭോക്താക്കൾ എന്നിവർക്ക് പരമാവധി ഗ്രാമപഞ്ചായത്തിൽ 45000/- രൂപയും മുൻസിപ്പാലിറ്റികളിൽ 50000/- രൂപയും കോർപ്പറേഷനിൽ 60000/- രൂപയും സബ്സിഡിയായി ലഭിക്കും. മേല്പ്പറഞ്ഞവിഭാഗങ്ങളിൽപ്പെടാത്തവർക്ക് മുകളിൽപ്പറഞ്ഞ സബ്സിഡി തുകയുടെ പകുതിക്ക് മാത്രമേ അർഹത ഉണ്ടായിരിക്കൂ.

### ഭൂമി ആരുടെ പേരിൽ വാങ്ങണം?

ഇങ്ങനെ നേരിട്ടു ഭൂമി വാങ്ങുമ്പോൾ ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ കൂട്ടായി വാങ്ങണം. കൂടാതെ ഭൂമി 20 വർഷത്തേയ്ക്ക് അന്യാധീനപ്പെടാൻ പാടില്ലെന്ന വ്യവസ്ഥ ചെയ്യുകയും വേണം.

തദ്ദേശഭരണ സ്ഥാപനം ഭൂമി വാങ്ങുമ്പോഴും അക്വയർ ചെയ്യുമ്പോഴും തദ്ദേശഭരണ സ്ഥാപനത്തിന്റെ പേരിലാണ് വാങ്ങേണ്ടത്. ഗുണഭോക്താവിനു കൈവശാവകാശം മാത്രമേ ഉണ്ടായിരിക്കൂ.

### വീട് എങ്ങനെയാകണം?

വീടിനു 25 മുതൽ 40 ചതുരശ്രമീറ്റർ വരെയാകാം. വീടിനു മേൽക്കൂര, മഴവെള്ള സംഭരണി, ടോയിലറ്റ്, സോക്ക്പിറ്റ് കക്കൂസ്, മലിനജല നിർഗ്ഗമന സംവിധാനം, പുകയില്ലാ അടുപ്പ്, വീട് വയറിംങ് എന്നിവ ഉണ്ടാകണം. ഇവ ഓരോ ഇനത്തിനുമുള്ള സബ്സിഡിയും വീട് നിർമ്മാണ ധനസഹായത്തിൽ അധികമായി ഉൾപ്പെടുത്താം.

### ഇ.എം.എസ്. ഭവന പരിപാടി

**ബന്ധപ്പെട്ട ഉത്തരവുകളും സർക്കുലറുകളും**

1. സ.ഉ. (എം.എസ്) നം. 174/2008/തസ്വഭവ, തീയതി 24.06.2008
2. 7.08.2008 ലെ 42785/ഡി.ബി 1/2008/തസ്വഭവ നംപർ സർക്കുലർ
3. സ.ഉ. (എം.എസ്) നം. 310/2008/തസ്വഭവ, തീയതി 22.11.08
4. 18.12.08ലെ 77732/ഡി.ബി.1/08/തസ്വഭ നംപർ സർക്കുലർ
5. 1.1.2009 ലെ 192/ഡി.ബി.1/2007/തസ്വഭവ നംപർ സർക്കുലർ
6. 2.02.2009 ലെ 7284/ഡി.ബി.1/2009/തസ്വഭവ നംപർ സർക്കുലർ

### സബ്സിഡി

ജനകീയ ആസൂത്രണ പദ്ധതിയിൽ അനുവദനീയമായ സബ്സിഡിയാണ് ഇ.എം.എസ്സ് പാർപ്പിട പരിപാടിയിലും നൽകേണ്ടത്. കേന്ദ്ര പദ്ധതികൾ അനുസരിച്ചുള്ള വീടുകൾക്ക് അതിന് അനുവദനീയമായ സബ്സിഡി നൽകാം.

വീടു നിർമ്മിക്കുമ്പോൾ സബ്സിഡി തുക നാലു തവണകളായി നൽകണം. സ്ഥലം ഒരുക്കുമ്പോഴും അടിത്തറ പണിയുമ്പോഴും മേൽക്കൂര തീരുമ്പോഴും വാതിലുകളും മറ്റും ഉറപ്പിക്കുമ്പോഴും ആണ് ആ തവണകൾ. ഒരു ഗുണഭോക്താവിനു ലഭിക്കുന്ന വായ്പ ഉൾപ്പെടെയുള്ള ആകെ തുകയുടെ 30,40,20,10 ശതമാനം വീതമാണ് യഥാക്രമം നാലുഘട്ടങ്ങളായി നല്കേണ്ടത്.

### ധനസ്രോതസ്സുകൾ

തദ്ദേശ ഭരണസ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കാവുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള ആകെ ഫണ്ടുകളുടെ 15 ശതമാനത്തിൽ കുറയാത്ത തുക ഇതിനു വിനിയോഗിക്കണം. സഹകരണ/ദേശസാൽകൃത ബാങ്കുകളിൽ നിന്നുള്ള വായ്പ, സംഭാവനകൾ എന്നിവയാണ് ഈ പരിപാടിയുടെ മറ്റു ധനസ്രോതസ്സുകൾ. പത്തുവർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം വായ്പ ക്രമപ്പെടുത്തണം. വായ്പയുടെ പലിശ സംസ്ഥാന സർക്കാർ വഹിക്കും.

വായ്പയെടുക്കാൻ സർക്കാരിന്റെ അനുവാദം വേണം. അതിനായി ജില്ലാ ആസൂത്രണ സമിതി മുഖേന അപേക്ഷിക്കണം. വായ്പ തിരിച്ചടയ്ക്കുന്നതിന്റെ ഉറപ്പും അതിനുള്ള പ്ലാനും അനുമതി അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

### നിർവ്വഹണം

തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഈ പാർപ്പിട പരിപാടിക്ക് അംഗീകാരം നൽകുന്നത് ജില്ലാ ആസൂത്രണ സമിതിയായിരിക്കും. ജില്ലാതലത്തിൽ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ പഞ്ചായത്തുകളുടെയും, കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർ നഗരസഭകളുടെയും പാർപ്പിട നിർവ്വഹണം ഏകോപിപ്പിക്കുകയും അതിൽ സഹായിക്കുകയും ചെയ്യും. സംസ്ഥാന തലത്തിൽ ഗ്രാമവികസന കമ്മീഷണറും നഗര പ്രദേശങ്ങളിൽ കുടുംബശ്രീ മിഷൻ ഡയറക്ടറും ആ പ്രവർത്തനങ്ങൾ നിർവ്വഹിക്കും. കൂടാതെ, സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും ആ പരിപാടിക്ക് പ്രോഗ്രാം മാനേജ്മെന്റ് കമ്മിററികൾ ഉണ്ടായിരിക്കും.

വീടുനിർമ്മാണത്തിന് സാധന സാമഗ്രികൾ ലഭ്യമാക്കാനും കുറഞ്ഞ വില കൂടിയാലോചനയിലൂടെ നിജപ്പെടുത്താനും ഒരു ജില്ലാതല ടെക്നിക്കൽ കമ്മിറ്റി എല്ലാ ജില്ലയിലും ഉണ്ടായിരിക്കും. ജില്ലാ കളക്ടർ അതിന്റെ അദ്ധ്യക്ഷനായിരിക്കും. ഓരോ വാർഡിലും ഹൗസിങ് ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും വേണം.

### ഉപസംഹാരം

ഏറെ പ്രകോപനം ആവശ്യമായ ഒന്നാണ് ഈ ഭവന പരിപാടി. കേന്ദ്രാവിഷ്കൃത പദ്ധതികളും ജനകീയാസൂത്രണവും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളും ഏകോപിപ്പിക്കണം. ജനങ്ങളെയും വിവിധ തലങ്ങളിലുള്ള പഞ്ചായത്തുകളെയും റവന്യൂ വകുപ്പ് അധികാരികളെയും കൂട്ടായി പ്രവർത്തിപ്പിച്ച് ഈ പാർപ്പിടപരിപാടി ഒരു ക്യാമ്പൈൻ ആക്കി മാറ്റിയാൽ 2011 ഓടെ കേരളം സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമായി മാറും.

*ലേഖകൻ*
*തൃശൂർ 'കില'യിൽ ലൈബ്രേറിയനാണ്*





*പേരാമ്പ്ര ബ്ലോക്കിലെ ചെറുവണ്ണൂർ എ.എൽ.വി സ്ക്കൂളിലെ "എന്റെ പച്ചക്കറി തോട്ടം" പദ്ധതി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എൻ. നാരായണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.*

# വിദ്യാർത്ഥികളും പാടത്തേയ്ക്ക്

**കെ.എം. ശങ്കരൻ**

കേരളത്തിന്റെ കാർഷിക മേഖലയിൽ ഐതിഹാസികമായ മാറ്റങ്ങൾക്കും, വിപ്ലവകരമായ പദ്ധതികൾക്കും തുടക്കം കുറിച്ചത് ദിവംഗതനായ വി.വി. രാഘവൻ കൃഷിവകുപ്പ് മന്ത്രിയായ കാലത്താണ്. വിദ്യാലയങ്ങളിലും, വിദ്യാർത്ഥികളുടെ വീട്ട് വളപ്പിലും പച്ചക്കറി കൃഷി ചെയ്യുന്ന പദ്ധതി തുടങ്ങിയത് അക്കാലത്താണ്. ജനകീയാസൂത്രണ പദ്ധതിയുടെ ആവിർഭാവത്തോടെ ഇന്ന് വിദ്യാലയങ്ങളിൽ പച്ചക്കറി മാത്രമല്ല നെല്ല് അടക്കം കൃഷി ചെയ്യുന്ന ആനന്ദകരമായ കാഴ്ചയാണ് കാണാൻ കഴിയുന്നത്.

കോഴിക്കോട് ജില്ലയിൽ എൽ.പി. തൊട്ട് ഹയർസെക്കന്ററി തലം വരെ വിവിധ സ്ക്കൂളുകളിൽ ചേനയും മരച്ചീനിയും നെല്ലും പച്ചക്കറികളും കൃഷി ചെയ്യുന്നുണ്ട്. "ഒരു വീട്ടിൽ ഒരു വാഴ", "ഒരു വീട്ടിൽ ഒരു മാവ്" തുടങ്ങി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാലയങ്ങൾ നിരവധിയുണ്ട്. അത്യാവേശത്തോടെയും ആഹ്ളാദത്തോടെയുമാണ് വിദ്യാർത്ഥികൾ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നത്. വിദ്യാർത്ഥികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പുകൾ തമ്മിൽ മത്സരിച്ച് വൻ വിളവുണ്ടാക്കി ലേലം വിളിച്ച് പച്ചക്കറികൾ വിൽക്കുന്ന രീതിയാണ് കീഴരിയൂർ പഞ്ചായത്തിലെ കണ്ണോത്ത് യു.പി.സ്ക്കൂളിൽ കുറെ വർഷങ്ങളായി തുടർന്ന് വരുന്നത്.

> **ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയത്തിലെ പച്ചക്കറി തോട്ടം മറ്റ് സ്ക്കൂളുകൾക്കും, നാട്ടുകാർക്കും മാതൃകയാകണമെന്ന വാശിയോടെയാണ് പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങുന്നത്.**

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം 12 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിക്ക് നീക്കിവെച്ച ഫണ്ട് ഉദ്ഘാടനം ചെറുവണ്ണൂർ എ.എൽ.പി സ്ക്കൂളിൽ നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ. നാരായണൻ മാസ്റ്ററാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. 248 വിദ്യാർത്ഥികളും, 9 അധ്യാപകരും, പി.ടി.എ പ്രസിഡണ്ടും ചടങ്ങിന് സാക്ഷികളായി. ജൈവ വളങ്ങൾ മാത്രമുപയോഗിച്ച് ചെയ്യുന്ന കൃഷിയിൽ നിലമൊരുക്കുന്നതിലും, കരിയിലകൾ തടങ്ങളിലിട്ട് കത്തിക്കുന്നതിലും കുട്ടികൾ കാണിച്ച ആവേശം മാതൃകാപരമാണ്. ചാണകപ്പൊടി ശേഖരിച്ചതും കുട്ടികൾ തന്നെ.


ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയത്തിലെ പച്ചക്കറി തോട്ടം മറ്റ് സ്ക്കൂളുകൾക്കും, നാട്ടുകാർക്കും മാതൃകയാകണമെന്ന വാശിയോടെയാണ് പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങുന്നത്. കൃഷിയുടെയും, കാർഷിക വൃത്തിയുടെയും പ്രാധാന്യവും പ്രാമുഖ്യവും കുട്ടികളിൽ രൂഢമൂലമാവാൻ "എന്റെ പച്ചക്കറി തോട്ടം" പദ്ധതി സഹായകമാകുമെന്ന കാര്യത്തിൽ തർക്കമില്ല.

*ലേഖകൻ*
*ചെറുവണ്ണൂർ കൃഷിഭവനിലെ കൃഷി അസിസ്റ്റന്റാണ്.*



# ഇടമലക്കുടി - ഒരു യാത്രാനുഭവം

ഇടുക്കി ജില്ലയിലെ ഇടമലക്കുടി ആദിവാസി കോളനി പുറംലോകവുമായി വളരെ പരിമിതമായ ബന്ധം നിലനിർത്തുന്ന കുടിയാണ്. ഇടമലക്കുടിയിലെ സർവ്വേ പ്രവർത്തനങ്ങൾക്ക് രൂപീകരിക്കപ്പെട്ട പ്രത്യേക ദൗത്യസംഘത്തിലെ ഒരംഗമായി ഇടമലക്കുടി സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരണമാണ് ഈ യാത്രാനുഭവം.



സി. ശശി

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ അവരുടെ ജീവിത രീതികൾ മനസ്സിലാക്കിയും സാദ്ധ്യതകൾ പൂർണ്ണമായി വിനിയോഗിച്ചുകൊണ്ടുമാകണം പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ഈ ആവശ്യത്തിലേയ്ക്ക് പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് 733.19 കോടി രൂപയാണ് പട്ടികവർഗ്ഗ ഉപ പദ്ധതി നിർദ്ദേശങ്ങളിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് സംയുക്തമായിട്ടായിരിക്കും പ്രായോഗിക തലത്തിൽ പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കുന്നത്. ഈ ലക്ഷ്യം സാധൂകരിക്കണമെങ്കിൽ കേരളത്തിലെ ആദിവാസികളെ സംബന്ധിച്ച് സമസ്ത വിവരങ്ങൾ ഉണ്ടാവണം. ആദിവാസി കുടുംബങ്ങളുടെയും ഊരുകളുടെയും സമഗ്ര സർവേ നടത്തി ശേഖരിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചുവേണം പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കേണ്ടത്. ഇപ്രകാരം ഇതൊരു ജനപങ്കാളിത്തമുള്ള പദ്ധതിയായി മാറണം.

നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും എത്തിച്ചേരാൻ വളരെയേറെ ക്ലേശങ്ങൾ സഹിക്കേണ്ടുന്ന ഭൂപ്രദേശങ്ങളിൽ ആദിവാസികൾ താമസിക്കുന്നുണ്ട്. ഇവരിൽ പലരും തനതായ ജീവിതശൈലി പാലിക്കുന്നവരും പ്രത്യേക സംസ്കാരവും ആചാര വിശ്വാസങ്ങൾ ഉള്ളവരുമാണ്. കേരളത്തിൽ വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിലാണ് വ്യത്യസ്ത ജീവിതശൈലി പുലർത്തുന്ന ആദിവാസികൾ പ്രധാനമായും ജീവിക്കുന്നത്. ഇടുക്കി ജില്ലയിലെ ഇടമലക്കുടി ആദിവാസി കോളനി പുറംലോകവുമായി വളരെ പരിമിതമായ ബന്ധം നിലനിർത്തുന്ന കുടിയാണ്. ഇടമലക്കുടിയിലെ സർവ്വേ പ്രവർത്തനങ്ങൾക്ക് രൂപീകരിക്കപ്പെട്ട പ്രത്യേക ദൗത്യസംഘത്തിലെ ഒരംഗമായി ഇടമലക്കുടി സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരണമാണ് ഈ യാത്രാനുഭവം.

ഇടമലക്കുടിയെപ്പറ്റി മുമ്പുള്ള കേട്ടറിവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നെ അൽപം ആത്മവിശ്വാസവും. സർവ്വേ ടീമിൽ ഈ ലേഖകൻ കഴിഞ്ഞാൽ മറ്റുള്ളവർ സർവ്വേ വിദ്യാർത്ഥികളായിരുന്നു. അതുകൊണ്ട്തന്നെ ചുറുചുറുക്ക് അവരിൽ പ്രകടമായിരുന്നു. വനത്തിൽ കൂടിയുള്ള യാത്ര ദുർഘടമാണെന്ന് സഹപ്രവർത്തകരിൽ നിന്ന് നേരത്തേ അറിയാമായിരുന്നു. എങ്കിലും കേരളത്തിന്റെ വനാന്തരങ്ങളിൽ താമസിക്കുന്ന ഒരു കൂട്ടം മനുഷ്യജീവികളുടെ ജീവിതം നേരിട്ട് കാണുക എന്നതും, അത് മനസ്സിലാക്കുക എന്നതും ഒരാവശ്യമാണന്നുള്ള തിരിച്ചറിവ് അവിടേയ്ക്ക് പോകുന്നതിന് കൂടുതൽ പ്രചോദനം നൽകി. മുൻകാലങ്ങളിലൊക്കെ പല പദ്ധതികളും തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ടെങ്കിലും അതിന്റെ യഥാർത്ഥ ഗുണഫലം ഇവരിൽ എത്തിച്ചേർന്നിട്ടുണ്ടോ എന്നുള്ളത് വിശദമായി പരിശോധിക്കേണ്ട വിഷയമായി ഇപ്പോഴും നിൽക്കുന്നു. ഇതിന് ഒരു പരിഹാരം കാണാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് ഈ സർവ്വേ സംസ്ഥാനത്ത് ആരംഭിച്ചത്.

സർവ്വേ ടീം മൂന്നാറിൽ നിന്ന് 15 കിലോമീററർ ദൂരമുള്ള പെട്ടിമുടിയിൽ നിന്ന് യാത്ര തിരിക്കുമ്പോൾ ഉച്ചകഴിഞ്ഞ് വളരെ വൈകിയിരുന്നു. പെട്ടിമുടിയിൽ നിന്ന് ഒരു ടീം ഇടത്തോട്ട് തിരിഞ്ഞു ഇടമലക്കുടിയുടെ ഒരു ഭാഗത്തേയ്ക്കും മറ്റൊരു ടീം വലത്തോട്ടുള്ള വഴി തിരിഞ്ഞ് പരപ്പയാറിലേയ്ക്കും പുറപ്പെട്ടു. പെട്ടിമുടി വരെ ജീപ്പിലും അവിടെനിന്നും കാൽനടയായും. ഉച്ചഭക്ഷണത്തിന്റെ ആലസ്യം തുടക്കത്തിൽ ഉണ്ടായിരുന്നെങ്കിലും പിന്നീട് അത് മറന്നു. ടീമംഗങ്ങളുടെ ഉത്സാഹം യാത്രയ്ക്ക് ആവേശം കൂട്ടി. ഇടയ്ക്കിടയ്ക്ക് വിശ്രമിച്ചും ലഘുഭക്ഷണങ്ങൾ കഴിച്ചുമാണ് യാത്ര തുടർന്നത്.

പലപ്പോഴും കാടിന്റെ പരപ്പും ഭീകരതയും ബോദ്ധ്യപ്പെട്ടു. കൂറ്റൻ വൃക്ഷങ്ങളും വലിയ പാറകളും ഈറ്റക്കാടുകളും കാടിന്റെ പ്രൗഢി വിളിച്ചോതി. കാട്ടുപക്ഷി കളുടെ കളകൂജനം ഇത് കാടാണെന്നുള്ള തോന്നൽ ടീമിനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ഭയം തോന്നിക്കുന്ന കൂററൻ കയറ്റങ്ങളും അതുപോലെ അപകടം പിടിച്ച ഇറക്കങ്ങളും ഇടയ്ക്കിടെ നടത്തത്തിന്റെ വേഗത കുറച്ചു. കാട്ടുപോത്തിന്റെയും ആനയുടെയും കാൽപ്പാടുകൾ അവയുടെ സാമീപ്യത്തെ വിളിച്ചോതി. ടീമിലെ എല്ലാ പേർക്കും ചെറിയ ഭയം ഇല്ലാതില്ല. ഇടയ്ക്ക് വച്ച് കണ്ട വനദേവന്മാരുടെ പീഠത്തിൽ എല്ലാവരും പ്രാർത്ഥിച്ചു വീണ്ടും പുറപ്പെട്ടു. കാടിന്റെ സൗന്ദര്യവും പരപ്പും പുരാണങ്ങളിൽ വായിച്ചറിഞ്ഞ ഏതോ സ്ഥലങ്ങളെ ഓർമ്മിപ്പിച്ചു. പുരാണത്തിലെ പഞ്ചപാണ്ഡവന്മാരും ശ്രീരാമ ലക്ഷ്മണന്മാരും കാടിന്റെ മർമ്മം തൊട്ടറിഞ്ഞ് കാടിനെ ജീവിതമാക്കിയതും പെട്ടെന്ന് ഓർമ്മയിലൂടെ കടന്നുപോയി.

കാട് നമ്മുടെ പൈതൃകമാണെന്നും അവിടത്തെ ജീവജാലങ്ങളും സഹജീവികളും മനുഷ്യരും എല്ലാം കാടിന്റെ മക്കളാണെന്നുള്ള തിരിച്ചറിവ് ഒരു നിമിഷം മിന്നിമറഞ്ഞു. ടീമംഗങ്ങൾ ഇടയ്ക്കിടെ പറയുന്ന തമാശകൾ കലർന്ന സംഭാഷണങ്ങൾ ചിലപ്പോൾ കാട്ടിൽ നിന്ന് വളരെ അകലെ കൂടെയാണ് സഞ്ചരിക്കുന്നതെന്ന് തോന്നിപ്പിച്ചു. ഇടയ്ക്കിടെ ചില വെളിസ്ഥലങ്ങൾ ദൃശ്യമായി. കാട്ടരുവികളുടെ ആരവം പിന്നെയും ഞങ്ങളെ കാടിന്റെ ആത്മാവിലേയ്ക്ക് കൊണ്ടുപോയി. യാത്ര തുടർന്നുകൊണ്ടേയിരുന്നു.

വീണ്ടും ഉയർച്ചകളും താഴ്ചകളും ഒരു സ്വപ്നത്തിലെന്നപോലെ കടന്നുപോയി. ടീമംഗങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടേയിരുന്നു. ചില സ്ഥലങ്ങളിൽ എപ്പോഴും കാട്ടുമൃഗങ്ങൾ മുന്നിൽ പ്രത്യക്ഷപ്പെടാം എന്ന പ്രതീതി ഉണ്ടാക്കി. ടീം ജാഗ്രതയോടെ തന്നെ മുന്നോട്ടു നീങ്ങി യാത്ര തുടർന്നു മൂന്ന് മണിക്കൂറുകൾക്കുശേഷമാണ് ഞങ്ങൾ ആദ്യത്തെ കുടിയിലെത്തിയത്. ഒരു ചെറിയ നദി കടന്നുവേണം കുടിയിലെത്താൻ. നദിയിൽ വെള്ളം കുറവായതിനാൽ കല്ലുകളുടെ പുറത്ത് ചവിട്ടിയാണ് ഞങ്ങൾ അക്കരെയെത്തിയത്. നേരം സന്ധ്യയോടടുത്തു.

**കാട് നമ്മുടെ പൈതൃകമാണെന്നും അവിടത്തെ ജീവജാലങ്ങളും സഹജീവികളും മനുഷ്യരും എല്ലാം കാടിന്റെ മക്കളാണെന്നുള്ള തിരിച്ചറിവ് ഒരു നിമിഷം മിന്നിമറഞ്ഞു.**



## കാടിന്റെ ശൂന്യതയിൽ

പെട്ടെന്ന് കുടിയിൽ ഇരുട്ടു പരക്കാൻ തുടങ്ങി. കുടിയിലെ കുടിലുകളുടെ ചെറിയ രൂപങ്ങൾ അന്തരീക്ഷത്തിൽ ചെറിയ രൂപങ്ങൾ സൃഷ്ടിച്ചു. അന്തരീക്ഷം തണുക്കാൻ തുടങ്ങിയിരുന്നു. പരപ്പയാർക്കുടിയിലെ ആകാശത്തിന് താഴെ ഞങ്ങളിരുന്നു. നിലാവുള്ള രാത്രിയുടെ ആരംഭമായിരുന്നു. അകലെ പരപ്പയാറിന് അക്കരെ മരക്കൂട്ടങ്ങളുടെയും പാറനിരകളുടെയും വികൃത രൂപം നിലാവിൽ കണ്ടു. ചന്ദ്രനഭിമുഖമായി നിൽക്കുന്ന കാട്ടുമരത്തിന് എന്തോ പ്രത്യേക ഭംഗിയുണ്ടെന്ന് തോന്നി. കാടിന്റെ ശൂന്യതയിൽ അപ്പോൾ നിലാവ് പരന്നിരുന്നു. കാട്ടുവിറകുകളും കമ്പുകളും കൊണ്ട് ആഴി കൂട്ടി എല്ലാപേരും ചുറ്റിലുമിരുന്ന് തീകായാൻ തുടങ്ങി. അടുത്ത ദിവസം ആരംഭിക്കാൻ പോകുന്ന സർവ്വേയെപ്പറ്റി സംസാരിച്ചു ധാരണയുണ്ടാക്കി. എല്ലാ കാര്യത്തിനും ഞാൻ ചുക്കാൻ പിടിച്ചു. രാവിലെ സർവ്വേ ആരംഭിക്കണമെന്നും അതിന് ടീമംഗങ്ങൾ എല്ലാം റെഡിയാണെന്നും സമ്മതിച്ചു. ഞങ്ങളുടെ താമസസൗകര്യത്തിന് കിട്ടിയ ചെറിയ രണ്ടു മുറികളും ഒരു ഹാളും ചേർന്ന വാസസ്ഥലത്തേയ്ക്ക് നീങ്ങി. തണുപ്പ് അതിന്റെവീര്യം വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. എല്ലാപേരും കമ്പിളിക്കുള്ളിലും സ്വറ്ററിലും അഭയം പ്രാപിച്ചു.

പിറ്റേന്ന് രാവിലെ ടീമിലെ അംഗങ്ങൾ രണ്ട് ഗ്രൂപ്പായി തിരിഞ്ഞ് കുടിലിലേയ്ക്ക് പോയി. കുടിൽ നിവാസികൾ പൂർണ്ണമായും സർവ്വേയ്ക്ക് സഹകരണം നൽകി. കുടിലുകളിലെ ജീവിതം തയ്യാറാക്കിക്കൊണ്ടുപോയ ഫോർമാറ്റുകളിലേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. വളരെ ചെറിയ കുടിലുകളിൽ താമസിക്കുന്നവരുടെ വലിയ സ്വപ്നങ്ങൾക്ക് പരിമിതികളുണ്ടായിരുന്നു. കൃഷിയും വനവിഭവശേഖരണവുമാണ് എല്ലാപേരുടെയും പ്രധാന തൊഴിൽ. വനവിഭവ ശേഖരണത്തിന്റെ സമയം മാർച്ച് മാസം ആകുമ്പോഴേ തുടങ്ങുകയുള്ളൂ. കൃഷിയിൽ പ്രധാനം ഏലമാണ്. റാഗിയും കൃഷി ചെയ്യുന്നുണ്ട്. ചുരുക്കം കുട്ടികൾ ദൂരെ മറയൂരിൽ വിദ്യാഭ്യാസം ചെയ്യുന്നു. സ്ത്രീകളും പുരുഷൻമാരും കാട്ടിൽ പണി ചെയ്യുന്നു. കൂലിപ്പണി ചെയ്യുന്ന ഒരാൾക്ക് ദിവസം 60 രൂപാ ലഭിക്കും. കൃഷി ഇപ്പോൾ ലാഭകരമല്ലെന്ന് അവർ പറയുന്നു. ഏലത്തിന് ഇക്കൊല്ലവും ചീയൽ രോഗം പിടിപെട്ടു. വരുമാനം കുറഞ്ഞു. അതുകൊണ്ട് അവരുടെ കടത്തിന്റെ വ്യാപ്തി വർദ്ധിച്ചു. രണ്ടുനേരം ഭക്ഷണം കഴിക്കുന്നുണ്ട്. രാവിലെയും വൈകിട്ടും. ചോറാണ് പ്രധാന ആഹാരം, റാഗിയും ഇടയ്ക്കിടെ ഭക്ഷിക്കും.

## കുടി–ഒരു ആവാസ വ്യവസ്ഥ

അടുത്തടുത്ത ചെറിയ കുടിലുകളിലാണ് മുതുവാൻമാർ താമസിക്കുന്നത്. കുടിലുകളുടെ മേൽക്കൂരകൾ കാട്ടുകമ്പും ഇലകളുംകൊണ്ട് ഉണ്ടാക്കിയിരിക്കുന്നു. കമ്പുകളും ഈറ കഷ്ണങ്ങളും കൊണ്ടു ഫ്രെയിമുള്ള ഭിത്തികൾക്കിടയിൽ ചെളി നിറയ്ക്കുന്നു. അതിന്റെ പുറത്ത് ഇളം ചുമപ്പും മഞ്ഞയും കലർന്ന കാട്ടിലെ മണ്ണ് കുഴമ്പ് രൂപത്തിലാക്കി വളരെ വൃത്തിയായി പൂശിയിരിക്കുന്നു. തറയും ചെളി കൊണ്ട് മെഴുകിയിട്ടുണ്ട്. ഒരു ചെറിയ മുറിയും അതിനോട് ചേർന്നുള്ള ചെറിയ അടുക്കളയുമാണ് കുടിലുകളുടെ രൂപം. ചില കുടിലുകളിൽ ഈറയും ചൂരലും ഉപയോഗിച്ച് തട്ടുകൾ അടിച്ചിട്ടുണ്ട്. ഇതിൽ ധാന്യങ്ങളും മറ്റു ഭക്ഷ്യവസ്തുക്കളും സൂക്ഷിക്കുന്നു. തല കുനിച്ചു മാത്രമേ കുടിലിൽ പ്രവേശിക്കാൻ കഴിയുകയുള്ളൂ. എത്ര ചൂടുള്ള സമയത്തും തണുപ്പാണ് കുടിലിനുള്ളിൽ. ഇത്തരം ഒരു കുടിലിൽ ഞാൻ രണ്ടു ദിവസം ആദിവാസി യുവാക്കളോടൊപ്പം രാത്രിയിൽ ഉറങ്ങുകയുണ്ടായി. വീടിന്റെ പരിസരം പൊതുവെ വൃത്തിയുള്ളതാണ്. ഇത്തരം കുടിലുകൾ ചേർന്ന ഒരു ആവാസ വ്യവസ്ഥയെയാണ് കുടി എന്നു പറയുന്നത്. കുടികൾക്ക് പൊതു വ്യവസ്ഥയും നിയമങ്ങളും ഉണ്ട്. ഒരു കുടിക്ക് ഒരു കാരണവരും തലൈവരും ഉണ്ടാകും. കുടിയിലെ പൊതു തീരുമാനങ്ങൾ കൈക്കൊള്ളുന്നത് ഇവരാണ്. എല്ലാവരും ഒത്തൊരുമയോടെയാണ് കഴിയുന്നത്. സ്ത്രീകളെയും പുരുഷന്മാരെയും രണ്ടോ മൂന്നോ അംഗങ്ങളായ ഗ്രൂപ്പുകളായേ കാണാൻ കഴിയുകയുള്ളൂ. അവരുടെ ഇടയിൽ സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ പാലം എപ്പോഴും ബന്ധിച്ചിരിക്കും, യാത്രപോകുമ്പോഴും രണ്ടോ മൂന്നോ പേർ ഒരുമിച്ചാണ് പോകുന്നത്. ഒരു പക്ഷേ കാട്ടിൽ കൂടിയുള്ള യാത്രയായതുകൊണ്ടാവാം. കാട് അവർക്ക് ജീവിതവും ആശ്രയവുമാണ്. കാട്ടുമൃഗങ്ങൾ പോലും അവരോട് സൗഹൃദം കാട്ടുന്നു. കാടിന്റെ ആഴവും പരപ്പും അവർക്ക് നല്ലതുപോലെ അറിയാം. കാട് ജീവിതത്തിന് കവചമായി ചുറ്റും വ്യാപിച്ചുകിടക്കുന്നു. അതിന്റെ നടുവിലുള്ള ചെറിയ തുരുത്തിൽ അവർ ജീവിതം കരുപിടിപ്പിക്കുന്നു. എല്ലാപേരും അദ്ധ്വാനശീലരാണ്. കുട്ടികൾപോലും. കുടിയിലുണ്ടാകുന്ന ആഘോഷങ്ങളിലെ ഊരു നിവാസികളുടെ കൂട്ടായ്മ കാണാം. ഇത്തരം സന്ദർഭങ്ങളിൽ എല്ലാപേരും ഒത്തൊരുമിച്ചു ജോലി ചെയ്യുന്നു.

## ചെന്നായ്പ്പാറ


ഒന്നാം ദിവസം പരപ്പയാർ കുടിയിൽ ആരംഭിച്ച സർവേ അന്ന് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. രണ്ടാം ദിവസം അവിടെ നിന്ന് അടുത്ത കുടിയായ ചെന്നായ്പ്പാറയിലെത്തുന്നതിന് പരപ്പയാറിൽ നിന്ന് ഒന്നര മണിക്കൂർ വനത്തിൽ കൂടി സഞ്ചരിക്കണം. ചെന്നായ്പ്പാറ ചെറിയ കുടിയാണ്. കുടിലുകൾക്ക് വളരെ അടുത്തു തന്നെ കാട്ടുമൃഗങ്ങളുടെ സാമീപ്യം ഉണ്ടെന്ന് കുടിക്കാർ ഞങ്ങളോട് പറഞ്ഞു. ഇവിടത്തെ കുടിലുകളും പരപ്പ യാറിൽ നിന്ന് വ്യത്യസ്തമല്ല. ഒരാൾ മാത്രം താമസിക്കുന്ന ചെറിയ കുടി പോലും ഉണ്ട്. കുടിയിലെ പളനി സ്വാമി പുതിയ കുടി കെട്ടുന്നു. ഒരാൾ ഉയരത്തിലുള്ള കുടി. ഭിത്തിക്കുള്ള ഫ്രെയിമും മേൽക്കൂരയും കാട്ടുകമ്പുകൾ കൊണ്ടും ഈറ്റയിലയും കാട്ടിലകളും കൊണ്ട് ഉണ്ടാക്കിയിരിക്കുന്നു. ചെറിയ കുടിലുകളാണെങ്കിലും ആദിവാസികളുടെ തനതുശൈലി അതിൽ പ്രകടമാണ്. പെട്ടെന്നാണ് അതിന്റെ മുൻപിൽ നിന്ന് ഫോട്ടോയ്ക്ക് പോസു ചെയ്യണമെന്ന് എനിക്ക് തോന്നിയത്. ടീമിലെ ഒരാൾ എന്റെ ഫോട്ടോ എടുത്തു. ടീമിലെ അംഗങ്ങൾ മൂന്ന് ഗ്രൂപ്പായിട്ടാണ് സർവ്വേ നടത്തിയത്. ഇതിനിടെ കുടിയിലെ താമസക്കാരുമായി സൗഹൃദം പങ്കിട്ടു. വിവരങ്ങൾ ചോദിച്ചറിഞ്ഞു. ഇടമലക്കുടി പട്ടികവർഗ്ഗ ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡന്റായ രാജങ്കവുമായി പല കാര്യങ്ങളും സംസാരിച്ചു. അയാളുടെ കൈയിൽ ഇരുന്ന ൽ അഭിപ്രായം രേഖപ്പെടുത്തി. കേരള നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ രാജാങ്കത്തിന് അയച്ച കത്ത് കണ്ടു. ഇടുക്കി കളക്ടറുടെ സന്ദർശനം സംബന്ധിച്ചുള്ള അഭിപ്രായവും കാണുകയുണ്ടായി.

അൽപനേരത്തെ വിശ്രമത്തിനുശേഷം വീണ്ടും തിരികെ പരപ്പയാറിലേയ്ക്ക്. പരപ്പയാറിൽ എത്തിയപ്പോൾ കുടിയിലെ മുതിർന്ന കാരണവരായ ആഞ്ജനം ഞങ്ങളെ കാത്തു നിൽക്കുന്നു. തുടർന്ന് ഭക്ഷണത്തിനുശേഷം അദ്ദേഹം താമസിക്കുന്ന കുടിയിലുള്ള വീടുകൾ സന്ദർശിക്കുകയും സർവ്വേ നടത്തുകയും ചെയ്തു. സംഘം താമസ സ്ഥലത്തെത്തിയപ്പോൾ രാത്രി 8 മണി. ആദിവാസി ഭക്ഷണമായ റാഗി കുറുക്കിയത് കഴിച്ച് എല്ലാപേരും കുശലം പറഞ്ഞ് വീണ്ടും ഒരു രാത്രിയുടെ ഉറക്കത്തിലേയ്ക്ക് പോയി.

(തുടരും)

*ലേഖകൻ*
*ജനകീയാസൂത്രണം – സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ അംഗമാണ്*





**കണ്ണൻ രാമന്തളി**



# ഏഴിമല നാവിക അക്കാദമി
# രാമന്തളിയുടെ വികസനപാതയിലെ തിലകക്കുറി

തളിയാതിരിമാരുടെ നാടായിരുന്ന രാമന്റെ തളി വികസനപാതയിൽ ഒരു കുതിച്ചുചാട്ടം നടത്തുകയാണ്. ഇന്ത്യൻ നാവിക സേനയുടെ അഭിമാനസ്തംഭമായ നാവിക അക്കാദമി ജനുവരി 08ന് പ്രൗഢ ഗംഭീരമായ ചടങ്ങിൽ പ്രധാനമന്ത്രി ഡോ.മൻമോഹൻസിങ് രാഷ്ട്രത്തിനായി സമർപ്പിച്ചു കഴിഞ്ഞു.

ചരിത്രമുറങ്ങുന്ന രാമന്തളി ഇന്നു ഏഷ്യയോളം ഉയർന്നിട്ടുണ്ട്. പറങ്കികളുടെ പടയോട്ടം നടത്തിയ ഏഴിമലയിലാണ് ഏഷ്യയിലെ തന്നെ ഒന്നാംകിടയിലുള്ള നേവൽ അക്കാദമി പടുത്തുയർത്തിയിട്ടുള്ളത്. മൂഷിക രാജവംശം നാടുവാണിരുന്നതിനാലാണ് 'ഏഴിമല' എന്ന നാമധേയം നിലനിന്നിരുന്നതത്രേ. ഏഴിൽമല (ഏഴുമലകളുടെ കൂട്ടം) എലിമല എന്നും പേരു പറഞ്ഞു വരുന്നു. മാർക്കോപോളയുടെ സഞ്ചാരക്കുറിപ്പിലും ഇതിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ടിപ്പുസുൽത്താനും ഇവിടെ കാലുകുത്തിയിട്ടുണ്ട്. അതിന് നിദാനമായി ടിപ്പു പണിത കോട്ടയും ഇവിടെയുണ്ട്.

ഇതിന്റെ തുടക്കത്തിൽ അക്കാദമി തമിഴ്നാട്ടിലെ ചിങ്കൽപേട്ടയിലേയ്ക്ക് പോകും എന്നു വന്നപ്പോൾ ഇന്ത്യയിൽ ഇതിന് ഏറ്റവും അനുകൂലമായ സ്ഥലം ഏഴിമലയാണെന്ന് അധികൃതർ തീർപ്പ് കല്പിച്ചു. കടലുമായി ഇത്ര സാമീപ്യമുള്ള ഒരു പ്രദേശം മറ്റെങ്ങുമില്ലായിരുന്നു. ഈ മലയിൽ മൃതസഞ്ജീവനി ഉണ്ടായിരുന്നു എന്നതിനും ഐതിഹ്യമുണ്ട്. രാമരാവണ യുദ്ധത്തിൽ ഇന്ദ്രജിത്തിന്റെ ശരമേറ്റ് മോഹാലസ്യപ്പെട്ടു കിടക്കുന്ന ലക്ഷ്മണനുവേണ്ടി ഹനുമാൻ മൃതസഞ്ജീവനി കൊണ്ടുപോകുമ്പോൾ അതിൽനിന്നും അടർന്നുവീണതാണ് ഏഴിമല എന്നും പറഞ്ഞുവരുന്നുണ്ട്. ഇതിനഭിമുഖമായിട്ടാണ് പരിയാരത്ത് (ഇന്നത്തെ പരിയാരം മെഡിക്കൽകോളേജ്) പണ്ട് ടി.ബി. സാനിറ്റോറിയം നിർമ്മിച്ചത് എന്നും അനുമാനിക്കുന്നു.

രാമന്തളിതറയിലെ നായന്മാർ പണ്ടുകാലങ്ങളിൽ നായാട്ടിനുപോകുന്നത് ഏഴിമലയിലാണ്. വന്യമൃഗങ്ങളും ഇവിടെ ഉണ്ടായിരുന്നു. അന്നവർക്ക് നായാടി കിട്ടിയ മാനിറച്ചി പച്ചിലകളിൽ പൊതിഞ്ഞു വീട്ടിലെത്തിയപ്പോൾ ആ ഇറച്ചി കഷ്ണങ്ങൾക്ക് രോമം കിളുർത്തതായും അന



*ഏഴിമല നാവിക അക്കാദമി പ്രധാനമന്ത്രി മൻമോഹൻസിങ് രാഷ്ട്രത്തിന് സമർപ്പിച്ചപ്പോൾ. നാവിക മേധാവി സുരീഷ് മേത്ത, മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, കേന്ദ്ര മന്ത്രിമാരായ എ.കെ. ആന്റണി, ഇ. അഹമ്മദ്, പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, വൈസ് അഡ്മിറൽ സുനിൽ കെ. ഡാംമ്‌ലെ, മന്ത്രി പി.കെ. ശ്രീമതി, പി. കരുണാകരൻ എം.പി, റിയർ അഡ്മിറൽ എ.പി. മുരളീധരൻ എന്നിവർ സമീപം.*

ക്കമുണ്ടായതായും പറയുന്നു. ഇതറിഞ്ഞ നായർ ആ ഇല തേടി മലയിൽ പോവുകയും കണ്ടുപിടിക്കാൻ കഴിയാതെ തിരിച്ചുവരികയും ചെയ്തു.

തനിക്കു കിട്ടിയ ഇല ഉണക്കിപ്പൊടിച്ചു സൂക്ഷിച്ചുവെച്ചു. പിന്നീടൊരിക്കൽ കാളകാടത്തു നാഗത്തിൽ ഒരു സർപ്പം പരിക്കേറ്റ് കിടന്നതു കണ്ടപ്പോൾ നായർ താൻ സൂക്ഷിച്ചുവെച്ച ഇലപ്പൊടി സർപ്പത്തിന്റെ മുറിവിലിട്ടുകൊടുക്കുകയും ആ നാഗത്താൻ സുഖം പ്രാപിക്കുകയും ചെയ്തുവത്രെ. പിന്നീടെപ്പോഴോ മഞ്ചേരി നായർ തറവാട്ടിൽ ഒരു കന്യകയുടെ മംഗല്യസൂത്രമണിയുമ്പോൾ സർപ്പം കല്യാണപ്പന്തലിലൂടെ വന്നു രത്നക്കല്ല് ഇട്ടുകൊടുത്തതായും പഴമക്കാർ പറഞ്ഞുവരുന്നു.

ലോകത്തിൽതന്നെ ഏറ്റവും വലിയ നാവിക അക്കാദമിയായി ഏഴിമല മാറും. കണ്ണൂർ വിമാനത്താവളം കൂടി യാഥാർത്ഥ്യമായാൽ കണ്ണൂർ കാസർകോടു ജില്ലകളിൽ ഏറ്റവും വലിയ വികസനമാണുണ്ടാവുക. അക്കാദമിക്കു തൊട്ടടുത്തു തന്നെ രാമന്തളിയിൽ കോസ്റ്റ് ഗാർഡിന്റെ ആവാസകേന്ദ്രവും വരുന്നു. സി.ആർ.പി.യുടെ പരിശീലനകേന്ദ്രവും ഇതിന് തൊട്ടടുത്തുള്ള പെരിങ്ങോത്താണ്. പയ്യന്നൂരിന്റെ വികസനവും ഏഴിമല പയ്യന്നൂർ റെയിൽവേ സ്റ്റേഷന്റെ നവീകരണവും ഇതോടെ സുസാധ്യമാകുന്നു. നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന രാമന്തളിക്കു ഏഴിമല റെയിൽവേ സ്റ്റേഷനും, കുഞ്ഞിമംഗലം പഞ്ചായത്തുമായി ബന്ധപ്പെടാൻ പുതിയ പുഴക്കര പാലം പണി തുടങ്ങിക്കഴിഞ്ഞു. പയ്യന്നൂർ മുൻസിപ്പാലിറ്റിയുമായി ബന്ധിക്കാൻ ചുളക്കടവുപാലവും പരിഗണനയിലാണ്.

മഴക്കാലത്തു ഇവിടെയുള്ള മത്സ്യത്തൊഴിലാളികൾക്ക് നേവിയുടെ സഹായം ലഭ്യമാകും. ഏഴിമല-ബാംഗ്ലൂർ റോഡ് നിർമ്മാണവും പൂർത്തിയായാൽ വികസനം മുരടിച്ച ഈ പ്രദേശം അഭൂതപൂർവ്വമായ ഔന്നത്യത്തിലെത്തും, തീർച്ച.


കേരള സർക്കാരും അക്കാദമിക്കു വേണ്ടി നിസ്സീമമായ സഹായങ്ങൾ ചെയ്തിട്ടുണ്ട്. അങ്ങനെ കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ വികസനത്തിന്റെ പാതയിലൂടെ കുതിച്ചുചാട്ടം നടത്തുമ്പോൾ ഏഴിമല നാവിക അക്കാദമി രാമന്തളി പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഒരു പൊൻതൂവലായി മാറുകയാണ്. ഈ ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാൻ കഴിഞ്ഞതിൽ ഏവർക്കും അഭിമാനിക്കാം.

*ലേഖകൻ*
*രാമന്തളി പഞ്ചായത്ത് വൈസ്പ്രസിഡന്റാണ്*



# പഞ്ചായത്ത് അക്കൗണ്ട് ചോദ്യങ്ങളും ഉത്തരങ്ങളും


**മറുപടി തയ്യാറാക്കിയത് : ഉദയഭാനു കണ്ടേത്ത്**
ഓഡിറ്റ് കൺസൾട്ടന്റ്
മൊബൈൽ 9447454221

***ചോദ്യം :***

ഒരു വർഷത്തെ പഞ്ചായത്തിന്റെ സാമ്പത്തിക ഇടപാടുകളുടെ റെക്കോർഡാണ് കാഷ്ബുക്ക്. ഒരു വർഷം പഞ്ചായത്തിനു ലഭിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ കൃത്യമായി കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നു. എന്നാൽ ഈ ഫണ്ടുകളിൽ വരുന്ന ചെലവുകൾ കൃത്യമായി കാഷ്ബുക്കിലോ ചെലവ് രജിസ്റ്ററിലോ അതേ സാമ്പത്തിക വർഷം തന്നെ രേഖപ്പെടുത്തുന്നില്ല. ഇംപ്ലിമെന്റിംഗ് ഓഫീസർമാർ അടുത്തമാസം 5-ാം തീയതി നൽകുന്ന ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമാണ് ഈ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നത്. മാർച്ച് അവസാനവാരം ട്രഷറിയിൽ നൽകുന്ന ബില്ലിൽ ബാങ്കിൽ നിന്നും തുക ലഭിക്കുന്നത് ഏപ്രിൽ 10-ാം തീയതിയാണ്. "ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിച്ച ദിവസമാണ് കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നത്. ബിൽ ട്രഷറിയിൽ സമർപ്പിച്ചതും പി. ഒ സി ലഭിച്ചതും ചലാൻ ലഭിച്ചതും മറ്റും നേരത്തേയുള്ള ദിവസങ്ങളിലായിരിക്കും. അക്കാര്യം പ്രസക്തമല്ല" (നവംബർ 2007 ലക്കം). ബിൽ തയ്യാറാക്കുന്ന അതേ വർഷം തന്നെ വൗച്ചറായി കാഷ്ബുക്കിൽ രേഖപ്പെടുത്താൻ ഇതുപ്രകാരം സാധിക്കുന്നില്ല.

ആയതിന് വിശദീകരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു.

– അഷറഫ് വി.എൻ
കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

**ഉത്തരം :**

ഒരു വലിയ തെറ്റുധാരണയിൽ നിന്നാണ് ഈ ചോദ്യം ഉദിക്കുന്നത്. ചോദ്യത്തിൽ ധ്വനിപ്പിക്കുന്നതുപോലെ വികസന ഫണ്ടിലേയും മെയിന്റനൻസ് ഫണ്ടിലേയും ചെലവുകൾ അതേ സാമ്പത്തിക വർഷം തന്നെ രേഖപ്പെടുത്തേണ്ടതില്ലെന്നും മാർച്ച് അവസാന ദിവസം ട്രഷറിയിൽ ബിൽ സമർപ്പിച്ച് ഏപ്രിലിൽ ലഭിക്കുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് അടുത്തവർഷത്തെ കണക്കിൽ ഉൾക്കൊള്ളിച്ചാൽ മതിയെന്നും ലേഖന പരമ്പരയിൽ ഒരിടത്തും പറഞ്ഞിട്ടില്ല.

നവംബർ 2007 ലക്കത്തിൽ വന്ന ലേഖനപരമ്പരയുടെ 5-ാം ഭാഗത്തിലെ മൂന്നു വാക്യങ്ങൾ ചോദ്യത്തിൽ ഉദ്ധരിച്ചിരിക്കുന്നു.

ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിച്ച ദിവസവും, നിർവഹണ ഉദ്യോഗസ്ഥന്റെ ചെലവ് സ്റ്റേറ്റ്മെന്റ് ലഭിക്കുന്ന ദിവസവും തന്നെയാണ് സാധാരണയായി കാഷ് ബുക്കിൽ തുക രേഖപ്പെടുത്തേണ്ടത്. എന്നാൽ ഒരു സാമ്പത്തിക വർഷം ട്രഷറിയിൽ നിന്നു പിൻവലിക്കേണ്ട തുകകളെല്ലാം മാർച്ച് 31 അർദ്ധരാത്രിക്കകം പിൻവലിച്ചുകഴിഞ്ഞിരിക്കും. ട്രഷറിയുടെയും ബാങ്കിന്റെയും കണക്കുകളിൽ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ നിന്നുള്ള ചെലവായി ഈ തുകകൾ മാർച്ച് 31 നകം രേഖപ്പെടുത്തിയിരിക്കും. അതിനാൽ ഈ തുകകളുടെ ചെലവ് കാഷ് ബുക്കിൽ മാർച്ച് 31 നു തന്നെ രേഖപ്പെടുത്തണം.

മാർച്ച് 31 ന് ബിൽ സമർപ്പിച്ച് പിൻവലിച്ച തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ഏപ്രിൽ മാസത്തിൽ ലഭിച്ചാലും അത് മാർച്ച് 31 ന് തന്നെ കൺസോളിഡേറ്റഡ് ഫണ്ടിലോ പബ്ലിക് അക്കൗണ്ടിലോ നിന്നു പിൻവലിച്ച തുകയായിട്ടാണ് ട്രഷറിയുടെയും ബാങ്കിന്റേയും അക്കൗണ്ടുകളിൽ രേഖപ്പെടുത്തുന്നത്. പഞ്ചായത്തിന്റെ അക്കൗണ്ടിലും അപ്രകാരം തന്നെയാണ് രേഖപ്പെടുത്തേണ്ടത്. അതിനാൽ ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിക്കാനും നിർവഹണ ഉദ്യോഗസ്ഥന്റെ ചെലവ് സ്റ്റേറ്റ്മെന്റ് ലഭിക്കാനും താമസം നേരിട്ടാലും ഈ തുകകളുടെ ചെലവ് മാർച്ച് 31 ന് രേഖപ്പെടുത്തണം. കാരണം ഇവ പഞ്ചായത്തിന്റെ ഒരു വർഷത്തെ ചെലവിന്റെ ഭാഗമാണ്.

ഒരു സാമ്പത്തികവർഷം നടക്കുന്ന വരവ് ചെലവുകൾ അതേ സാമ്പത്തിക വർഷം തന്നെ കാഷ്ബുക്കിലും വരവ്-ചെലവ് രജിസ്റ്ററുകളിലും രേഖപ്പെടുത്തിയിരിക്കണം. എന്നാൽ ഒരു സാമ്പത്തിക വർഷത്തിനകത്ത് ഒരു മാസത്തെ ചെലവിന്റെ ഒരു ഭാഗം, രേഖകൾ ലഭിക്കാത്തതിനാൽ, അടുത്തമാസം രേഖപ്പെടുത്തിയാലും മതി. കാരണം അക്കൗണ്ട് എന്നതുകൊണ്ട് പ്രാഥമികമായി വിവക്ഷിക്കുന്നത് വാർഷിക അക്കൗണ്ടാണ്.

ഇത്രയും വ്യക്തമായി നവംബർ ലക്കത്തിൽ വിശദീകരിച്ചിരുന്നില്ല. അക്കാരണം കൊണ്ടുണ്ടായ തെറ്റിദ്ധാരണകൾ നീക്കാൻ അവസരം തന്നതിന് ചോദ്യകർത്താവിനോട് കൃതജ്ഞതയുണ്ട്.

***ചോദ്യം 2***

മണിഓർഡർ അയയ്ക്കുന്ന തുകകൾ സ്വീകരിക്കാതെ തിരികെ ലഭിക്കുമ്പോൾ രസീത് എഴുതുകയും വരവ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഈ തുക കാഷ്ബുക്കിൽ ചേർക്കേണ്ടതുണ്ടോ? എങ്കിൽ സ്വീകരിക്കേണ്ട നടപടിക്രമം എന്ത്? വിശദമായി മറുപടി നൽകാൻ അഭ്യർത്ഥിക്കുന്നു.

– മോഹനൻ നായർ
തിരുവനന്തപുരം

**ഉത്തരം**

കാഷ്ബുക്ക്, വരവ്/ചെലവ് രജിസ്റ്ററുകൾ, പ്രതിമാസ/വാർഷിക അക്കൗണ്ട് എന്നിവ അക്കൗണ്ടിംഗിൽ നിർവഹിക്കുന്ന ധർമ്മത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം:

**1. കാഷ്ബുക്ക്:**

കാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി സമ്പ്രദായത്തിലെ അടിസ്ഥാനരേഖയാണ് കാഷ് ബുക്ക്. ഓരോവരവും ചെലവും ആദ്യമായി രേഖപ്പെടുത്തേണ്ടത് കാഷ് ബുക്കിലാണ്. (വരവു രജിസ്റ്ററിലോ ചെലവ് രജിസ്റ്ററിലോ അല്ല). കാഷ് ബുക്കിൽ രേഖപ്പെടുത്താത്ത ഒരു വരവോ ചെലവോ അക്കൗണ്ടിൽ പ്രത്യക്ഷപ്പെടുകയില്ല. ഓഡിറ്റർമാർ ഉൾപ്പെടെ, പരിശോധന നടത്തുന്ന ഓരോ ഉദ്യോഗസ്ഥനും, വരവു-ചെലവുകളുടെ പരിശോധന ആദ്യം ആരംഭിക്കേണ്ടത് കാഷ് ബുക്കിൽ നിന്നാണ്; വരവ്-ചെലവ് രജിസ്റ്ററുകളിൽ നിന്നല്ല; കാരണം കാഷ് ബുക്ക് ആണ് ബുക്ക് ഓഫ് ഒറിജിനൽ എൻട്രി

**2. വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ:**

രസീതുകളും വൗച്ചറുകളും പ്രകാരമുള്ള വരവ്-ചെലവുകളെ ക്ലാസിഫൈ ചെയ്ത് രേഖപ്പെടുത്തുന്നതിനുള്ള ഉപാധിയാണ് വരവ് രജിസ്റ്ററും ചെലവ് രജിസ്റ്ററും. ഇവയെ കംപൈലേഷൻ രജിസ്റ്ററുകൾ എന്നു വിളിക്കാം.

**3. പ്രതിമാസ അക്കൗണ്ട്, വാർഷിക അക്കൗണ്ട്:**

വരവ് ചെലവുകളുടെ സംഗ്രഹിച്ച സമാഹാരങ്ങളാണ് പ്രതിമാസ അക്കൗണ്ടും വാർഷിക അക്കൗണ്ടും.

1941ൽ അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ്സ് താഴെപറയും പ്രകാരമുള്ള നിർവചനമാണ് അക്കൗണ്ടിംഗിന് നൽകിയത്. 'സാമ്പത്തിക ഇടപാടുകളെ രേഖപ്പെടുത്തുകയും, ക്ലാസിഫൈ ചെയ്യുകയും സംഗ്രഹിക്കുകയും ചെയ്യുന്ന കലയാണ് അക്കൗണ്ടിംഗ്.'

കാഷ്ബുക്ക് രേഖപ്പെടുത്തുന്നു; വരവ്: ചെലവ് രജിസ്റ്ററുകൾ ക്ലാസിഫൈ ചെയ്യുന്നു; പ്രതിമാസ/വാർഷിക അക്കൗണ്ട് സംഗ്രഹിക്കുന്നു.

ഇത്രയും പറഞ്ഞുകഴിഞ്ഞാൽ പിന്നെ, 'വരവ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുന്നു; കാഷ്ബുക്കിൽ ചേർക്കേണ്ടതുണ്ടോ?' എന്ന ചോദ്യത്തിനു പ്രസക്തിയില്ലല്ലോ.

സ്വീകരിക്കാതെ തിരിച്ചു വരുന്ന മണിഓർഡറുകൾ സംബന്ധിച്ച നടപടിക്രമം വിവരിക്കാം.

ലഭിച്ച തുകയ്ക്ക് രസീത് എഴുതണം; കളക്ഷൻ രജിസ്റ്ററിൽ ആ ദിവസത്തെ കളക്ഷനിൽ ഇത്തരം തുകകൾ ഉൾപ്പെടുത്തരുത്; പ്രത്യേകമായി എഴുതണം. കളക്ഷൻ മാത്രം ഒറ്റ തുകയായി കാഷ് ബുക്കിൽ എഴുതുക. ഓരോ മണിഓർഡറിനും നൽകിയ രസീത് വിവരം കാഷ്ബുക്കിൽ പ്രത്യേകം രേഖപ്പെടുത്തുക.

പോസ്റ്റ്മാസ്റ്ററുടെ പേരിലാണ് രസീത് എഴുതേണ്ടത്. പക്ഷേ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് രസീത് ആശ്യപ്പെടാത്തതിനാൽ രസീത്, മണിഓർഡർ കൗണ്ടർഫോയിലിനോടൊപ്പം സൂക്ഷിച്ചാൽ മതി. പണം കൃത്യമായി അക്കൗണ്ടിൽ ഉൾപ്പെടുത്താൻ വേണ്ടിയാണ് രസീത് എഴുതുന്നത്.

വാർദ്ധക്യകാലപെൻഷൻ തുകയാണ് മണിഓർഡർ റിട്ടേൺ ആയി തിരികെ ലഭിച്ചതെന്നു കരുതുക. എങ്കിൽ രസീത് എഴുതി കാഷ്ബുക്കിൽ വരവ് ഭാഗത്ത് കാഷ് കോളത്തിൽ തുക രേഖപ്പെടുത്തുക. '2235-03-101 ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി' എന്ന് ക്യാഷ് ബുക്കിൽ ക്ലാസിഫിക്കേഷൻ രേഖപ്പെടുത്തണം. തുടർന്ന് ഇതേ തുക ചെലവ് രജിസ്റ്ററിൽ മേൽപറഞ്ഞ കോളത്തിൽ മൈനസ് ആയി രേഖപ്പെടുത്തുകയും വേണം.

തുക ട്രഷറിയിൽ തിരിച്ചടയ്ക്കുന്നതിന് കണ്ടിജന്റ് ബിൽ തയ്യാറാക്കി ട്രഷറിയിൽ പണം തിരിച്ചടച്ചശേഷം ട്രഷറിയിൽ നിന്നു ലഭിച്ച ചെലാൻ വൗച്ചറിന്റെ കൂടെ വെയ്ക്കണം. ക്യാഷ്ബുക്കിൽ ചെലവ് ഭാഗത്ത് വൗച്ചർ നമ്പർ നൽകി ക്യാഷ് കോളത്തിൽ തുക രേഖപ്പെടുത്തണം. '1601-01 -800-99 ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി' എന്ന് ക്ലാസിഫിക്കേഷൻ രേഖപ്പെടുത്തണം. തുടർന്ന് വരവ് രജിസ്റ്ററിൽ മൈനസ് എൻട്രിയായി മേൽപറഞ്ഞ തുക രേഖപ്പെടുത്തുകയും വേണം.

തിരികെ ലഭിച്ച പെൻഷൻ മണിഓർഡറുകളുടെ വിവരം പെൻഷൻ മണിഓർഡർ രജിസ്റ്ററിലും രേഖപ്പെടുത്തണം.



# സാംസ്കാരിക സംരംഭങ്ങളിലേയ്ക്ക് കുടുംബശ്രീ ചുവടുവയ്ക്കുമ്പോൾ...

കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനത്തിൽ മുഖ്യപങ്കാളിയായി മാറിയിരിക്കുന്ന കുടുംബശ്രീയുടെ ഇരുപതിനായിരത്തിലേറെ വരുന്ന വൈവിദ്ധ്യമാർന്ന മൈക്രോ സംരംഭങ്ങളിൽ വേറിട്ടുനിൽക്കുന്ന സാംസ്കാരിക സംരംഭങ്ങളിലൊന്നാണ് കോട്ടയം ജില്ലയിലെ കേളി വനിതാ ശിങ്കാരി മേളം. ഉൽസവങ്ങളുടെ സീസൺ വന്നതോടെ കേളിയുടെ അംഗങ്ങളുടെ മനസ്സിൽ വാദ്യമേളത്തിന്റെ താളവും രാഗവും മാത്രമേയുള്ളൂ. വേദികളിൽനിന്നും വേദികളിലേയ്ക്കുള്ള പ്രയാണത്തിനിടയിൽ കുടുംബപ്രാരാബ്ധങ്ങൾക്ക് തൽക്കാലത്തേയ്ക്ക് വിട. ജീവിതത്തിന്റെ ഭാരം ചുമക്കാനായി അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക് വന്ന സാധാരണക്കാരായ ഈ വീട്ടമ്മമാരുടെ ദിനങ്ങൾ തികച്ചും വ്യത്യസ്തമാണ്.

കേരളത്തിൽ സംരംഭകത്വ സ്വഭാവമുള്ള നിരവധി കലാരൂപങ്ങളുണ്ട്. പണ്ട് രാജസദസ്സിലും ഇല്ലങ്ങളിലും മാത്രമായി അരങ്ങേറിപ്പോന്നിരുന്ന കൂത്ത്, കഥകളി തുടങ്ങിയ പരമ്പരാഗത കലാരൂപങ്ങൾക്ക് ഇന്നത്തെ പോലെയുള്ള സംരംഭകത്വസ്വഭാവം ഉണ്ടായിരുന്നില്ലെങ്കിലും പാരിതോഷികം കൈപ്പറ്റിപ്പോന്ന ഒരു കൂട്ടം കലാകാരന്മാരുടെ കൂട്ടായ്മയായിരുന്നു അത്. അതായത് കല ജീവനമാർഗ്ഗമായി സ്വീകരിച്ചുവന്നവരുടെ സംഘം. ആ പാരിതോഷികം കലാകരനുതന്നെ നേരിട്ടു ലഭിച്ചുപോന്നിരുന്നെങ്കിലും കലാകാരന്റെ ജീവിതം എന്നും നിത്യദാരിദ്ര്യത്തിലകപ്പെട്ട സ്ഥിതിവിശേഷമാണ് നിലനിന്നിരുന്നത്. ഇതിനൊരു മാറ്റമുണ്ടാകുന്നത് നാടകശാലകളുടെ ആവിർഭാവത്തോടെയാണ്. കലയിലൂടെ വരുമാനമുണ്ടാക്കാനാകും എന്ന് മനസ്സിലായതോടെ കേരളത്തിലങ്ങോളമിങ്ങോളം പ്രൊഫഷണൽ നാടകക്കമ്പനികളും ബാലെ ട്രൂപ്പുകളുമൊക്കെ രൂപംകൊണ്ടു. കല തൊഴിലായി സ്വീകരിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. ഒരു നൂറ്റാണ്ടിനപ്പുറം സിനിമ എന്ന സാങ്കേതിക കലാമാധ്യമത്തിന്റെ വരവോടെ അപ്രതീക്ഷിതമായ ഔന്നത്യത്തിലേയ്ക്ക് കലാകാരന്റെ ജീവിതം ഉയർന്നു. എല്ലാ കലകളുടെയും കൈവഴികൾ സിനിമയെന്ന മഹാനദിയിലൂടെ ചേർന്നൊഴുകിയപ്പോൾ ചലച്ചിത്രശാഖയ്ക്കു സമാന്തരമായി ഇതര കലാരൂപങ്ങൾ വളർന്നുകൊണ്ടിരുന്നു. അങ്ങനെ സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകത്തിന്റെ ചുവടുപിടിച്ചുകൊണ്ട് കേരളത്തിന്റെ കലാരംഗം ലോകഭൂപടത്തിൽ സവിശേഷമായ അടയാളമായി നിലകൊള്ളുകയാണ്.

> ഉൽസവങ്ങളുടെ സീസൺ വന്നതോടെ കേളിയുടെ അംഗങ്ങളുടെ മനസ്സിൽ വാദ്യമേളത്തിന്റെ താളവും രാഗവും മാത്രമേയുള്ളൂ. വേദികളിൽനിന്നും വേദികളിലേയ്ക്കുള്ള പ്രയാണത്തിനിടയിൽ കുടുംബ പ്രാരാബ്ധങ്ങൾക്ക് തൽക്കാലത്തേയ്ക്ക് വിട.



**ജെസി നാരായണൻ**

ഒരു വിഭാഗം ജനങ്ങളുടെ സാമ്പത്തികസ്രോതസ് എന്ന നിലയിൽ പച്ചപിടിച്ചുനിൽക്കുന്ന ഇന്നത്തെ കലാസംരംഭങ്ങളുടെയെല്ലാം ഉള്ളറകളിലേയ്ക്ക് കടന്നുചെന്നാൽ ഒരു കാര്യം മനസ്സിലാവും. അതിപ്രശസ്തരായ ഏതാനും കലാകാരന്മാരൊഴികെ ബാക്കിയുള്ളവരെല്ലാം കലാതൊഴിലാളികളാണ്. സിനിമയോ നാടകമോ ഗാനമേളയോ എന്തുതന്നെയാകട്ടെ, ലാഭം ഒഴുകുന്നത് കമ്പനിയുടെ ഉടമസ്ഥന്റെ പോക്കറ്റിലേക്കു മാത്രമാണ്. ഒരുവന്റെ സർഗ്ഗവാസനയെ മറ്റൊരാൾ കറൻസിയാക്കുന്ന ചിത്രമാണ് എവിടെയും. എന്നാൽ ഇതിന് കടകവിരുദ്ധമായാണ് കുടുംബശ്രീയുടെ സാംസ്കാരികസംരംഭങ്ങളുടെ കടന്നുവരവ്. മറ്റെല്ലാ സംരംഭക യൂണിറ്റിനെയുംപോലെതന്നെ ഇവിടെയും അംഗങ്ങളെല്ലാവരും ലാഭവിഹിതം തുല്യമായി പങ്കുവയ്ക്കുന്ന തൊഴിലുടമകളാണ്. കലയെ ഉപജീവനമാക്കിക്കൊണ്ട് സംരംഭങ്ങൾ രൂപീകരിച്ച നാല് കുടുംബശ്രീ വനിതാ യൂണിറ്റുകൾ കേരളത്തിലുണ്ട്. കൂടാതെ, യുവശ്രീ എന്ന പദ്ധതിപ്രകാരം രൂപീകരിച്ച പുരുഷന്മാരുടെ സാംസ്കാരിക യൂണിറ്റുകൾ പല ജില്ലകളിലുമുണ്ട്. പഞ്ചവാദ്യവും ശിങ്കാരിമേളവുമാണ് ഇത്തരത്തിൽ കുടുംബശ്രീയുടെ സംരംഭനിരയിലേയ്ക്ക് കടന്നുവന്ന കലാരൂപങ്ങൾ.

തിരുവനന്തപുരം, തൃശൂർ, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽനിന്നുള്ള സ്ത്രീകളുടെ പഞ്ചവാദ്യ-ശിങ്കാരിമേള സംരംഭകർ ഇപ്പോൾ കേരളത്തിനകത്തും പുറത്തുമുള്ള വേദികളിൽ ശ്രദ്ധേയ സാന്നിധ്യമായി മാറിയിരിക്കുകയാണ്. കാലാകാലങ്ങളായി പുരുഷന്മാർ മാത്രം തിളങ്ങിനിന്ന ഒരു മേഖലയിലേയ്ക്കാണ് സ്ത്രീകൾ കടന്നുവന്നിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. ഈ അപൂർവ്വതകൾതന്നെയാണ് പുതുമ ഇഷ്ടപ്പെടുന്ന കലാസ്വാദകർക്കിടയിലേയ്ക്ക് ഇവർ ക്ഷണിക്കപ്പെടാനുള്ള കാരണവും. ഉൽസവസീസൺ എത്തുന്നതോടെ ഇവർക്ക് ഇടവേളകളില്ലാതാവുന്നു. വേദികളിൽനിന്ന് വേദികളിലേയ്ക്ക് ക്ഷണിക്കപ്പെടുമ്പോൾ കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന്റെ കിരീടത്തിലേയ്ക്ക് കുടുംബശ്രീ വനിതകൾ പുതിയൊരു തൂവൽ ചാർത്തുകയാണ്.

കോട്ടയത്തെ കുമരനല്ലൂർ ഗ്രാമപഞ്ചായത്തിൽനിന്നുള്ള കേളി വനിതാ ശിങ്കാരിമേളക്കാർക്ക് ഇപ്പോൾ എട്ട് സെറ്റ് യൂണിഫോമുണ്ട്. ഒരേ വേദിയിൽ പലവട്ടം പ്രത്യക്ഷപ്പെടുമ്പോൾ മാറിമാറി അണിയാനാണത്രേ ഇത്. പല നിറങ്ങളുള്ള സാരിയും ഓവർകോട്ടുമാണ് യൂണിഫോം. ഇതിൽ കേരളീയ വേഷമായ സെറ്റും മുണ്ടുമാണ് ഏറ്റവും കൂടുതൽ ഉപയോഗിക്കാറെന്ന് കേളിയുടെ ലീഡർ ലാലി ഷാജി പറയുന്നു. ജാതി-സമുദായഭേദമില്ലാതെ ഒരു മതേതരസംഘമായാണ് കേളി പ്രവർത്തിക്കുന്നത്. സ്ത്രീകളായതുകൊണ്ട് ഉൽസവപരിപാടികളിൽനിന്ന് മാറ്റിനിർത്തുന്ന പ്രശ്നവും ഇവർക്ക് നേരിടേണ്ടിവരുന്നില്ല. എങ്കിലും അശുദ്ധത്തിന്റെ നാളുകളിൽ ശ്രീകോവിലനടുത്തുനിന്ന് സ്വമേധയാ മാറിനിന്ന് മേളം നടത്താൻ ഇവർ ശ്രദ്ധിക്കാറുണ്ട്.

അഞ്ചു ചെണ്ടയും അഞ്ച് ഇലത്താളവും അഞ്ച് വീക്കൻചെണ്ടയുമുപയോഗിച്ചുള്ള വാദ്യമേളമാണ് കേളിയുടെ ശിങ്കാരിമേളത്തിന് കൊഴുപ്പുകൂട്ടുന്നത്. സംഗീതത്തിനുപോലും ശരീരഭാഷയ്ക്ക് പ്രസക്തിയേറിയ പുതിയ ട്രെന്റിനൊപ്പം പുതിയ ചുവടുകൾ പരിശീലിക്കാൻ ഇവർ സദാ ജാഗ്രത കാണിക്കുന്നുണ്ട്. ഒരേ താളത്തിൽ ചുവടുവച്ച് മുന്നോട്ടും പിന്നോട്ടും ചലിക്കുന്ന സ്ത്രീകളുടെ ഈ വാദ്യഘോഷപരിപാടി കർണ്ണാനന്ദകരവും ഒപ്പം നയനാനന്ദകരവുമാണ്. പഞ്ചവാദ്യത്തിനേക്കാൾ കൂടുതൽ വേഗതയുള്ള ചുവടുവയ്പാണ് ശിങ്കാരിമേളത്തിനെന്നാണ് ലാലി പറയുന്നത്.

2007-ലാണ് കുമരനല്ലൂർ പഞ്ചായത്തിലെ താളബോധമുള്ള ഏതാനും സ്ത്രീകളെ ഒരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് കേളി എന്ന സംരംഭത്തിന് തുടക്കമിട്ടത്. ലീനാ ജോൺ, ജയാ സുരേന്ദ്രൻ, ബിന്ദു സുരേഷ്, രമണി ബാബു തുടങ്ങിയവർക്കൊപ്പം പതിനഞ്ചുപേരാണ് ഗ്രൂപ്പിൽ ഉണ്ടായിരുന്നത്. എന്നാൽ കുടുംബപരമായ പ്രശ്നങ്ങളിൽനിന്ന് വിടുതി ലഭിക്കാത്ത ചിലർ ഇടയ്ക്കു വച്ച് കൊഴിഞ്ഞുപോയി. ഇപ്പോൾ കേളിയിലുള്ള പന്ത്രണ്ട് സ്ത്രീകളും വീട്ടമ്മമാരാണ്. കുടുംബവും തൊഴിലും ഒരുപോലെ മാനേജ്ചെയ്യാൻ ഏറെക്കുറെ ഇവർ ശീലിച്ചുകഴിഞ്ഞു.

ചിങ്ങവനം കൃഷ്ണൻകുട്ടി ആശാന്റെ കീഴിൽ പത്തു മാസത്തെ പരിശീലനം നേടിയശേഷമായിരുന്നു അരങ്ങേറ്റം. കുമരകത്ത് ടൂറിസത്തിനുവേണ്ടി കേരള സർക്കാർ സംഘടിപ്പിച്ച വേദിയിലാണ് അരങ്ങേറ്റം നടന്നത്. ഒരു ലക്ഷം രൂപ വായ്പയെടുത്തുകൊണ്ട് ആരംഭിച്ച സംരംഭത്തിന് 50 ശതമാനം സബ്സിഡിയും ലഭിച്ചു. ഒരാൾക്ക് ചെലവെല്ലാം കഴിഞ്ഞ് ഒരു പരിപാടിക്ക് 500 രൂപ ലഭിക്കത്തക്കവിധത്തിലാണ് ഫീസ് നിർണയിക്കുന്നത്. അങ്ങനെ 365 ദിവസത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും 500 രൂപ വീതം വരുമാനമുള്ളവരായി കേളിയുടെ അംഗങ്ങൾ മാറിയിരിക്കുന്നു. കേരളത്തിനു പുറത്ത് സ്ഥലങ്ങൾ കാണാനുള്ള അവസരം ഇവർക്കു ലഭിക്കുന്ന ബോണസായി കണക്കാക്കാം. കഴിഞ്ഞവർഷം മുംബെയിൽ കേളിക്ക് മലയാളി അസോസിയേഷൻ ഒരു ഡസനോളം വേദികളൊരുക്കിക്കൊടുത്തിരുന്നു. ദില്ലിയിൽ സർക്കാർ അതിഥികളായി ശിങ്കാരിമേളം അവതരിപ്പിക്കാനും ഇവർക്ക് അവസരം ലഭിച്ചു.




> തിരുവനന്തപുരം, തൃശൂർ, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽനിന്നുള്ള സ്ത്രീകളുടെ പഞ്ചവാദ്യ-ശിങ്കാരിമേള സംരംഭകർ ഇപ്പോൾ കേരളത്തിനകത്തും പുറത്തുമുള്ള വേദികളിൽ ശ്രദ്ധേയ സാന്നിധ്യമായി മാറിയിരിക്കുകയാണ്. കാലാകാലങ്ങളായി പുരുഷന്മാർ മാത്രം തിളങ്ങിനിന്ന ഒരു മേഖലയിലേയ്ക്കാണ് സ്ത്രീകൾ കടന്നുവന്നിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

തൃശൂരിലെ പഞ്ചവാദ്യസംഘത്തിന് വിദേശപരിപാടികൾക്ക് പോകാനുള്ള ഭാഗ്യവും ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ സംഘത്തിൽ വിദ്യാർത്ഥിനികളായതിനാൽ അവധിദിവസങ്ങളിൽ മാത്രമേ പരിപാടികൾ നടത്താറുള്ളൂ. കഴിഞ്ഞ ഓണാഘോഷത്തിന് നഗരത്തിൽ നടന്ന ഘോഷയാത്രയിൽ വിദ്യാർത്ഥിനികളുടെ ഈ സംഘം കാണികളുടെ മനംകവർന്നു.

കേരളത്തിന്റെ സാംസ്കാരികരംഗത്തിന് ഒരു തിലകച്ചാർത്തായി മാറിയിരിക്കുന്ന കുടുംബശ്രീയുടെ പഞ്ചവാദ്യ-ശിങ്കാരിമേള സംരംഭങ്ങളുടെ മുന്നിൽ മൽസരത്തിന്റെ മാർക്കറ്റില്ല. ഒരു കാലഘട്ടം ഇവരെ സ്വാഗതം ചെയ്തുകഴിഞ്ഞു. പൊതുധാരയിൽനിന്ന് മാറിനിന്ന് വേറിട്ട പാത കണ്ടെത്തി എന്നതാണ് ഈ സാംസ്കാരിക സംരംഭകരുടെ വിജയം.


*ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്*

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചുവരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.



മുരളീധരൻ തഴക്കര







# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

കേരളീയ ജീവിതത്തിൽ ചില ഫലവൃക്ഷങ്ങൾ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇപ്പോൾ തെങ്ങാണ് സ്മരണയിൽ വരുക. പറയാൻ പോകുന്നത് പ്ലാവിനെക്കുറിച്ചാണ്. അടിതൊട്ട് അറ്റത്തോളം പ്രയോജനപ്പെടുത്തുന്ന വൃക്ഷമാണത്. ഇലയും, ഫലവും, തടിയും വേരുമെല്ലാം ഭക്ഷണത്തിനും പാർപ്പിടത്തിനും ഉപയോഗപ്പെടുന്ന കല്പവൃക്ഷം. 'പനസം' എന്നു സംസ്കൃതം–സ്തുതിക്കപ്പെടുന്നത് എന്നർത്ഥം. പ്ലാവിന്റെ ഗുണാതിരേകമാവാം ഈ വാക്കിന്റെ പിറവിക്കു പിന്നിൽ. ആഹാരമായും ഔഷധമായും ജീവിത സഹചാരിയായും പ്ലാവ് നമ്മോടൊപ്പമുണ്ട്.

കമുകും അങ്ങനെതന്നെ സാധാരണക്കാരന്റെ പാർപ്പിട നിർമ്മാണത്തിനും നിത്യോപയോഗ വസ്തുക്കളുടെ നിർമ്മാണത്തിനും കമുക് വളരെയധികം പ്രയോജനപ്പെടുന്നു.

ഐശ്വര്യത്തിന്റെയും മംഗളത്തിന്റെയും പ്രതീകമാണ് മലയാളിയെ സംബന്ധിച്ച് കമുകിൽ നിന്നും കിട്ടുന്ന അടയ്ക്ക. ഏതൊരു മംഗളകർമ്മത്തിലും മുതിർന്നവരുടെ അനുഗ്രഹം വാങ്ങുമ്പോൾ വെറ്റിലയോടൊപ്പം അടക്കയും ഉപയോഗിക്കുന്നത് കേരളീയമായ ഒരു ചിരപുരാതന സമ്പ്രദായമാണ്. കമുകിനെ പ്ലാവിനും തെങ്ങിനുമൊപ്പം ഉപയോഗത്തിന്റെ കാര്യത്തിൽ താരതമ്യം ചെയ്യാനാവില്ലെങ്കിലും ഒപ്പം നിർത്തി ഈ പദകോശത്തിൽ പരിഗണിക്കാം.

## പ്ലാവുമായി ബന്ധപ്പെട്ട മൊഴിമുത്തുകൾ

**1. പോട്ട പൊട്ടുക**

പ്ലാവിൽ ചക്ക പിടിക്കുന്ന ആദ്യ പരുവത്തിനാണിങ്ങനെ പറയുന്നത്. ധാരാളമായി പോട്ട പൊട്ടുമെങ്കിലും അവയെല്ലാം ചക്കയായി മാറില്ല. ഏറിയ പങ്കും കറുത്ത് വാടി കൊഴിഞ്ഞുപോകും.

**2. ഇടിച്ചക്ക**

ചക്കക്കുള്ളിൽ കുരു ഉറയ്ക്കുന്നതിന് മുമ്പുള്ള അതായത് പിഞ്ചു പരുവത്തിലുള്ള ചക്കയാണിത്. ഏറ്റവും പുറമേയുള്ള കരിമുള്ളു ചെത്തി കളഞ്ഞശേഷം ഇടിച്ചക്ക സമൂലം അരിഞ്ഞു തോരൻ വെയ്ക്കും. ഇതാണ് ഏറെ സ്വാദിഷ്ടമായ ഇടിച്ചക്കത്തോരൻ.

**3. കൊത്തച്ചക്ക**

പൂർണ്ണമായും വിളഞ്ഞ് പാകമെത്താത്ത ഏതാണ്ട് പകുതി വിളഞ്ഞ ചക്കയ്ക്കാണ് കൊത്തച്ചക്ക എന്ന് പറയുന്നത്. ഇതിന്റെ ചുളയും കുരുവും മറ്റും ശരിയായി വേവുകയുമില്ല.



**പ്ലാവ്**

ശാസ്ത്രീയ നാമം – *ആർട്ടോ കാർപ്പസ് ഹിറ്ററോഫില്ലസ്സ്*
(
സസ്യകുടുംബം – *മൊറേസിയേ* (
സമുദ്രനിരപ്പിൽ നിന്നും 1000 മീറ്റർവരെ ഉയരത്തിൽ വളരും.
സാധാരണ നാടൻ ഇനങ്ങൾക്കൂടാതെ മുട്ടം വരിക്ക, സിംഗപ്പൂർ അഥവാ ശ്രീലങ്കൻ എന്ന പ്ലാവിനവുമുണ്ട്.
'പനസം' എന്നാണ് സംസ്കൃതത്തിൽ ചക്കയെ പറയുന്നത്.
'കണ്ടകി ഫലം' എന്നും പേരുണ്ട്–മുള്ളുള്ള ഫലം എന്നാണ് അർത്ഥം.
ഹിന്ദിയിൽ കട്ട്ഹൽ എന്നാണ് പറയുന്നത്. ഇത് ദേവവൃക്ഷമാണ്.
ഇതിന്റെ കാതലാണ് ഹോമ–പൂജാദികൾക്ക് ഉപയോഗിക്കുന്നത്.



**4. കൂഴ**

ചക്കയിൽ കൂഴയും വരിക്കയുമുണ്ട്. കൂഴച്ചക്കയേക്കാൾ എപ്പോഴും പ്രീയം വരിക്കയ്ക്കാണ്. വരിക്ക ചക്കയുടെ ചുള കൂഴയെ അപേക്ഷിച്ച് ദൃഢവും തൊടവുമുള്ളതാണ്. "അയാൾ ആളൊരു കൂഴയാണ്"എന്ന ഒരു ശൈലി തന്നെയുണ്ടല്ലോ.

**5. ചകിണി**

ചക്കച്ചുളയെ പൊതിഞ്ഞ് ചക്കക്കുള്ളിൽ നിറഞ്ഞുനിൽക്കുന്ന ചകിണി ഒരു നല്ല കാലിത്തീറ്റയാണ്. ചില പ്ലാവിലെ ചക്കയിൽ ചുളയെക്കാൾ കൂടുതൽ ചകിണിയായിരിക്കും. ചില ഇനങ്ങളുടെ ജനിതക സ്വഭാവമാണിത്.





**6. ചക്കക്കുഞ്ഞ്**

ചക്കയുടെ നടുവിലായുള്ള മാംസളമായ ഭാഗമാണിത്. ചുളയും ചകിണിയുമെല്ലാം ഇതിൽ പറ്റിച്ചേർന്നാണ് നില്ക്കുന്നത്. ഇതിന് കുഞ്ഞ് എന്നാണ് മധ്യതിരുവിതാംകൂർ ദേശങ്ങളിൽ പറയുന്നത്. പച്ചചക്കയുടെ കുഞ്ഞ് ചെറുതായി കഷ്ണങ്ങളാക്കി അരിഞ്ഞ് ഇറച്ചിവെയ്ക്കുന്നതുപോലെ തോരൻ വെച്ചാൽ അത് വളരെ സ്വാദിഷ്ഠമായ ഒരു വിഭവമായിരിക്കും.

**7. ചക്കവരട്ടി**

നല്ലതുപോലെ പാകമായ വരിക്കചക്കയുടെ ചുള കൊത്തിയരിഞ്ഞ് ഓട്ടുരുളിയിലിട്ട് ചെറുതീയിൽ കുഴമ്പു പരുവത്തിലും പിന്നീട് നൂൽ പരുവത്തിലും വരട്ടിയെടുക്കുന്ന ഒരു ചക്കവിഭവമാണിത്. ഇത് ശരിയായി അടച്ചുകെട്ടി സൂക്ഷിച്ചുവെച്ചാൽ ഏറെക്കാലം കേടുകൂടാതെയിരിക്കും. ചക്കയുടെ സീസൺ കഴിഞ്ഞാലും ഇത് തന്നെയും മറ്റ് പലഹാരങ്ങളിൽ ചേർത്തും ഉപയോഗിക്കാം.

**9. ചക്കക്കുരു**

ചക്കചുളയുടെ ഉള്ളിലാണ് ചക്കക്കുരു കാണുന്നത്. ഇത് ഉപയോഗിച്ച് തോരൻ, മെഴുക്കുവരട്ടി തുടങ്ങിയ രുചിയേറിയ വിഭവങ്ങൾ ഉണ്ടാക്കാം.

**10. ചക്കപൊട**

ചക്കക്കുരുവിനെ ആവരണം ചെയ്തിരുന്ന നേർത്ത ആവരണമാണിത്. ഇത് വറുത്ത് ഉപ്പേരിയായി ഉപയോഗിക്കാറുണ്ട്.

**11. ചക്കമുളഞ്ഞി**

ചക്ക മുറിക്കുമ്പോൾ ഉണ്ടാകുന്ന പാൽ വെള്ളനിറത്തിലുള്ള കറയാണിത്.

## കമുകുമായി ബന്ധപ്പെട്ട മൊഴിമുത്തുകൾ

**1. പാള**

കമുക് ഓലയുടെ തായ്ത്തടിയെ പൊതിഞ്ഞു നില്ക്കുന്ന ഭാഗമാണിത്. പാള പല ആവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്നു. പ്രസവാനന്തരം കൊച്ചു കുഞ്ഞുങ്ങളെ കുളിപ്പിക്കുന്നത് പാളയിൽ കിടത്തിയായിരുന്നു. "നിന്നെ പാളയിൽ കിടക്കുമ്പോഴേ എനിക്കറിയാം" എന്നത് ഈ രീതിയിലുണ്ടായ ഒരു പ്രയോഗമാണ്. പാള കോട്ടിയാണ് കിണറ്റിൽ നിന്നും വെള്ളം കോരിയിരുന്നത്. ഉണങ്ങിയ പാള വലിയ അരക്കുട്ടയുടെ ചുവട്ടിൽ വരിഞ്ഞുറപ്പിച്ച് കുട്ടയ്ക്ക് ബലം കൂട്ടുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. ഉണങ്ങിയ പാള തീയെരിക്കുന്നതിനും നല്ലതാണ്. പാളയ്ക്ക് തീ പിടിക്കുമ്പോൾ നല്ല ശബ്ദത്തോടു കൂടിയത് പൊട്ടുന്നത് കേൾക്കാം. പ്ലാസ്റ്റിക്കിന് പകരമായി ഇപ്പോൾ പാളകൊണ്ട് പലവിധ പാത്രങ്ങളുണ്ടാക്കി ഉപയോഗിക്കുന്നുണ്ട്.

**2. തണുങ്ങ്**

"ഇന്നലെ ഞാനൊരു ചപ്നം കണ്ടേ പാള പഴുത്ത് തണുങ്ങോടെ വീണേ." ഈ നാടൻ പാട്ടിന്റെ വരികളിലും പാളയും തണുങ്ങുമെല്ലാം പരാമർശിക്കുന്നുണ്ട്. ഉണങ്ങിയ പാളയോടുകൂടിയുള്ള കമുകിന്റെ ഓലയ്ക്കാണ് തണുങ്ങെന്ന് പറയുക. തീയെരിക്കുന്നതിനും ഇത് മുറിച്ചു കെട്ടി ചൂലുണ്ടാക്കുന്നതിനും ഉപയോഗിച്ചിരുന്നു.

**3. ചമ്പൻ**

പകുതിമൂപ്പെത്തിയ അടയ്ക്കായാണ്

**കമുക്**

ശാസ്ത്രീയ നാമം - *അരിക്ക കറ്റേച്ചു* (

സസ്യകുടുംബം-*അരിക്കസിയെ പാംമ* (

ഇംഗ്ലീഷിൽ-*അരിക്കാപാം*, സംസ്കൃതത്തിൽ-*അകോട്ട, ഛാദ്രഫല*

തമിഴിൽ-*കമുഹു, പാക്കു*, കന്നഡയിൽ-*അഡികെ*, ഹിന്ദിയിൽ-*സുപാരി*

മലയൻ ദ്വീപ സമൂഹത്തിലെ പ്രത്യേകിച്ച് സുമാത്രയിലെ പൂർവ്വിക വൃക്ഷമായിരുന്നു കമുകെന്ന് കരുതുന്നു. ദക്ഷിണേന്ത്യയിലെ ഉഷ്ണമേഖലാപ്രദേശങ്ങളാണ് കമുകിന്റെ ജന്മദേശമെന്നും അഭിപ്രായമുണ്ട്. പൊതുവേ ദുർബ്ബലവും വണ്ണം കുറഞ്ഞതുമായ ഈ ഒറ്റത്തടിവൃക്ഷം ഏകദേശം 18 മുതൽ 30 മീറ്റർവരെ പൊക്കത്തിൽ വളരുന്നു. അനുകൂലമായ കാർഷിക സാഹചര്യങ്ങളിൽ 60–80 വർഷം വരെ ആദായം ലഭിക്കും. മംഗള, സുമംഗള, ത്രിമംഗള, മോഹിത്നഗർ തുടങ്ങിയവ കമുകിന്റെ വിളപ്പൊലിമയാർന്ന ഇനങ്ങളാണ്. തോട്ടമടിസ്ഥാനത്തിൽ കമുക് കൃഷി ചെയ്യുന്നത് പ്രധാനമായും വടക്കൻകേരളത്തിലാണ്. എന്നാൽ ദക്ഷിണ കേരളത്തിലാകട്ടെ ഒരു മൂട് കമുകെങ്കിലുമില്ലാത്ത വീട്ടുവളപ്പുകൾ ചുരുക്കമായിരിക്കും.



ചമ്പൻ. ചില ഔഷധക്കൂട്ടുകൾ, ചായങ്ങൾ, സുഗന്ധപാക്ക് എന്നിവയുടെയൊക്കെ നിർമ്മാണത്തിന് ഇതുപയോഗിച്ചിരുന്നു. ചമ്പൻ പറിക്കുന്നതിനായി കച്ചവടക്കാർ വീടുകളിൽ വരുമായിരുന്നു. അവരുതന്നെ കമുകിൽ കയറി ചമ്പൻ പറിച്ചെടുക്കുമായിരുന്നു. എണ്ണം കണക്കാക്കിയാണ് ചമ്പന് വില നിശ്ചയിച്ചിരുന്നത്.

**4. കൊട്ടപാക്ക്**

പഴുത്ത അടയ്ക്ക വെയിലത്ത് നന്നായി ഉണക്കി പുറം തോടുമാറ്റിയെടുക്കുന്നതിനെ കൊട്ടപാക്ക് എന്നാണ് പറയുക. ഇത് എത്രകാലവും കേടുകൂടാതെയിരിക്കും. സുഗന്ധമുറുക്കാനും മറ്റും തയ്യാറാക്കുന്നതിന് (സുപ്പാരി) ഇത് ഉപയോഗിച്ചിരുന്നു.

**5. വെള്ളത്തിലിട്ട പാക്ക്**

നാലുംകൂട്ടി മുറുക്കുക എന്നാണല്ലോ പറയുക, ഇതിൽ വെറ്റയും ചുണ്ണാമ്പും





പുകയിലയും പാക്കുമാണ് ചേരുവ. പഴുക്കാ പാക്ക് ചേർത്ത് മുറുക്കുന്നതിനാണ് എല്ലാവർക്കും താല്പര്യം. എന്നാൽ ചില സീസണിൽ പഴുക്കാ പാക്ക് ലഭ്യമല്ലാത്ത സാഹചര്യമുണ്ടാകും. ഈ സമയത്തേയ്ക്ക് പഴുക്കാ പാക്ക് വലിയ ഭരണിയിലും, കുടത്തിലും വെള്ളം നിറച്ച് അതിലിട്ട് അടച്ചുകെട്ടി സൂക്ഷിക്കും. ഇതിനെ വെള്ളത്തിലിട്ട പാക്ക് എന്നാണ് പറയുക.

**6. അലക്**

നല്ലതുപോലെ വിളഞ്ഞ് മൂപ്പെത്തിയ കമുകിന്റെ തായ്ത്തടി മുറിച്ചെടുത്ത് ഉണക്കിയെടുക്കുന്നതാണ്. ഇത് ചെത്തി കൂർപ്പിച്ചെടുക്കുന്നതാണ് 'വാരിക്കുന്തം'. പുന്നപ്ര-വയലാർ സമരത്തിലും മററും 'വാരിക്കുന്തം' ഒരു പ്രധാന ആയുധമായിരുന്നല്ലോ. കാർഷിക പണിയായുധങ്ങളായ തൂമ്പ, കുന്താലി, കൈക്കോട്ട് എന്നിവയുടെ പിടിയായി അതായത് കൈയ്യായി കമുകിന്റെ അലകാണ് ഉപയോഗിക്കുന്നത്. പനയുടെ തടിയും ഈ



ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നു.

**7. കമുകിൻ പൂക്കുല**

കമുകിന്റെ ഏറ്റവും വിശിഷ്ടമായ ഭാഗമാണിത്. ചെറിയ അല്ലികളായി ഒരു ഘനം കുറഞ്ഞ പുറം ചട്ടയ്ക്കുള്ളിലായാണ് കമുകിന്റെ പൂക്കുല കാണുക. ഇവ ക്രമേണ പുറം ചട്ട പൊട്ടിവിരിഞ്ഞാണ് അതിലെ കുരുന്ന് അരികൾ അടയ്ക്കയായി മാറുന്നത്. സർപ്പപൂജ, സർപ്പബലി, കളമെഴുത്തും പാട്ടും, എന്നിവയ്ക്കെല്ലാം തന്നെ കമുകിൻ പൂക്കുലയും, പച്ചപാള കോട്ടിയതും കൂടിയേ തീരൂ. പടയണി കോലങ്ങളുണ്ടാക്കുന്നതിനു പച്ച പാള ഏറെ പ്രധാനമാണ്.

**8. തിലായിപ്പിൽ (ത്ലാപ്പ്)**

തെങ്ങിലും കമുകിലും മറ്റും കയറുന്നതിനായാണ് ഇതുപയോഗിക്കുന്നത്. വാഴയുടെ കനമുള്ള വള്ളിയും, വഴുകവാട്ടിയെടുത്ത് പിരിച്ചും തിലായിപ്പിൽ ഉണ്ടാക്കുന്നു. ഇത് രണ്ട് കാലിലുമായി ഇട്ടാണ് തെങ്ങിലും കമുകിലും കയറുന്നത്. 'കമുകിനും, തെങ്ങിനും ഒരേ തിലായിപ്പിൽ പോരാ' എന്നത് ഭാഷയിലെ ഒരു പ്രയോഗമാണ്.

*(തുടരും)*

*ലേഖകൻ*
*തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*







ഡോ. തോമസ് വർഗ്ഗീസ്

# വാർദ്ധക്യകാല അസ്ഥിരോഗങ്ങളും പരിചരണവും

ഇന്ത്യയിൽ 8 കോടിയിൽപ്പരം വൃദ്ധജനങ്ങൾ ഉണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുന്നതനുസ്സരിച്ച് വൃദ്ധജനങ്ങളുടെ എണ്ണം കൂടി വരുന്നു. കേരളത്തിൽ പുരുഷന്മാരുടെ ശരാശരി ആയുസ്സ് 72 നു മുകളിലും സ്ത്രീകളുടേത് 75 ന് മുകളിലുമാണ്. ആയുർദൈർഘ്യം വർദ്ധിക്കുന്നതനുസരിച്ച് വൃദ്ധജന രോഗങ്ങളും കൂടിവരുന്നു. വൃദ്ധജനങ്ങളുടെ പരിപാലനത്തിൽ കേരളം പിന്നോക്കമാണ്. വാർദ്ധക്യസഹജമായ രോഗങ്ങൾ എല്ലാ അവയവങ്ങളെയും ബാധിക്കുന്നുണ്ടെങ്കിലും അവരുടെ ചികിത്സയിൽ വേണ്ട ശ്രദ്ധ കിട്ടുന്നില്ല. എല്ലുകളെ ബാധിക്കുന്ന രോഗങ്ങൾ പ്രായമേറിയവരിൽ കൂടുതൽ ബുദ്ധിമുട്ട് ഉളവാക്കുന്നു.

പ്രധാനമായും രണ്ടുരീതികളിലാണ് എല്ലുകളിലും സന്ധികളിലും രോഗം ബാധിക്കുന്നത്.

1. *ഓസ്റ്റിയോപോറോസിസ്*
   എല്ലിന്റെ ബലം കുറയുക
2. *ഓസ്റ്റിയോ ആർത്രോസിസ്*

സന്ധികൾക്ക് തേയ്മാനം ഉണ്ടാവുക

**ഓസ്റ്റിയോപോറോസിസ്**

വാർദ്ധക്യകാലത്ത് എല്ലിന്റെ വളർച്ച നിൽക്കുകയും ബലം കുറയുകയും ചെയ്യുന്നു. എല്ലുകളിൽ നിന്നും കാൽസിയം നഷ്ടപ്പെട്ട് സുഷിരങ്ങൾ കൂടുന്നതനുസരിച്ച് എല്ലുകളുടെ ബലം ക്ഷയിച്ച് ഒടിവിനുള്ള സാദ്ധ്യത കൂടുന്നു.

സ്ത്രീകളിൽ മാസമുറ നിന്നതിനു ശേഷം വർദ്ധിച്ചതോതിൽ ഈ രോഗം കാണുന്നു. നട്ടെല്ലിലെ കശേരുക്കൾ, ഇടുപ്പെല്ല്, വാരിയെല്ല്, തുടയെല്ലിന്റെ കഴുത്തു ഭാഗം, കൈപ്പത്തിയുടെ എല്ലുകൾ, കൈയ്യിലെ എല്ലുകളുടെ അഗ്രം എന്നിവയെയാണ് ഓസ്റ്റിയോപോറോസിസ് പ്രധാനമായും ബാധിക്കുന്നത്. എല്ലുകൾ ഒടിയുന്നതിനു സാധ്യത എല്ലാവർക്കും ഉണ്ടെങ്കിലും സ്ത്രീകളിൽ അത് രണ്ടിരട്ടി കൂടുതലാണ്. ശരീരത്തിന്റെ ഉയരം കുറയുന്നതിനും നടുവേദനയ്ക്കും ഇടയുണ്ട്.



**കാരണങ്ങൾ**

ശരിയായ കാരണം കണ്ടെത്തുവാൻ പ്രയാസമാണ്. കാൽസിയം ) അടങ്ങിയ ഭക്ഷണം കഴിക്കാതിരിക്കുന്നവരിൽ രോഗം വരാനുള്ള സാദ്ധ്യത ഏറെയാണ്. സ്ത്രീകളിൽ മാസമുറ നേരത്തേ നിന്നു പോവുക, മെലിഞ്ഞ ശരീരഘടന, ചലനം കുറഞ്ഞ ജീവിത ശൈലി, വ്യായാമ കുറവ് കുടുംബ പാരമ്പര്യം, മാനസിക പ്രശ്നങ്ങൾ എന്നിവയൊക്കെ ഓസ്റ്റിയോപോറോസിസ് ഉണ്ടാകാൻ ഇടയാകുന്നു.

ലൈംഗിക ഹോർമോണുകൾ കുറയുന്ന രോഗങ്ങൾ തൈറോയിഡ് ഗ്രന്ഥിയിൽ നിന്നുള്ള ഹോർമോണുകളുടെ അമിതോൽപാദനം, പാരാതൈറോയിഡ് ഗ്രന്ഥികളിൽ നിന്നുള്ള ഹോർമോണിന്റെ അമിത ഉൽപാദനം, പ്രമേഹം, അമിത മദ്യപാനം, സ്റ്റിറോയ്ഡ് ( ) മരുന്നുകളുടെ ദീർഘകാല ഉപയോഗം, എല്ലുകളെ ബാധിക്കുന്ന കാൻസർ രോഗങ്ങൾ, സന്ധികളെ ബാധിക്കുന്ന റുമറ്റോയിഡ് ആർത്രൈററിസ് ചലനക്കുറവ് എന്നീ രോഗാവസ്ഥക ളൊക്കെ ഓസ്റ്റിയോപോറോസിസ് ഉണ്ടാക്കും.


**ലക്ഷണങ്ങൾ**

സന്ധിവേദനകൾ, പേശിവേദന, എല്ലുകൾക്ക് ബലക്കുറവ്മൂലം നട്ടെല്ലുഭാഗത്ത് വളവ്, എല്ലുകളിൽ ഒടിവ്, ചലനശേഷിക്കുറവ്.

**പരിശോധനകൾ**

എക്സ്റേ കമ്പ്യൂട്ടറൈസ്ഡ്

ടോമോഗ്രാഫി




**ചികിത്സ**

എല്ലുകൾ ഒടിയുമ്പോൾ ഉറപ്പിച്ചു നിർത്തുന്ന തരത്തിലുള്ള ശസ്ത്രക്രിയ നടത്താം. (പ്രത്യേകിച്ചും തുടയെല്ലിന്റെ ഒടിവിന്)

**മരുന്നുകൾ**

കാൽസ്യയം വൈറ്റമിൻ ഡി എന്നിവ രോഗം തടയാനായി ഉപയോഗിക്കുന്നു. വേദന കുറയ്ക്കാനായി വേദനസംഹാരികളും ഉപയോഗിക്കാം. കൂടാതെ മാസമുറ നിന്ന സ്ത്രീകളിൽ ഈസ്ട്രജൻ-പ്രൊജസ്റ്ററോൺ മരുന്നുകൾ ഡോക്ടറുടെ ഉപദേശപ്രകാരം കഴിക്കാം. നടക്കുവാൻ ബുദ്ധിമുട്ടുള്ളവർ ഊന്നുവടി ഉപയോഗിക്കുന്നത് നല്ലതാണ്. ചെറിയ തോതിൽ തിരുമ്മൽ, ചെറിയ വ്യായാമം എന്നിവയാകാം. പ്രോട്ടീനും, കാത്സിവും കൂടുതലുള്ള ഭക്ഷണക്രമവും ആകാം. പാൽ, തൈര്, ചീസ് കടൽ മത്സ്യം എന്നിവ ധാരാളമായി കഴിക്കണം.

**പ്രായമേറിയവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

എല്ലുകൾക്ക് ബലക്ഷയം ഉണ്ടാക്കുന്ന മരുന്നുകൾ കഴിക്കരുത്. വീഴ്ച കഴിവതും ഒഴിവാക്കണം. എല്ലുകൾ പൊട്ടാൻ പാടില്ല. പൊട്ടികഴിഞ്ഞാൽ ചികിത്സ വളരെ പ്രയാസമാണ്. (എല്ലുകൾ ചേരുന്നതിന് താമസം ഉണ്ടാകും) വൃക്കകളിൽ കല്ലുകൾ ഉള്ള രോഗികൾ നിർദ്ദേശപ്രകാരമല്ലാതെ കാൽസ്യയം അടങ്ങിയ മരുന്ന് കഴിക്കരുത്.

വലിയ ഭാരമുള്ള വസ്തുക്കൾ എടുക്കുകയോ വലിക്കുകയോ തള്ളുകയോ ചെയ്യരുത്.

വീഴാൻ സാധ്യതയുള്ള പ്രവർത്തികളിൽ ഏർപ്പെടരുത്. വീടിന്റെ മുറികളിൽ അമിതമിനുസമുള്ള ഉപയോഗിക്കുന്നത് വൃദ്ധജനങ്ങൾക്ക് വീഴ്ചയുണ്ടാക്കാൻ ഇടയാകും. കുളിമുറിയിൽ ഇടുന്നത് വൃദ്ധജനങ്ങൾക്ക് വീഴ്ച ഉണ്ടാകുന്നത് തടയാം.

നടത്തം, നീന്തൽ എന്നിങ്ങനെയുള്ള വ്യായാമങ്ങൾ നല്ലതാണ്. എല്ലുകൾ ബലം വയ്ക്കാൻ ഇത് സഹായകമാണ്.

നടുവിന് സമ്മർദ്ദം കുറയ്ക്കുന്നതിന് റബ്ബർഹീലുള്ള ചെരുപ്പ് ഉപയോഗിക്കുന്നതു നന്നാണ്.

പടികളിലും കുളിമുറിയിലും പിടുത്തം കിട്ടുന്ന രീതിയിൽ അഴികൾ പിടിപ്പിക്കുന്നതു വൃദ്ധജനങ്ങൾക്ക് നല്ലതാണ്.

റെയിൽവേസ്റ്റേഷൻ, ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയ സ്ഥലങ്ങളിലെ അമിതമിനുസമുണ്ടാകുന്ന റ്റൈയിൽസ് ഉപയോഗിക്കുന്ന തറകൾ വൃദ്ധജനങ്ങൾക്ക് ഹാനികരമാണ്. അത്തരം ഇടങ്ങളിൽ ഊന്നുവടിയോ പരസഹായമില്ലാതെയോ ഈ രോഗികൾ പോകാൻ പാടില്ല.

ഈ രോഗത്തെ സംബന്ധിച്ച് യാഥാർത്ഥ്യം അംഗീകരിക്കുവാനും പരിമിതികളുള്ള ജീവിതശൈലിയുമായി പൊരുത്തപ്പെടുവാനുമുള്ള ഒരു മനോഭാവവും രോഗിക്കു വേണം. വൃദ്ധജനങ്ങളെ കൂടുതൽ കരുതലോടെ ശ്രദ്ധിക്കുവാനും സംരക്ഷിക്കുവാനും ബാധ്യതയുള്ള ഒരു സമൂഹമായി നാം മാറേണ്ടിയിരിക്കുന്നു.

*ലേഖകൻ*
*നഗരകാര്യവകുപ്പിലെ ആരോഗ്യ വിഭാഗം*
*ജോയിന്റ് ഡയറക്ടറാണ്*





ലേഖന പരമ്പര - 14

റോയ് ചാക്കോ ഇളമണ്ണൂർ

# തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ

കേരളവുമായി താരതമ്യം ചെയ്യുമ്പോൾ ചൂടും പൊടിക്കാറ്റും ഏറെയുള്ള ഒരു അയൽ സംസ്ഥാനമാണ് തമിഴ്നാട്. ഏപ്രിൽ, മെയ്, ജൂൺ, മാസങ്ങളിൽ നല്ല ചൂടാണവിടെ. കൊല്ലം ജില്ലയിലെ തെന്മല, ആര്യങ്കാവ് പ്രദേശങ്ങൾ കഴിഞ്ഞാൽ ചെങ്കോട്ട, തെങ്കാശി ഏരിയ ആണ്. ഇവിടങ്ങളിൽ വലിയ ചൂട് അനുഭവപ്പെടാറില്ലെങ്കിലും ജില്ലാ ആസ്ഥാനമായ തിരുനെൽവേലിയിലേയ്ക്ക് ഈ സമയത്ത് യാത്ര ചെയ്യുമ്പോൾ ചൂടിന്റെ കാഠിന്യം ശരിക്കും അനുഭവപ്പെടും. 'അഗ്നിനക്ഷത്ര' സമയം എന്ന് ഏറ്റവും ചൂടുള്ള സീസണെ വിശേഷിപ്പിക്കുന്നു. സഹ്യപർവ്വത നിരകളിൽ നിന്നുള്ള നീരൊഴുക്ക് മൂലം തിരുനെൽവേലി, തൂത്തുക്കുടി ജില്ലകളിലൂടെ ഒഴുകുന്ന 'താമ്രപർണി' നദി ഒരിക്കലും വറ്റി വരളാറില്ല എന്ന പ്രത്യേകത ഉണ്ട്. അതുകൊണ്ട് തന്നെ അംബാസമുദ്രം, തിരുനെൽവേലി, തൂത്തുക്കുടി എന്നിവിടങ്ങളിലെല്ലാം കഠിനമായ വേനൽക്കാലത്തും ജലവിതരണം മുടങ്ങാറില്ല. തിരുനെൽവേലി നഗരത്തിന്റെ മധ്യത്തിലൂടെ 'താമ്രപർണി' നദി കടന്നുപോകുന്നു. കേരളത്തിലെ ഒരു പുഴപോലെ സാമാന്യം ചെറിയ ഒരു പുഴയാണിത്. എന്നാൽ ഇന്ത്യയിലെ ഗംഗ, ബ്രഹ്മപുത്ര, മേഘന, കൃഷ്ണ, ഗോദാവരി, മഹാനദി തുടങ്ങിയ 12 മഹാനദികളുടെ വീതി ചിലയിടങ്ങളിൽ കിലോമീറ്ററുകളോളം വരും. ഉത്തർപ്രദേശിലൂടെ ഒഴുകുന്ന നദികളുടെ മൊത്തം നീളം 31000 കിലോമീറ്ററാണ്. ഇപ്രകാരം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് ഈ സംസ്ഥാനം. (ഉത്തർപ്രദേശ് വിഭജിച്ച് ഉത്തരാഞ്ചൽ രൂപീകരിക്കുന്നതിന് മുൻപുള്ള കണക്കാണിത്) ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ ഉള്ളത്. ഏറ്റവും കൂടുതൽ കിണറുകൾ കേരളത്തിലും. കേരളത്തിൽ ഒരു ചതുരശ്ര കിലോമീറ്ററിൽ 250 കിണർ ഉണ്ടെന്നാണ് കണക്ക്. ഗ്രാമങ്ങളിൽ ഭൂരിഭാഗം വീടുകൾക്കും കിണറുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ കിണറുകളുള്ള സംസ്ഥാനം കേരളമാകാനാണു സാധ്യത. ഇങ്ങനെയുള്ള ഇവിടെയും വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്. അപ്പോൾ മഴകുറവുള്ള മറ്റു സംസ്ഥാനങ്ങളിലെ അവസ്ഥ എന്തെന്നു ചിന്തിക്കാവുന്നതല്ലേയുള്ളു.

തമിഴ്നാട്ടിൽ ചില സ്ഥലങ്ങളിൽ ആഴ്ചകളോളം ജലവിതരണം മുടങ്ങാറുണ്ട്. ഭൂമി കുഴിച്ചാൽ വെള്ളമില്ല. നദികൾ വരളുന്നു. മഴ മാസങ്ങളായി പെയ്യുന്നുമില്ല. ഈ അവസ്ഥയിൽ എവിടെനിന്ന് ജലം എത്തിക്കും.?

വെള്ളത്തിന്റെ വില എന്തെന്ന് ഇവിടുത്തുകാർ അറിയുന്നുണ്ട്. തമിഴ്നാട്ടിലെ 102 മുനിസിപ്പാലിറ്റികളിൽ മഹാഭൂരിഭാഗവും പൊതുജല വിതരണ സമ്പ്രദായത്തെയാണ് ആശ്രയിക്കുന്നത്. ഇവിടങ്ങളിൽ വേനൽക്കാലത്ത് പൊതുപൈപ്പുകൾക്കു മുൻപിൽ മണിക്കൂറുകളോളം ജനം കാത്തുനിൽക്കുന്നത് പതിവാണ്. മനുഷ്യന് കാത്തുനില്ക്കുവാൻ ബുദ്ധിമുട്ടുണ്ടാകുമ്പോൾ അടയാളമായി കുടങ്ങൾ കൊണ്ടുനിരത്തും. പൊതുപൈപ്പുകൾക്കു മുൻപിൽ വിവിധ നിറങ്ങളിലുള്ള പ്ലാസ്റ്റിക് കുടങ്ങളുടെ നിരകൾ ദയനീയവും സുന്ദരവുമായ കാഴ്ചയാണ്. വിവിധ നിറത്തിലും ഒരേ ആകൃതിയിലുമുള്ള കുടങ്ങളുടെ നിരയാണ് കാഴ്ചയ്ക്ക് സൗന്ദര്യം നൽകുന്നത്. എന്നാൽ ഒരു കുടം വെള്ളത്തിനായി മണിക്കൂറുകളോളം

കാത്തിരിക്കുന്ന ജനങ്ങളുടെ ദുരിതത്തെപ്പറ്റിയോർക്കുമ്പോൾ അത് വേദനാജനകമാണ്.

ഭൂമിയിൽ ലഭിക്കുന്ന മഴവെള്ളം ഒഴുക്കികളയാതെ മണ്ണിലേയ്ക്കു തന്നെ ഇറക്കിവിട്ട് മണ്ണിലെ ഉറവ നിലനിർത്താനായി ഗവൺമെന്റ് ആവിഷ്ക്കരിച്ച ഒരു വൻ ജനകീയ നടപടിയാണ് മഴക്കുഴികൾ. സാധുക്കൾക്ക് ടെലിവിഷൻ സൗജന്യമായി കൊടുക്കുക, 2 രൂപയ്ക്ക് അരി വിതരണം ചെയ്യുക, വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ബസ്സിൽ പൂർണ്ണ യാത്രാസൗജന്യം നൽകുക തുടങ്ങിയ വൻജനപ്രിയ പദ്ധതികൾ നടപ്പിലാക്കി പ്രസിദ്ധിനേടിയിട്ടുള്ള തമിഴ്നാട്ടിലെ ഒരു പ്രധാന ആസൂത്രണ പദ്ധതിയായിരുന്നു 4 വർഷം മുൻപ് അന്നത്തെ ഗവൺമെന്റ് നടപ്പിലാക്കിയ മഴക്കുഴി നിർമ്മാണം. തമിഴ്നാട്ടിലെ എല്ലാ വീടുകളിലും മഴക്കുഴി നിർമ്മിച്ചേ പറ്റൂ. അല്ലെങ്കിൽ വൈദ്യുതി, കുടിവെള്ള കണക്ഷൻ എന്നിവ വിച്ഛേദിക്കുമെന്ന് ഗവൺമെന്റ് കർശന മുന്നറിയിപ്പ് നൽകി. മഴക്കുഴി നിർമ്മിക്കുവാൻ എല്ലാവർക്കും സാവകാശവും നൽകി. വീടിനോട് ചേർന്ന് നിശ്ചിത നീളത്തിലും വീതിയിലും താഴ്ചയിലും കുഴികൾ നിർമ്മിച്ച് ടെറസിൽ വീഴുന്ന മഴവെള്ളത്തെ ഈ കുഴിയിൽ എത്തിക്കണം. വെള്ളം അങ്ങനെ മണ്ണിൽതന്നെ എത്തുന്നു. ഒഴുകിപോയി പാഴാവുന്നില്ല. കുഴിയിൽ മെറ്റൽ നിരത്തി വൃത്തിയായി ഇടുന്നു.

ഈ നിയമം തമിഴ്നാട്ടിലെ എല്ലാ ഭവനങ്ങളും പാലിച്ചു. ഇതിന്റെ പിന്നിൽ അന്നത്തെ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യം തന്നെയായിരുന്നു. ഒപ്പം ഗവൺമെന്റ് നിയമങ്ങളെ അല്പം ഭയത്തോടെ അനുസരിക്കാനുള്ള തമിഴരുടെ മനോഭാവവും സഹകരണവും. നിയമലംഘകർക്ക് ശിക്ഷ ലഭിക്കും എന്ന നടപടിക്രമവും അവിടെ ഇത്തരം പൊതുകാര്യങ്ങൾ വിജയകരമായി പൂർത്തീകരിക്കുവാൻ സഹായിക്കുന്നു. തമിഴ്മാസമായ ആവണിയിലാണ് മഴ പെയ്യുന്നത്. ആവണിമാസക്കാലമായ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ മഴ കഴിഞ്ഞാൽ പിന്നെ നല്ല മഴയ്ക്കുവേണ്ടി ഒരു വർഷം കാത്തിരിക്കണം. ഈ മഴക്കാലത്ത് മാത്രം ഉപയോഗപ്രദമാകുന്ന മഴക്കുഴി നിർമ്മാണം തമിഴ്നാട്ടിൽ വൻവിജയമായിരുന്നു.

തിരുനെൽവേലി നഗരത്തെ താമ്രപർണി നദി രണ്ടായി വിഭജിക്കുന്നു. ടൗൺ എന്നറിയപ്പെടുന്ന പഴയ തിരുനെൽവേലി ഭാഗം, പഴയ ബസ് സ്റ്റാന്റ് , റെയിൽവെ സ്റ്റേഷൻ എന്നിവയെല്ലാം ഒരു ഭാഗത്ത്. പുതിയ ബസ് സ്റ്റാന്റ്, ഗവ.ഓഫീസുകൾ, വലിയ റസിഡൻഷ്യൽ ഏരിയകൾ, മെഡിക്കൽ കോളേജ്, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജുകൾ തുടങ്ങിയവ ഉൾപ്പെടുന്ന ഭാഗം മറ്റൊരു വശത്ത്. കേരളത്തിലെ പുനലൂരിൽ നിന്നും വരുമ്പോൾ ആദ്യം തിരുനെൽവേലി ടൗൺഭാഗത്താണ് എത്തുക. നെല്ലൈയ് ക്ഷേത്രം, വ്യാപാരകേന്ദ്രങ്ങൾ, വലിയ മാർക്കറ്റ് എന്നിവയെല്ലാം ഇവിടെയാണ്. എന്നാൽ കേരളത്തിലെ പാറശ്ശാല ഭാഗത്തുനിന്നും വരുമ്പോൾ (നാഗർകോവിൽ വഴി) ആദ്യം പുതിയ ബസ് സ്റ്റാന്റിൽ എത്തും. പഴയ തിരുനെൽവേലിയിൽ (ടൗൺ ഭാഗം) പോകാതെ തന്നെ മധുര, തൂത്തുക്കുടി, തിരുച്ചെന്തൂർ, അംബാസമുദ്രം എന്നീ പ്രദേശങ്ങളിലേയ്ക്ക് തിരുനെൽവേലി പുതിയ ബസ് സ്റ്റാന്റിൽ നിന്നും യാത്രയാകാം.

താമ്രപർണി നദിയാണ് തിരുനെൽവേലി കോർപ്പറേഷനെ രണ്ടായി വിഭജിക്കുന്നത്. ജില്ലാ കളക്ടറേറ്റ്, പ്രസിദ്ധമായ അരവിന്ദ് കണ്ണാശുപത്രി എന്നിവയൊക്കെ നദിയുടെ തീരത്താണ്. ഈ നദിക്ക് കേരളവുമായി ബന്ധമുള്ളതിനാൽ ജൂണിൽ കുറ്റാലം ഭാഗത്ത് (തെന്മല, ആര്യങ്കാവ് ഭാഗത്ത്) മഴ പെയ്യുമ്പോൾ നദിയിൽ വരൾച്ച ഉണ്ടാകാതെ എന്നും ഒഴുകുന്ന പുഴയായി താമ്രപർണി ജീവിക്കുന്നു. നെടുമങ്ങാട് അഗസ്ത്യാർകൂടം പ്രദേശങ്ങളിൽ മഴ ലഭിക്കുമ്പോൾ മലയുടെ അക്കരെയുള്ള തമിഴ്നാട്ടിലെ താമ്രപർണി നദിക്ക് അതൊരു അനുഗ്രഹമാകും. അങ്ങനെ തമിഴ്നാട്ടിലെ വരണ്ട വേളയായ ജൂണിലും താമ്രപർണി മറ്റ് നദികളെപ്പോലെ വറ്റാറില്ല. തിരുനെൽവേലി, തൂത്തുക്കുടി ജില്ലകളിലെ കൃഷി താമ്രപർണിയെ ആശ്രയിച്ചാണ്. ചില സീസണുകളിൽ.

തമിഴ്നാട്ടിൽ പ്രകൃതിദത്തമായ ധാരാളം വലിയ വിശാലമായ മഴക്കുഴികളുണ്ട്. നമുക്കവയെ വലിയ ജലസംഭരണി



തമിഴ്നാട്ടിൽ പ്രകൃതിദത്തമായ ധാരാളം വലിയ വിശാലമായ മഴക്കുഴികളുണ്ട്. നമുക്കവയെ വലിയ ജലസംഭരണികൾ എന്ന് വിശേഷിപ്പിക്കാം.



തിരുനെൽവേലി ക്ഷേത്രം

കൾ എന്ന് വിശേഷിപ്പിക്കാം. താണപ്രദേശങ്ങളിൽ വെള്ളം കെട്ടിക്കിടക്കാൻ മാത്രമുപയോഗിക്കുന്ന ഈ വിശാലമായ കുളങ്ങൾ കൃഷിക്കും കന്നുകാലികൾക്കുമെല്ലാം വലിയൊരനുഗ്രഹമാണ്. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം മാസങ്ങളോളം ഇവിടെ കെട്ടിക്കിടക്കും. പെട്ടെന്ന് വെള്ളം താണുപോകാത്ത അവസ്ഥയിലുള്ള മണ്ണ് ആയതിനാൽ പെട്ടെന്ന് ഇത്തരം പ്രകൃതിദത്തമായ ജലസംഭരണികൾ വരളുന്നുമില്ല. ഇത്തരം മിക്ക ജലസംഭരണികളുടെയും അടിത്തറ പാറയായിരിക്കും. തിരുനെൽവേലി നഗരത്തിൽ (തിരുനെൽവേലി ടൗൺ പ്രദേശത്ത്) ഇത്തരം വിശാലമായ ഒരു കുളമുണ്ട്. ഏകദേശം മൂന്നാലേക്കർ വിസ്തൃതി വരുമെന്നു തോന്നുന്നു. സെന്റിന് ലക്ഷക്കണക്കിന് രൂപ വിലയുള്ള ഇടമായിരുന്നിട്ടും ഇതു നികത്തി കെട്ടിടം പണിയാനുള്ള ദുർബുദ്ധി ആർക്കുമില്ല. യഥാർത്ഥത്തിൽ അതൊരു കുളമല്ല. താണ ഒരു പ്രദേശം കുളമായി രൂപാന്തരപ്പെടുകയാണ്. വർഷത്തിൽ രണ്ടുമൂന്നു മാസം മാത്രമേ ഇത് വറ്റി വരളാറുള്ളൂ. ഈ കുളത്തിൽ നിന്ന് നേരിട്ട് വെള്ളം കുടിക്കാനും മറ്റും ഉപയോഗിക്കുന്നില്ലെങ്കിലും കന്നുകാലികൾക്കും വാഹനം കഴുകാനുമൊക്കെ ഉപയോഗിക്കാറുണ്ട്. ഭൂമിയിലെ ഉറവ നിലനിർത്താൻ വേണ്ടി മാത്രമാണ് നഗരത്തിലെ ഈ ജലാശയം സംരക്ഷിക്കുന്നതെന്നു തോന്നുന്നു. ഇവിടുത്തെ ഭരണകൂടവും ജനങ്ങളും ജലത്തിനു നൽകുന്ന മൂല്യം, തമിഴ്നാട്ടിലെ ആറാമത്തെ വലിയ കോർപ്പറേഷനായ തിരുനെൽവേലി നഗരത്തിന്റെ മധ്യത്തിലുള്ള വിശാലമായ ഈ 'വെള്ളക്കെട്ട്' സംരക്ഷിക്കുന്നതിൽ നിന്ന് വ്യക്തമാണ്.

*(തുടരും)*

*ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്*





# വാർത്തകളും വിശേഷങ്ങളും

## കൂറുമാറ്റം: ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് അയോഗ്യത

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. രാജ്പ്രകാശിനെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ പി. കമാൽകുട്ടി അയോഗ്യനാക്കി. ബ്ലോക്ക് പഞ്ചായത്തിലെ മറ്റൊരംഗമായ ഡി. ഭാനുദേവൻ നൽകിയ ഹർജിയിലാണ് ഉത്തരവ്. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ എൽ.ഡി.എഫിനും യു.ഡി.എഫിനും ഏഴു സീറ്റ് വീതമാണ് ലഭിച്ചത്. നറുക്കെടുപ്പിലൂടെ കോൺഗ്രസ് അംഗം പ്രസിഡന്റായി. പിന്നീട്, പ്രസിഡന്റിനെതിരെ എൽ.ഡി.എഫ് കൊണ്ടുവന്ന അവിശ്വാസപ്രമേയത്തെ കോൺഗ്രസ് അംഗമായിരുന്ന സി. രാജ് പ്രകാശ് അനുകൂലിക്കുകയും, എൽ.ഡി.എഫ് പിന്തുണയോടെ ബ്ലോക്ക് പ്രസിഡന്റാവുകയും ചെയ്തു. കോൺഗ്രസ് ടിക്കറ്റിൽ ജയിച്ചശേഷം അതേ പാർട്ടിയിലെ അംഗമായ പ്രസിഡന്റിനെതിരെ എതിർപക്ഷത്തോടൊപ്പം ചേർന്നു വോട്ടുചെയ്ത നടപടി കൂറുമാറ്റവും, രാഷ്ട്രീയ സദാചാരത്തിനു നിരക്കാത്ത നടപടിയുമാണെന്ന് വിലയിരുത്തിയാണ് രാജ് പ്രകാശിനെ കമ്മീഷണർ അയോഗ്യനാക്കിയത്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കണം

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ അപൂർണ്ണ വിവരങ്ങളുള്ള കുടുംബങ്ങളെ കണ്ടെത്തി അനുബന്ധഫാറം പൂരിപ്പിച്ച് കുടുംബവിവരം പൂർണ്ണമാക്കി അംഗത്വം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചു. കുടുംബശ്രീ ലഭ്യമാക്കിയ ബി.പി.എൽ. പട്ടികയിൽ വിശദവിവരങ്ങൾ വിട്ടുപോയതിനാൽ ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം നേടാനാവാത്തവരെക്കൂടി പദ്ധതിയിൽ ചേർക്കാനാണിത്. ഇപ്പോൾ അംഗത്വം ചേർക്കുന്ന പഞ്ചായത്തുകളിൽ ഗൃഹനാഥനെ മാത്രം ചേർത്ത് സ്മാർട്ട് കാർഡ് നൽകുകയും അനുബന്ധ ഫാറം പൂരിപ്പിച്ച് വാങ്ങുകയും വേണം. ഈ കുടുംബങ്ങൾക്കായി തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ കുടുംബാംഗങ്ങളെ ചേർക്കാൻ സൗകര്യം ഒരുക്കണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

## കുടുംബശ്രീ വിലയിരുത്തൽ സമിതി: മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

കുടുംബശ്രീ വിലയിരുത്തൽ സമിതി രൂപീകരണവും പ്രവർത്തനങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവായി. കുടുംബശ്രീ വിലയിരുത്തൽ സമിതി രൂപീകരിക്കാൻ അതത് തദ്ദേശഭരണ സമിതി നേതൃത്വം നൽകണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കോർപ്പറേഷൻ മേയർ/ നഗരസഭ ചെയർപേഴ്സൺ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ് സമിതി അദ്ധ്യക്ഷൻ. സി.ഡി.എസ്. ചെയർപേഴ്സൺ സമിതി സെക്രട്ടറിയും സി.ഡി.എസ്. മെമ്പർ സെക്രട്ടറി കൺവീനറുമാണ്. ഗ്രാമ പഞ്ചായത്തിൽ 25ഉം നഗരസഭാ/കോർപ്പറേഷനിൽ 40 ആണ് സമിതിയുടെ പരമാവധി അംഗസംഖ്യ. സി.ഡി.എസ്. ഭരണസമിതിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട അഞ്ചിൽ കവിയാത്ത വനിതാ ജനപ്രതിനിധികളും സമിതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം. സി.ഡി.എസ് നടപ്പാക്കുന്ന വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ, തദ്ദേശഭരണ സമിതി അംഗീകരിച്ച കർമ്മപദ്ധതിപ്രകാരം സമയബന്ധിതമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തുകയും പോരായ്മകൾ ചൂണ്ടിക്കാണിച്ച് പരിഹാരനിർദ്ദേശങ്ങൾ ലഭ്യമാക്കുകയുമാണ് വിലയിരുത്തൽ സമിതിയുടെ പ്രധാന കർത്തവ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി പ്രവർത്തനങ്ങളുമായി കുടുംബശ്രീ സി.ഡി.എസ് പ്രവർത്തനങ്ങളെ വിലയിരുത്തൽ സമിതി ഏകോപിപ്പിക്കും. സമിതി മൂന്നുമാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും യോഗം ചേരണമെന്നും ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

## അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു

അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായി. വർക്കർമാരുടെ പ്രതിമാസ ഓണറേറിയം 500 രൂപയും ഹെൽപ്പർമാരുടേത് 250 രൂപയും വീതമാണ് വർദ്ധിപ്പിച്ചത്. 2008 ഏപ്രിൽ ഒന്നുമുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധന ലഭിക്കും. സംസ്ഥാനത്ത് 32,115 അംഗൻവാടികളാണുള്ളത്. ഇവിടെ ജോലിചെയ്യുന്ന 64,230 ജീവനക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. പ്രതിമാസം രണ്ടര കോടി രൂപയാണ് ഇതുവഴി ജീവനക്കാർക്ക് അധികമായി ലഭിക്കുന്നത്. ത്രിതല പഞ്ചായത്തുകൾ ഏൽപിക്കുന്ന മറ്റ് പ്രവർത്തനങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ഓണറേറിയം തുടർന്നും ലഭിക്കും.

### പഞ്ചായത്തംഗത്വം റദ്ദാക്കിയ നടപടി ശരിവച്ചു

ഗ്രാമപഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗത്തിൽ തുടർച്ചയായി ഹാജരാകാതിരുന്നതിന് തിരുവനന്തപുരം കരിങ്കുളം പഞ്ചായത്തംഗം പുഷ്പം സൈമന്റെ അംഗത്വം റദ്ദാക്കിയ നടപടി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ശരിവച്ചു. സ്റ്റാന്റിംങ് കമ്മിറ്റി യോഗത്തിൽ ഹാജരായില്ലെന്ന കാരണത്താൽ പഞ്ചായത്ത് രാജ് നിയമത്തിലെ 35(കെ) വകുപ്പനുസരിച്ച് അംഗത്വം നഷ്ടപ്പെട്ടതായി പുഷ്പം സൈമനു പുറമേ പഞ്ചായത്തംഗങ്ങളായ ആന്റണി, സിസിലി മാത്യു എന്നിവർക്കും സെക്രട്ടറി അറിയിപ്പു നൽകിയിരുന്നു. പഞ്ചായത്ത് സെക്രട്ടറിയുടെ നോട്ടീസിലെ പിഴവുകൾ ചൂണ്ടിക്കാട്ടി ആന്റണി, സിസിലി മാത്യു എന്നിവരുടെ അംഗത്വം കമ്മീഷൻ ഇടക്കാല ഉത്തരവിലൂടെ പുനഃസ്ഥാപിച്ചിരുന്നു. വിചാരണയിൽ പുഷ്പം സൈമണ് നൽകിയ നോട്ടീസിൽ സാങ്കേതിക പിഴവുണ്ടെന്ന് കണ്ടെത്തിയെങ്കിലും, അദ്ദേഹം വിദേശത്ത് താമസിക്കുന്നതിന് രേഖാമൂലം തെളിവു ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അയോഗ്യതാ നടപടി ശരിവച്ചത്. എന്നാൽ മറ്റു രണ്ടംഗങ്ങൾക്ക് നൽകിയ നോട്ടീസിലെ പിഴവുകൾ കണക്കിലെടുത്ത് അവർക്കെതിരെയുള്ള നടപടി റദ്ദാക്കുകയും കോടതിച്ചെലവായി 1000 രൂപ നൽകാൻ പഞ്ചായത്തിന് കമ്മീഷൻ നിർദ്ദേശം നൽകുകയും ചെയ്തു.

### അവധി അനുവദിക്കുന്നതിൽ നിയന്ത്രണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നഗരകാര്യം, പഞ്ചായത്ത്, ഗ്രാമവികസനം, നഗര ഗ്രാമാസൂത്രണം തുടങ്ങിയ വകുപ്പുകളിലെ ജീവനക്കാർക്ക് ജനുവരി മുതൽ ഏപ്രിൽ 15 വരെ ദീർഘകാല അവധി അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. ജീവനക്കാരുടെ അഭാവം മൂലം പദ്ധതി പ്രവർത്തനവും നികുതി പിരിവും കാര്യക്ഷമമായി നടത്തുന്നതിന് പ്രയാസം നേരിടുമെന്ന് കണ്ടതിനാലാണ് അവധി അനുവദിക്കുന്നതിൽ താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയത്.

### ജില്ലാ ആസൂത്രണ സമിതി അംഗീകൃത ഭവന പദ്ധതികൾ ഈ വർഷം നടപ്പാക്കാം

2008-09 വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ഭവന പദ്ധതികൾ നടപ്പാക്കാമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു. പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇ.എം.എസ്. ഭവന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ തടസമാവില്ല. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കുലറിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പുവർഷം (2008-09) പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള വിഹിതം ഭൂരഹിതർക്ക് വീട് വയ്ക്കാൻ സ്ഥലം അനുവദിക്കുന്നതിനായി വിനിയോഗിക്കുന്നതിന് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചിത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കണ്ടെത്തുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ പതിവ് രീതിയിൽ ഭവന രഹിതരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും അവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2008-09 വാർഷിക പദ്ധതിയിൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി എന്ന പേരിലോ അല്ലാതെയോ ഏറ്റെടുത്ത എല്ലാ ഭവന നിർമ്മാണ പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച രീതിയിൽ നടപ്പാക്കും. മുൻവർഷം തയ്യാറാക്കിയ ലിസ്റ്റിൽ ഗുണഭോക്താക്കൾ അവശേഷിക്കുന്നില്ലെങ്കിൽ അംഗീകൃത പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകുന്നതിനുള്ള ഗുണഭോക്താക്കളെ, വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം തിരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് നടപ്പാക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള ഭവന പദ്ധതികൾ ആവശ്യമെങ്കിൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ ജനുവരി ഒന്നിലെ മാർഗനിർദ്ദേശങ്ങൾ പ്രകാരം പുനഃക്രമീകരിക്കാമെന്നും മന്ത്രി അറിയിച്ചു.

### ദേശീയ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം-പാലക്കാട് ജില്ലയ്ക്ക് ദേശീയ അംഗീകാരം

ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മികച്ച സംഘാടനത്തിനുള്ള അവാർഡ് പാലക്കാട് ജില്ലയ്ക്ക് ലഭിച്ചു. ഇൻഡ്യയിലെ 13 സംസ്ഥാനങ്ങളിൽ നിന്നുള്ള 22 ജില്ലകളെയാണ് അവാർഡിനായി തെരഞ്ഞെടുത്തിരിക്കുന്നത്. 17 സംസ്ഥാനങ്ങളിൽ നിന്നുള്ള 47 ജില്ലകളിലെ പ്രവർത്തനം വിലയിരുത്തികൊണ്ടാണ് അവാർഡിനുള്ള അർഹത നിശ്ചയിച്ചത്. ന്യൂഡൽഹിയിൽ നടക്കുന്ന എൻ.ആർ.ഇ.ജി.എ. സമ്മേളനത്തിൽ ജില്ലാ കളക്ടർ അവാർഡ് സ്വീകരിക്കും. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മികച്ച സംഘാടനത്തിലൂടെ ദേശീയതലത്തിൽ അംഗീകാരം നേടിയ പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും തദ്ദേശഭരണ മന്ത്രി പാലോളി മുഹമ്മദ്കുട്ടി അഭിനന്ദിച്ചു. ഇതര ജില്ലകൾക്കും ഈ പ്രവർത്തനം മാതൃകയാകട്ടെ എന്ന് മന്ത്രി പ്രത്യാശിച്ചു.

# പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളാണ് അവയെ ശക്തിപ്പെടുത്തുക

## വിഭവ സമാഹരണം സമഗ്ര ഗ്രാമ വികസനത്തിന്



ഗ്രാമ വികസനത്തിന്റെ ചാലകശക്തി
ജനപങ്കാളിത്തവും
പഞ്ചായത്തുകളുടെ സമ്പത്തുമാണ്

വിഭവ സമാഹരണത്തിന്
പഞ്ചായത്തുകളുമായി സഹകരിക്കുക!

പഞ്ചായത്തുകൾക്ക് നൽകേണ്ട
വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക!

ഗ്രാമവികസനത്തിൽ പങ്കാളിയാവുക!

**പിഴപലിശ, ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ ഒഴിവാക്കാൻ പഞ്ചായത്തുകളുമായി സഹകരിക്കുക**

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്